

ഗോസ്പൽ മെസഞ്ചർ
₹12
VOLUME XVII ISSUE 7 | OCTOBER 2026 | ക്രിസ്തീയ കുടുംബ മാസിക
"പച്ചയായ പുല്പുറങ്ങളിൽ അവൻ
എന്നെ കിടത്തുന്നു; സ്വസ്ഥതയുള്ള
വെള്ളത്തിന്നരികത്തേക്കു എന്നെ നടത്തുന്നു."
(സങ്കീർത്തനം 23:2)

# EDITORIAL

## അലറുന്ന സിംഹം



റവ. പി.വി. യാക്കോബ്

"**ദൈ**വം എന്നെ രക്ഷിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, അവൻ എന്നെ രക്ഷിക്കും. എനിക്ക് എന്തു സംഭവിച്ചാലും, നിങ്ങൾ യേശുവിലുള്ള നിങ്ങളുടെ വിശ്വാസം ഉപേക്ഷിക്കരുത്. എന്റെ ജീവൻ എടുത്താലും നമ്മുടെ കർത്താവ് നിങ്ങളെ പരിപാലിച്ചുകൊള്ളും." ജാർഖണ്ഡിൽ സുവിശേഷകനായിരുന്ന കാൻഡെ തന്റെ ഭാര്യ ബിന്ദിയോട് പറഞ്ഞ വാക്കുകളാണിത്. അന്ന് രാത്രി സുവിശേഷ വിരോധികൾ കാൻഡെയെ ഭവനത്തിൽനിന്നും വലിച്ചിഴച്ച് കൊണ്ടുപോയി; പിറ്റേന്ന് രാവിലെ അദ്ദേഹത്തിന്റെ മൃതദേഹം വഴിവക്കത്ത് കണ്ടെത്തി... ബിന്ദി ക്രിസ്തുവിൽ പോരാട്ടം തുടരുന്നു!

ക്രൈസ്തവർക്കുനേരെയുള്ള ആക്രമണം വളരെ വർദ്ധിച്ചുവരികയാണ്. ആരാധനാസ്ഥലങ്ങൾക്കും പ്രാർത്ഥനായോഗങ്ങൾക്കും ശുശ്രൂഷകർക്കും ആരാധനാലയങ്ങൾക്കും നേരെ ആസൂത്രിതമായ അക്രമങ്ങളും ഭീഷണികളും നടക്കുന്നു. പോലീസുകാർ അക്രമികളോട് ചേർന്നുനിന്ന് ഇരകളെ പ്രതികളാക്കി കേസ് എടുക്കുന്നു!

പശ്ചിമബംഗാളിൽ വർദ്ധിച്ചുവരുന്ന ക്രിസ്ത്യൻ വിരുദ്ധ അക്രമങ്ങളെക്കുറിച്ച് ബംഗാൾ ക്രിസ്ത്യൻ കൗൺസിൽ അംഗമായ ഹെറോഡ് മുള്ളിക് എഴുതുന്നു: "ആദ്യം ക്രിസ്ത്യാനികളെ അക്രമിക്കുകയും തുടർന്ന് നിർബന്ധിത മതപരിവർത്തനം ആരോപിച്ച് അവർക്കെതിരെ വ്യാജകേസുകൾ ഫയൽചെയ്യുകയും ചെയ്യുന്നു." പശ്ചിമബംഗാളിൽ പല ജില്ലകളിലും നടക്കുന്ന അക്രമങ്ങൾ സമാനതകൾ ഇല്ലാത്തവയാണ്. രാജസ്ഥാനും, ഉത്തർപ്രദേശും, ഛത്തീസ്ഗഡും ക്രൈസ്തവപീഡനത്തിൽ പിന്നിലല്ല. ഛത്തീസ്ഗഡിൽ നിരവധി ക്രൈസ്തവകുടുംബങ്ങൾ കുടിഒഴിപ്പിക്കപ്പെട്ടു.

പാക്കിസ്ഥാനിലെ ബലൂചിസ്ഥാൻ ക്രൈസ്തവരുടെ ശവപ്പറമ്പായി മാറിയിരിക്കുന്നു. ഇറാനിൽ അനേക ക്രൈസ്തവർ കൊല്ലപ്പെട്ടു; അനേകരെ പ്രോസിക്യൂട്ട്ചെയ്തു; അവിടുത്തെ ക്രിസ്ത്യൻ ചാനലുകൾ എല്ലാം നിരോധിച്ചു... ലോകത്തിന്റെ പ്രഭുവായ പിശാച് അലറുകയാണ്. അവൻ ദൈവജനത്തിന്റെ പ്രതിയോഗിയാണ്. വി. പത്രൊസ് എഴുതുന്നു: "നിങ്ങളുടെ പ്രതിയോഗിയായ പിശാചു അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്ന് തിരഞ്ഞു ചുറ്റിനടക്കുന്നു" (1 പത്രൊ: 5:8).

എന്നാൽ നമ്മുടെ കർത്താവ് സർവ്വശക്തനാണ്; 'രാജാധിരാജാവും കർത്താധികർത്താവും' എന്ന നാമമുള്ളവനാണ് (വെളി. 19:16). യെഹൂദാഗോത്രത്തിലെ സിംഹമാണ് (വെളി. 5:5).

അലറുന്ന സിംഹത്തിനു മുന്നിൽ ജീവൻ ഹോമിക്കപ്പെട്ട്, മഹാകഷ്ടത്തിൽനിന്നും വരുന്നവരെ ആദരിക്കുകയും, ക്രിസ്തുവിനോടുകൂടെ ഇരുത്തുകയും ചെയ്യുന്ന ഒരു ദിനമുണ്ട് (വെളി. 7:9–17); ആ സുദിനത്തിനായി കാത്തിരിക്കാം.

അലറുന്ന സിംഹത്തെ ഗന്ധകത്തീപ്പൊയ്കയിൽ തള്ളിയിടുന്ന മറ്റൊരു ദിനവും ഉണ്ട് (വെളി. 20:10). ദൈവം നമ്മെ അനുഗ്രഹിക്കട്ടെ. ■■■

# CONTENTS


03 ഭാരതസുവിശേഷീകരണത്തിന്റെ ആവശ്യം
ഡോ. വി. പി. മത്തായി വാലയിൽ

05 തന്നിലേക്കു തിരികെ വന്നപ്പോൾ
ഡോ. നെൽസൻ മാത്യു വാലയിൽ

07 കുടുംബബന്ധത്തിൽ ഊഷ്മളത – തിരസ്കരണത്തിൽ നിന്നുള്ള വിടുതലിലൂടെ
പ്രൊഫ. ജോൺ സഖറിയ

09 ആശയവിനിമയം: ഉത്തമമായ ജീവിത മാതൃക
ഡോ. നെൽസൺ അബ്രാഹം

11 രണ്ടു കാശിട്ട വിധവ
ലീലാമ്മ ഉമ്മൻ

13 തിമൊഥെയൊസ് – ചെറുപ്പത്തിൽ തന്നേ ദൈവത്തിനായി
സോജ ടോണി

15 വിശ്വാസത്തിന്റെ ചെറിയ വെളിച്ചം
ടീച്ചർ

25 ജ്ഞാനമോ, അതു നീങ്ങിപ്പോകും
സി.ജി. തോമസ്

- അഗ്നി അഗ്നിയെ ഉൽപ്പാദിപ്പിക്കുന്നു
- ന്യൂസ്
- ദൈനംദിന സഹായി
- ആരോഗ്യവിചാരം
- ബൈബിൾ ക്വിസ്
- അനുഭവസാക്ഷ്യം



EDITORIAL BOARD

PUBLISHER : Dr. V. P. Mathai Valayil
CHIEF EDITOR : Rev.P.V. Yacob
EXECUTIVE EDITOR : Rajan M Thomas
EDITOR : Baby George
MEMBERS : Dr. Nelson Mathew, Soja Tony, Alice Shajan, Sajitha M.S.



GOSPEL MESSENGER
E.G.M. OF INDIA
Allapra P.O, Allapra, Ernakulam Dist., Kerala 683556

egmofindia@gmail.com
8281616654

For Donation to Gospel Messenger



ഡയറക്ടറുടെ കത്ത്



ഡോ. വി.പി. മത്തായി
വാലയിൽ

# ഭാരതസുവിശേഷീകരണത്തിന്റെ ആവശ്യം

**അനേകർക്ക് ക്രിസ്തുവിന്റെ സുവിശേഷം ഒരിക്കലെങ്കിലും കേൾക്കാനുള്ള അവസരംപോലും ലഭിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഭാരതസുവിശേഷീകരണം ഒരു ഐച്ഛിക പ്രവർത്തനമല്ല; അത് ക്രിസ്തുവിന്റെ സഭയുടെ ദൈവിക ഉത്തരവാദിത്വമാണ്.**

“സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ” (മത്തായി 28:20).

ഇന്ത്യ വൈവിധ്യങ്ങളുടെ നാടാണ്. ഭാഷയിലും സംസ്കാരത്തിലും ജീവിതരീതികളിലും മതവിശ്വാസങ്ങളിലും വലിയ വൈവിധ്യം കാണുന്നു. എന്നാൽ ഈ വൈവിധ്യങ്ങൾക്കിടയിൽ ഒരു വലിയ ആത്മീയ യാഥാർത്ഥ്യം നാം തിരിച്ചറിയേണ്ടതുണ്ട്. യേശുക്രിസ്തുവിന്റെ സുവിശേഷം ഇനിയും അനേകം ജനവിഭാഗങ്ങളിലേക്കും പ്രദേശങ്ങളിലേക്കും ഹൃദയങ്ങളിലേക്കും പൂർണ്ണമായി എത്തിച്ചേർന്നിട്ടില്ല.

ലോകത്തിലെ ഏറ്റവും ജനസംഖ്യയുള്ള രാജ്യങ്ങളിലൊന്നായ ഇന്ത്യയിൽ കോടിക്കണക്കിന് ആളുകൾ ഇന്നും യേശുക്രിസ്തുവിനെ വ്യക്തിപരമായി അറിയാത്തവരാണ്. അനേകർക്ക് ക്രിസ്തുവിന്റെ സുവിശേഷം ഒരിക്കലെങ്കിലും കേൾക്കാനുള്ള അവസരംപോലും ലഭിച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഭാരതസുവിശേഷീകരണം ഒരു ഐച്ഛിക പ്രവർത്തനമല്ല; അത് ക്രിസ്തുവിന്റെ സഭയുടെ ദൈവിക ഉത്തരവാദിത്വമാണ്. യേശു തന്റെ ശിഷ്യന്മാരോട് അരുളിച്ചെയ്തു: “ആകയാൽ നിങ്ങൾ പുറപ്പെട്ടു, സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ” (മത്തായി 28:20).

ഈ കല്പന യെരുശലേമിൽ മാത്രം ഒതുങ്ങിയിരുന്നില്ല. അത് “സകലജാതികളിലേക്കും” പോകാനുള്ള ആഹ്വാനമായിരുന്നു. അതിനാൽ ഇന്ത്യയിലെ ഓരോ ഗ്രാമവും, നഗരവും, പട്ടണവും, ജനവിഭാഗവും സുവിശേഷത്തിന്റെ പരിധിയിൽ വരുന്നു.

സുവിശേഷീകരണം ദൈവത്തിന്റെ ഹൃദയത്തിലുള്ള പദ്ധതിയാണ്. ഭാരതസുവിശേഷീകരണത്തിന്റെ ഏറ്റവും വലിയ അടിസ്ഥാനം മനുഷ്യന്റെ ആഗ്രഹമല്ല, ദൈവത്തിന്റെ ഹൃദയമാണ്. “ദൈവം ലോകത്തെ സ്നേഹിച്ചു” എന്നാണ് യോഹന്നാൻ 3:16 പറയുന്നത്. ദൈവത്തിന്റെ സ്നേഹം ഒരു പ്രത്യേക ജനതയിലൊ ഭാഷയിലൊ രാജ്യത്തിലൊ മാത്രം ഒതുങ്ങുന്നതല്ല. ലോകം മുഴുവനും ദൈവത്തിന്റെ സ്നേഹത്തിന്റെ പരിധിയിലാണ്. 1 തിമൊഥെയൊസ് 2:4 പറയുന്നു: “അവൻ സകലമനുഷ്യരും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു.” ഇവിടെ “സകലമനുഷ്യരും” എന്ന വാക്ക് വളരെ പ്രധാനപ്പെട്ടതാണ്. ഇന്ത്യയിലെ മനുഷ്യരും അതിൽ ഉൾപ്പെടുന്നു. ഒരു വ്യക്തി ഏതു മതത്തിൽ ജനിച്ചാലും, ഏതു ഭാഷ സംസാരിച്ചാലും, ഏതു സാമൂഹിക പശ്ചാത്തലത്തിൽപ്പെട്ടവനായാലും, ദൈവത്തിന്റെ മുമ്പിൽ അവന്റെ ആത്മാവിന് വിലയുണ്ട്. അതുകൊണ്ട് ഒരു ഇന്ത്യക്കാരനെ സുവിശേഷത്തിലേക്ക് നയിക്കുന്നത് മറ്റൊരു മതത്തോടുള്ള വിരോധമല്ല; മറിച്ച് ഒരു ആത്മാവിനോടുള്ള ദൈവസ്നേഹത്തിന്റെ പങ്കാളിത്തമാണ്. മനുഷ്യന്റെ അടിസ്ഥാന ആവശ്യം സുവിശേഷമാണ് മനുഷ്യന് ഭക്ഷണം ആവശ്യമാണ്. വസ്ത്രം ആവശ്യമാണ്. വീട് ആവശ്യമാണ്. വിദ്യാഭ്യാസം ആവശ്യമാണ്. തൊഴിൽ ആവശ്യമാണ്. എന്നാൽ ഇവയെല്ലാറ്റിനെക്കാളും ആഴത്തിലുള്ള ഒരു ആവശ്യം മനുഷ്യനുണ്ട്, രക്ഷയുടെ ആവശ്യം. റോമർ 3:23 പറയുന്നു: “എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു” പാപം മനുഷ്യനെ ദൈവത്തിൽനിന്ന് അകറ്റി. ശാസ്ത്രവും സാങ്കേതികവിദ്യയും സാമ്പത്തിക

വളർച്ചയും വിദ്യാഭ്യാസവും മനുഷ്യന്റെ പല പ്രശ്നങ്ങൾക്കും പരിഹാരംനേടാൻ സഹായിക്കും. എന്നാൽ പാപത്തിന്റെ പ്രശ്നത്തിന് പരിഹാരം നൽകാൻ കഴിയുന്നത് യേശുക്രിസ്തുവിനാണ്. മറ്റൊരു മാർഗ്ഗമില്ല. യേശു പറഞ്ഞു: "ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു" (യോഹന്നാൻ 14:6).

അതുകൊണ്ട് ഇന്ത്യയുടെ യഥാർത്ഥ പുരോഗതി സാമ്പത്തികവളർച്ചയിൽ മാത്രം കാണാൻ കഴിയില്ല. മനുഷ്യന്റെ ജീവിതം ക്രിസ്തുവിൽ പുതുക്കപ്പെടുമ്പോഴാണ് യഥാർത്ഥ മാറ്റം സംഭവിക്കുന്നത്. ഒരു മനുഷ്യൻ ക്രിസ്തുവിനെ സ്വീകരിക്കുമ്പോൾ അവന്റെ ഹൃദയം മാറുന്നു. ഹൃദയം മാറുമ്പോൾ കുടുംബം മാറുന്നു. കുടുംബം മാറുമ്പോൾ സമൂഹം മാറുന്നു. സമൂഹം മാറുമ്പോൾ രാജ്യംതന്നെ അനുഗ്രഹിക്കപ്പെടുന്നു.

സുവിശേഷം കേൾക്കാത്തവരുടെ എണ്ണം ഭാരതസുവിശേഷീകരണത്തിന്റെ അടിയന്തരത കാണിക്കുന്നു. റോമർ 10:14, 15-ൽ പൌലൊസ് ചോദിക്കുന്ന ചില ഗൗരവമുള്ള ചോദ്യങ്ങളുണ്ട്: "അവർ കേട്ടിട്ടില്ലാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും?" ഇത് ഭാരതസുവിശേഷീകരണത്തിന്റെ ഹൃദയത്തിലുള്ള ചോദ്യമാണ്. ഒരു മനുഷ്യൻ സുവിശേഷം കേട്ടിട്ടില്ലെങ്കിൽ അവൻ എങ്ങനെ ക്രിസ്തുവിനെ അറിയും? ഒരു ഗ്രാമത്തിൽ ഒരിക്കലും സുവിശേഷം പ്രസംഗിക്കപ്പെട്ടിട്ടില്ലെങ്കിൽ അവിടെ ആരാണ് പോകേണ്ടത്? ഒരു ജനവിഭാഗത്തിന് ബൈബിൾ ലഭ്യമല്ലെങ്കിൽ അത് അവരുടെ കൈകളിൽ എത്തിക്കേണ്ടത് ആരാണ്? ഉത്തരം വ്യക്തമാണ് ക്രിസ്തുവിന്റെ സഭ അഥവ നമ്മളല്ലേ. ഇന്ത്യയിൽ അനേകം പ്രദേശങ്ങൾ ഇന്നും സുവിശേഷത്തിന്റെ ശക്തമായ സാക്ഷ്യം ആവശ്യപ്പെടുന്നു. ചില സ്ഥലങ്ങളിൽ സഭകൾ ശക്തമാണ്; എന്നാൽ ചില പ്രദേശങ്ങളിൽ ക്രിസ്തീയ സാക്ഷ്യം വളരെ പരിമിതമാണ്. അതിനാൽ നാം ചോദിക്കണം: "ഇന്ത്യയിൽത്തന്നെ സുവിശേഷം കേൾക്കാത്തവർ ഉള്ളപ്പോൾ, നമുക്ക് എങ്ങനെ മൗനമായി ഇരിക്കാനാകും?" ഭാരതസുവിശേഷീകരണം ക്രിസ്തുവിന്റെ മഹാകൽപ്പനയുടെ അനുസരണമാണ്. മത്തായി 28:18-20 ആണ് സഭയുടെ മഹാകൽപ്പനയുടെ അടിസ്ഥാനഭാഗം. യേശു പറഞ്ഞു: "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ടു സകലജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ..." ഇവിടെ മൂന്നു കാര്യങ്ങൾ കാണാം:

**1. അധികാരം-ക്രിസ്തുവിന്റേത്**

"സകല അധികാരവും എനിക്കു ലഭിച്ചിരിക്കുന്നു." സുവിശേഷീകരണത്തിന്റെ ശക്തി നമ്മുടെ കഴിവിൽ നിന്നല്ല. ക്രിസ്തുവിന്റെ അധികാരത്തിൽനിന്നാണ്.

**2. ഉത്തരവാദിത്വം സഭയുടേത്**

"നിങ്ങൾ പുറപ്പെട്ടു..." സഭ കെട്ടിടത്തിനുള്ളിൽ മാത്രം കഴിയേണ്ടതല്ല. സഭ പുറത്തേക്ക് പോകേണ്ടതാണ്.

**3. ലക്ഷ്യം ശിഷ്യരാക്കുക**

സുവിശേഷീകരണം എന്നത് ആളുകളെ ഒരു യോഗത്തിലേക്ക് കൊണ്ടുവരുന്നതിൽ മാത്രം അവസാനിക്കുന്നില്ല. അവരെ ക്രിസ്തുവിന്റെ ശിഷ്യരാക്കുകയാണ് ലക്ഷ്യം. അതുകൊണ്ട് ഭാരതസുവിശേഷീകരണം ഒരു പരിപാടിയല്ല; ഒരു ജീവിതദൗത്യമാണ്. ഇന്ത്യയിലെ ഓരോ ജനവിഭാഗവും സുവിശേഷത്തിന്റെ അവകാശിയാണ്. വെളിപ്പാട് 7:9-ൽ നാം മനോഹരമായ ഒരു ദർശനം കാണുന്നു: "സകല ജാതികളിലും ഗോത്രങ്ങളിലും വംശങ്ങളിലും ഭാഷകളിലുംനിന്നു ഉള്ളതായി ആർക്കും എണ്ണിക്കൂടാത്ത ഒരു മഹാപുരുഷാരം വെള്ളനിലയങ്കി ധരിച്ചു കയ്യിൽ കുരുത്തോലയുമായി സിംഹാസനത്തിന്നും കുഞ്ഞാടിന്നും മുമ്പാകെ നില്ക്കുന്നതു ഞാൻ കണ്ടു." സ്വർഗ്ഗത്തിൽ വിവിധ ജനതകളിൽനിന്നുള്ളവർ ദൈവത്തെ ആരാധിക്കുന്ന ചിത്രം ബൈബിൾ നൽകുന്നു.

അതുകൊണ്ട് **സുവിശേഷീകരണത്തിന്റെ ലക്ഷ്യം ഒരു പ്രത്യേക ജനവിഭാഗത്തെ മാറ്റി മറ്റൊന്നാക്കുക എന്നതല്ല. ഓരോ ജനവിഭാഗത്തെയും ക്രിസ്തുവിന്റെ രക്ഷയുടെ സന്ദേശം കേൾപ്പിക്കുക എന്നതാണ്. ഇന്ത്യയിലെ ഓരോ ഭാഷയും സുവിശേഷത്തിന്റെ ഭാഷയാകണം. ഓരോ ഗ്രാമത്തിലും ക്രിസ്തുവിന്റെ നാമം കേൾക്കണം. ഓരോ കുടുംബത്തിനും സുവിശേഷം അറിയാനുള്ള അവസരം ലഭിക്കണം. ഓരോ തലമുറക്കും യേശുവിനെ പരിചയപ്പെടാനുള്ള അവസരം ലഭിക്കണം. ഭാരതസുവിശേഷീകരണത്തിൽ സഭയുടെ ഉത്തരവാദിത്വം ആരാധനയിൽ മാത്രം അവസാനിക്കുന്നില്ല. ആരാധിക്കുന്ന സഭ സാക്ഷ്യംപറയുന്ന സഭയും ആയിരിക്കണം. അപ്പൊസ്തല പ്രവൃത്തികൾ 1:8 പറയുന്നു: "പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട്... ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും."**

യേശു നൽകിയ വ്യാപനക്രമത്തിന്റെ മാതൃക ശ്രദ്ധിക്കുക: ആദ്യം യെരുശലേം പിന്നെ യെഹൂദ്യ അടുത്തത് ശമര്യ പിന്നെ ഭൂമിയുടെ അറ്റത്തോളവും. ഇത് നാം ഇങ്ങനെ ചിന്തിച്ചാൽ ആദ്യം എന്റെ കുടുംബം പിന്നെ എന്റെ ഗ്രാമം തുടർന്ന് എന്റെ നഗരം അടുത്തത് എന്റെ സംസ്ഥാനം വീണ്ടും ഇന്ത്യ മുഴുവനും ഒടുവിൽ ലോകത്തെമ്പാടും.

സുവിശേഷീകരണം ദൂരെയുള്ള രാജ്യങ്ങളിൽ മാത്രം നടക്കേണ്ട ഒന്നല്ല. നമ്മുടെ ചുറ്റുപാടിൽനിന്നു തന്നെ അത് ആരംഭിക്കണം. പ്രാർത്ഥന ഭാരതസുവിശേഷീകരണത്തിന്റെ ആദ്യപടി. സുവിശേഷീകരണ

(ശേഷം പേജ് 12 - ൽ)



ജീവിത ചിന്തകൾ



ഡോ. നെൽസൺ മാത്യു വാലയിൽ

# തന്നിലേക്കു തിരികെ വന്നപ്പോൾ

ചില വാക്കുകൾ വളരെ ചെറുതായിരിക്കും. പക്ഷേ അവയ്ക്കുള്ളിൽ ഒരു മനുഷ്യന്റെ മുഴുവൻ ജീവിതവും ഒളിച്ചിരിക്കും. അത്തരമൊരു വാക്കാണ് ലൂക്കൊസ് 15:17-ൽ ഉള്ളത് - "അവനു സുബോധം വന്നപ്പോൾ...". ഇംഗ്ലീഷിൽ "When he came to his senses" എന്നും "When he came to himself" എന്നും വിവർത്തനങ്ങളുണ്ട്. എനിക്കിതിൽ രണ്ടാമത്തേത് കൂടുതൽ മനോഹരമായി തോന്നി; 'അവൻ തന്നിലേക്ക്തന്നെ വന്നപ്പോൾ' എന്ന പ്രയോഗം.

അതെ, നാം നമ്മിലേക്ക് വരുന്ന ചില നിമിഷങ്ങളുണ്ട്. ഒരുപക്ഷേ, ജീവിതത്തിലെ ഏറ്റവും വലിയ അത്ഭുതങ്ങളിൽ ഒന്ന്. ആന്തരികമായി നമ്മിൽ മാറ്റം ഉണ്ടാക്കുന്ന അത്തരം നിമിഷങ്ങളാണ് ജീവിത യാഥാർത്ഥ്യങ്ങളിലേക്ക് മടങ്ങുന്ന സമയം. "ഞാൻ ഇപ്പോൾ എവിടെയാണ്? എന്റെ അവസ്ഥ എന്താണ്? ഞാൻ എങ്ങോട്ടാണ് പോകുന്നത്? ഞാൻ നഷ്ടപ്പെടുത്തുന്നതെന്താണ്?" തിരിച്ചറിവുകളിലേക്ക് നാം എത്തുന്ന നിമിഷങ്ങൾ.

ലൂക്കൊസ് 15-ാം അദ്ധ്യായം ആരംഭിക്കുന്നത് വളരെ മനോഹരമായ ഒരു സാഹചര്യത്തിലാണ്. ചുങ്കക്കാരും പാപികളും യേശുവിന്റെ അടുക്കൽ വരികയായിരുന്നു. അവർ അവന്റെ വാക്കുകൾ കേൾക്കാൻ ആഗ്രഹിച്ചു. എന്നാൽ പരീശന്മാരും ശാസ്ത്രിമാരും അതിൽ പരിഭവിച്ചു. അതിനോടനുബന്ധിച്ചു യേശു മൂന്ന് ഉപമകൾ പറഞ്ഞു: നഷ്ടപ്പെട്ട ആട്, നഷ്ടപ്പെട്ട നാണയം, നഷ്ടപ്പെട്ട മകൻ. ഇവ മൂന്നും വ്യത്യസ്ത കഥകളാണെങ്കിലും, അവ കൈകാര്യംചെയ്യുന്ന വിഷയം ഒന്നുതന്നെയാണ്. വിലപ്പെട്ടത് നഷ്ടപ്പെടുന്നതിന്റെ വേദനയും അത് തിരികെ കിട്ടുന്നതിന്റെ സന്തോഷവും. നാം അകന്നുപോകുമ്പോൾ ദൈവത്തിന്റെ ഹൃദയം എത്ര വേദനിക്കുന്നു എന്നും നാം മടങ്ങിവരുമ്പോൾ എത്ര സന്തോഷിക്കുന്നു എന്നും ഈ ഭാഗങ്ങളിൽ നിന്നും വ്യക്തമാണ്. ദൈവത്തിന്റെ ഹൃദയം എപ്രകാരമാണ് എന്നതിന്റെ നേർക്കാഴ്ചയിലേക്ക് ഈ അദ്ധ്യായം കയറിച്ചെല്ലുന്നു.

ഒരു ആട് നഷ്ടപ്പെട്ടാൽ ഇടയൻ അതിനെ അന്വേഷിക്കുന്നു. ഒരു നാണയം നഷ്ടപ്പെട്ടാൽ സ്ത്രീ വീട് മുഴുവൻ അന്വേഷിക്കുന്നു. ഒരു മകൻ ദൂരെയായിപ്പോയാൽ പിതാവ് അവന്റെ മടങ്ങിവരവിനായി കാത്തിരിക്കുന്നു. ഇവിടെ യേശു നമ്മോട് ദൈവത്തെക്കുറിച്ച് വളരെ മനോഹരമായ ഒരു സത്യം വെളിപ്പെടുത്തുകയാണ്. ദൈവത്തിന് നാം വെറുമൊരു സംഖ്യയല്ല. അവൻ അഗാധമായി സ്നേഹിക്കുന്ന വിലയേറിയ ഒരു വ്യക്തിയാണ്. അതുകൊണ്ടാണ് നാം നഷ്ടപ്പെടുക എന്നത് ദൈവത്തിനു ആഴമുള്ള വേദനയാണ്.

നമുക്ക് ഒരു വസ്തു നഷ്ടപ്പെട്ടാൽ വിഷമിക്കാം. പക്ഷേ ഒരു വ്യക്തിയെ നഷ്ടപ്പെടുമ്പോൾ അനുഭവിക്കുന്ന വേദന അതിനേക്കാൾ വ്യത്യസ്തമാണ്. നഷ്ടപ്പെട്ടതിന്റെ വില നിർണ്ണയിക്കുന്നത് അതുമായുള്ള നമ്മുടെ ബന്ധത്തിന്റെ ആഴമാണ്.

വിവാഹംകഴിഞ്ഞ ഒരു പെൺകുട്ടി. അവൾക്ക് ഭർത്താവുണ്ട്. മക്കളുണ്ട്. ഉത്തരവാദിത്തങ്ങളുണ്ട്. എന്നിട്ടും ഇടക്കിടെ അവൾ സ്വന്തം വീട്ടിലേക്ക് പോകാൻ ആഗ്രഹിക്കുന്നു. അവിടെ ചെന്നാൽ അമ്മയോടൊപ്പം ഇരിക്കുന്നു. പഴയ മുറികൾ നോക്കുന്നു. ബാല്യകാല ഓർമ്മകൾ മനസ്സിൽ വരുന്നു. അവൾക്ക് ഇപ്പോഴത്തെ കുടുംബത്തെ സ്നേഹമില്ലാത്തതുകൊണ്ടല്ല. മനുഷ്യന്റെ ഹൃദയത്തിൽ ചില സ്ഥലങ്ങളും ചില ബന്ധങ്ങളും ആഴത്തിൽ പതിഞ്ഞുപോകുന്നതുകൊണ്ടാണ്.

യേശു പറഞ്ഞ ഇളയമകന്റെ കഥ. ആ മകൻ ഒരു വീട് മാത്രമല്ല വിട്ടത്. അവൻ ഒരു ബന്ധമാണ് വിട്ടത്. അവനെക്കുറിച്ച് പിതാവിന് പ്രതീക്ഷകളുണ്ടായിരുന്നു. സ്വപ്നങ്ങളുണ്ടായിരുന്നു. ഭാവിയെക്കുറിച്ചുള്ള ചിന്തകളുണ്ടായിരുന്നു. കുടുംബത്തിൽ ഒരു സ്ഥാനം ഉണ്ടായിരുന്നു. എന്നാൽ ഒരു ദിവസം മകൻ പിതാവിനോട് പറഞ്ഞു: 'അപ്പാ, വസ്തുവിൽ എനിക്കു വരേണ്ടുന്ന പങ്കു തരേണമേ" ഇത് വെറും പണത്തിനായുള്ള അഭ്യർത്ഥനയായി മാത്രം കാണാൻ കഴിയില്ല. ആ കാലഘട്ടത്തിന്റെ സംസ്കാരത്തിൽ, പിതാവ് ജീവിച്ചിരിക്കുമ്പോൾ തന്നേ അവകാശം ചോദിക്കുന്നത് വളരെ വേദനാജനകമായ കാര്യമായിരുന്നു. അവന്റെ വാക്കുകളുടെ പിന്നിൽ ഒരു മനോഭാവം ഉണ്ടായിരുന്നു: "എനിക്ക് അങ്ങയുടെ സമ്പത്ത് വേണം. പക്ഷേ അങ്ങയെ വേണ്ട. അങ്ങയുടെ നിയന്ത്രണത്തിൽ ജീവിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല." എത്ര പരിചിതമായ മനോഭാവമാണിത്! ദൈവത്തോടും നമ്മൾ ചിലപ്പോൾ ഇതുതന്നെ ചെയ്യുന്നില്ലേ? "കർത്താവേ, അനുഗ്രഹിക്കണമേ. ആരോഗ്യം തരണമേ.ജോലി തരണമേ. പണം തരണമേ. കുടുംബത്തെ സംരക്ഷിക്കണമേ. മക്കൾക്ക് നല്ല ഭാവി തരണമേ." നമുക്ക് ദൈവത്തിന്റെ കയ്യിൽനിന്ന് പലതും വേണം. പക്ഷേ ദൈവത്തോട് പുലർത്തേണ്ട ഏറ്റവും ആഴമുള്ള മനോഭാവം: "കർത്താവേ, എനിക്ക് അങ്ങയെ വേണം" എന്നതാണ്. പിതാവ് അവനെ ഇത്രയും സ്നേഹിച്ചിരുന്നെങ്കിൽ, പോകാൻ അനുവദിച്ചത് എന്തുകൊണ്ട്? പിതാവിന് അവനെ തടയാമായിരുന്നു. പക്ഷേ പിതാവ് അവനെ നിർബന്ധിച്ച് വീട്ടിൽ നിർത്തിയില്ല. ഇത് ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ച് നമ്മെ വളരെ ആഴത്തിൽ പഠിപ്പിക്കുന്നു. സ്നേഹം എല്ലായ്പ്പോഴും നിയന്ത്രിക്കുന്നില്ല. അവൻ നമ്മെ റോബോട്ടുകളാക്കിയിട്ടില്ല. അവനെ സ്നേഹിക്കാതിരിക്കാനുള്ള സ്വാതന്ത്ര്യം അവൻ അനുവദിക്കുന്നു. എങ്കിലും വേദനയോടെ കാത്തിരിക്കുന്നു.

വീട്‌വിട്ടപ്പോൾ ഇളയമകന് ലഭിച്ചത് സ്വാതന്ത്ര്യമാണ്. ഇനി ആരോടും ചോദിക്കാനും പറയാനുമില്ല. എപ്പോൾ വരണം, എവിടെ പോകണം, ആരോടൊപ്പം പോകണം എല്ലാം സ്വന്തം തീരുമാനം. അവന് പണം ഉണ്ടായിരുന്നു. സുഹൃത്തുക്കൾ ഉണ്ടായിരുന്നു. അടിച്ചുപൊളിച്ചു.

ഒരുപക്ഷേ അവൻ മനസ്സിൽ പറഞ്ഞിട്ടുണ്ടാകാം "ഇതാണ് ജീവിതം."

പക്ഷേ ജീവിതം മുന്നോട്ട്പോയപ്പോൾ ഒടുവിൽ അവന് എല്ലാം നഷ്ടപ്പെട്ടു. പണം തീർന്നു. സുഹൃത്തുക്കൾ അകന്നു. സാഹചര്യങ്ങൾ മാറി. വിശപ്പ് വന്നു. ഒറ്റപ്പെടൽ വന്നു. പന്നികളെ മേയിക്കേണ്ട അവസ്ഥയിലെത്തി. ഒരിക്കൽ പിതാവിന്റെ വീട്ടിൽ സമൃദ്ധിയിൽ ജീവിച്ചിരുന്ന മകൻ ഇപ്പോൾ മറ്റൊരാളുടെ പന്നികൾക്ക് ഭക്ഷണം കൊടുക്കുന്നു. ഇത് പാപത്തിന്റെ ഒരു വഞ്ചനാപരമായ സ്വഭാവമാണ്. ആരംഭത്തിൽ അത് സ്വാതന്ത്ര്യമായി തോന്നാം. പിന്നീട് അത് ശൂന്യതയായി മാറാം. ആദ്യം "എന്റെ ഇഷ്ടം" എന്നത് സന്തോഷമായി തോന്നാം. പിന്നീട് അതേ "എന്റെ ഇഷ്ടം" തന്നെ നമ്മെ ബന്ധിച്ചിടും. മനുഷ്യൻ തന്റെ തിരഞ്ഞെടുപ്പുകളുടെ ഫലങ്ങൾ ക്രമേണ അനുഭവിച്ചറിയുന്നു. ഉടനടി ലഭിക്കുന്ന സന്തോഷം പല യാഥാർത്ഥ്യവും മറച്ചുവെക്കും. എന്നാൽ സമയം കടന്നുപോകുമ്പോൾ ആ യാഥാർത്ഥ്യങ്ങൾ തെളിഞ്ഞുവരുന്നു. അവിടെയാണ് ഇളയമകന്റെ "അപ്പോൾ സുബോധം വന്നിട്ട്" എന്ന നിമിഷം കടന്നുവന്നത്. തന്നിലേക്കു തിരികെ വന്ന നിമിഷം. അവൻ തന്റെ അവസ്ഥയെ സത്യസന്ധമായി കാണുകയായിരുന്നു- "ഞാനോ വിശപ്പുകൊണ്ട് നശിച്ചുപോകുന്നു."

പിന്നെ അവൻ പിതാവിന്റെ വീടിനെ ഓർത്തു. പിതാവിന്റെ വീട്ടിലെ കൂലിക്കാർക്കുപോലും ഭക്ഷണം ധാരാളമുണ്ട്. ഇളയമകനു തിരിച്ചറിവുണ്ടായി. "ഞാൻ മോശക്കാരനാണ്, എന്റെ ജീവിതം നശിച്ചു. എന്നെക്കൊണ്ട് ഇനി ഒന്നിനും കൊള്ളില്ല" എന്നെല്ലാം പറഞ്ഞ് തളർന്നുകിടക്കാതെ, ഞാൻ തെറ്റായ ദിശയിലാണ് എന്ന് തിരിച്ചറിഞ്ഞ് ദിശ മാറ്റുന്നതാണ് കാര്യം. ഇതാണ് യഥാർത്ഥ മാനസാന്തരം.

തെറ്റായ ദിശയിൽ അഞ്ചു വർഷം പോയതുകൊണ്ട് ആറാം വർഷവും അതേ ദിശയിൽ പോകേണ്ടതില്ല. തെറ്റായ തീരുമാനത്തിൽ ശേഷിക്കുന്ന വർഷങ്ങളും അതേ രീതിയിൽ കളയേണ്ടതില്ല. തിരുത്തുവാൻ ഇനിയും വൈകിയിട്ടില്ല.

മകൻ പിതാവിന്റെ ഭവനത്തിലേക്ക് മടങ്ങുവാൻ തീരുമാനിച്ചു. പറയുവാനുള്ള വാചകങ്ങളും മനസ്സിൽ കരുതിയാണ് മടക്കയാത്ര – 'ഇനി നിന്റെ മകൻ എന്ന പേരിന്നു ഞാൻ യോഗ്യനല്ല; നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമേ". എന്നാൽ പിതാവ് അവനെ കണ്ടു, ഓടിച്ചെന്നു. അവനെ കെട്ടിപ്പിടിച്ചു. ചുംബിച്ചു. മകൻ തന്റെ കുറ്റസമ്മതം പറയാൻ തുടങ്ങി. പക്ഷേ പിതാവിന്റെ ഹൃദയം ഇതിനകംതന്നെ തീരുമാനിച്ചിരുന്നു. പിതാവ് അവനെ മകനായി തന്നെയാണ് സ്വീകരിച്ചത്. പരാജയത്തിന്റെയും കുറ്റബോധത്തിന്റെയും ആത്മഭാരത്തോടെയാണ് അവൻ വന്നതെങ്കിലും പിതാവ് അവനെ സ്വീകരിച്ചത് ആഘോഷപൂർവ്വമാണ്. അവന് വസ്ത്രം നൽകി. മോതിരം നൽകി. ചെരിപ്പ് നൽകി. വിരുന്നൊരുക്കി. എന്തുകൊണ്ട്? കാരണം പിതാവിന്റെ കണ്ണിൽ അവൻ എന്നും തന്റെ മകനായിരുന്നു. നഷ്ടപ്പെട്ടതിന്റെ വേദനയിലാണ് പിതാവ് ഇതുവരെയും ജീവിച്ചത്.

നാം പലപ്പോഴും നമ്മുടെ ജീവിതത്തെ നിർവ്വചിക്കുന്നത് എടുത്തുപോയ മോശം തീരുമാനങ്ങ

(ശേഷം പേജ് 30 – ൽ)



ക്രിസ്തീയ കുടുംബം



പ്രൊഫ. ജോൺ സഖറിയ

# കുടുംബബന്ധത്തിൽ ഊഷ്മളത– തിരസ്കരണത്തിൽനിന്നുള്ള വിടുതലിലൂടെ

### അമിത ലാളന

ഒരു വ്യക്തിയുടെ ജീവിതത്തിൽ അർഹിക്കുന്ന അല്ലെങ്കിൽ അത്യാവശ്യം ഉണ്ടായിരിക്കേണ്ട അംഗീകാരം കിട്ടാതിരിക്കുന്നതുപോലെ തന്നേ അമിത ലാളനത്തിൽ വളർത്തപ്പെടുന്നവർക്കും വിവാഹജീവിതത്തിൽ പ്രവേശിച്ചതിനു ശേഷം തിരസ്കരണം അനുഭവപ്പെടാം. ഏക മകനോ മകളോ ആയ കുടുംബത്തിൽനിന്ന് കൂടുതൽ അംഗങ്ങളുള്ള ഒരു ഭവനത്തിലേക്ക് വിവാഹബന്ധത്തിൽ ഒരു വ്യക്തി വന്നാൽ പിതൃഭവനത്തിൽനിന്ന് ലഭിച്ചിരുന്ന പരിഗണനകൾ കിട്ടാതെവരുമ്പോൾ അവഗണന അനുഭവപ്പെടാം. അമിതലാളന പാടില്ലെന്ന് മാത്രമല്ല, പ്രത്യേകിച്ച് പെൺകുട്ടികൾ, വളർന്നുവന്ന സാഹചര്യത്തിൽനിന്ന് വ്യത്യസ്തമായ സാഹചര്യങ്ങളിൽ ചേർന്നുപോകാൻ ചെറുപ്പംമുതലേ മാതാപിതാക്കൾ പരിശീലിപ്പിക്കണം. വിവാഹപൂർവ കൗൺസിലിംഗിൽ ഇത്തരം തിരസ്കരണ അനുഭവങ്ങൾ പരിശോധിച്ചു വ്യക്തികളെ ഒരുക്കുവാൻ സാധിക്കും.

### പഴയ വേദനകൾ, പുതിയ സാഹചര്യങ്ങൾ

സ്കൂളിലെ അദ്ധ്യാപകരിൽനിന്നോ കൂട്ടുകാരിൽനിന്നോ ഉണ്ടായ അവഗണനകളോ വേർതിരിവുകളോ സത്യമല്ലാത്ത കുറ്റാരോപണങ്ങളോ വിവാഹജീവിതത്തിലെ മനോഭാവങ്ങളെ ബാധിക്കാം. പുതിയ ഭവനത്തിലെ സാഹചര്യങ്ങളിൽ, ചെറുപ്പത്തിൽ അന്യരിൽനിന്നുണ്ടായ അനുഭവങ്ങൾ ഉണ്ടാകുമോ എന്ന ചിന്തയിൽ ജീവിക്കുന്നവർക്ക് തെറ്റിദ്ധാരണകൾമൂലം തിരസ്കരണം അനുഭവപ്പെടാം. തങ്ങൾക്ക് പരിചയമില്ലാത്ത ഭാഷാപ്രയോഗങ്ങളോ പരിചയമുള്ള വാക്കുകൾക്കുതന്നെ പുതിയ സമൂഹത്തിൽ ഉദ്ദേശിക്കുന്ന വ്യത്യസ്ത അർത്ഥങ്ങൾ മനസ്സിലാക്കാൻ സാധിക്കാത്തതുകൊണ്ടോ തെറ്റിദ്ധാരണകൾ ഉണ്ടാകാം. ആയതിനാൽ ചെന്ന്ചേരുന്ന സമൂഹത്തിലെ അടിസ്ഥാന വ്യത്യാസങ്ങളെക്കുറിച്ച് സാമാന്യം ബോദ്ധ്യം ഉണ്ടായിരിക്കുന്നത് നല്ലതാണ്. മാത്രമല്ല ജീവിതം മുഴുവൻ ഒരു പഠനശാലയാണ് എന്ന് മനസ്സിലാക്കിക്കൊണ്ട് കുടുംബജീവിതത്തിൽ മാത്രമല്ല സാമൂഹ്യജീവിതത്തിലും കാര്യങ്ങളെയും സാഹചര്യങ്ങളെയും സ്പഷ്ടമായും സത്യസന്ധമായും മനസ്സിലാക്കുവാനുള്ള പ്രാപ്തിയും പരിശീലനവും ജീവിതാന്ത്യംവരെ നേടിയെടുക്കുവാൻ ഓരോരുത്തരും ശ്രദ്ധിക്കേണ്ടതാണ്.

### വ്യവസ്ഥയോട്കൂടിയ അംഗീകാരം

വ്യവസ്ഥകളോടുകൂടിയ അംഗീകാരം ആണ് മറ്റൊരു തിരസ്കരണ അനുഭവത്തിന് കാരണമാകുന്നത്. അംഗീകാരത്തിന് ഒരു വ്യക്തിയുടെ അദ്ധ്വാനം തീർച്ചയായും കാരണമാകും. എന്നാൽ വിവാഹജീവിതത്തിൽ അംഗീകാരം അധ്വാനിച്ച് നേടുന്നതിനെക്കാൾ അന്യോന്യം അംഗീകാരം നൽകുന്നതാണ് അഭികാമ്യം. "വാങ്ങുന്നതിനെക്കാൾ കൊടുക്കുന്നത് ഭാഗ്യം" (അപ്പൊ. പ്ര. 20:35) എന്ന കർത്താവിന്റെ തത്വം ഓരോ വ്യക്തിയുടെതും ആയിരിക്കണം. കുഞ്ഞുങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 100 മാർക്ക് കണക്കിന് വാങ്ങിയാൽ സൈക്കിൾ വാങ്ങിച്ചുതരാം എന്ന വാഗ്ദത്തം വ്യവസ്ഥയോടുകൂടിയ അംഗീകാരം ആയിട്ടാണ് കുഞ്ഞുങ്ങൾ മനസ്സിലാക്കുക. 95 മാർക്ക് കണക്കിന് കിട്ടിയ കുട്ടിയോട് ബാക്കി അഞ്ചു മാർക്ക് നീ എവിടെ കളഞ്ഞു എന്ന് ചോദിക്കുന്ന അല്ലെങ്കിൽ തല്ലുന്ന പിതാവ് ആ കുഞ്ഞിന്റെ വ്യക്തിത്വവികസനത്തിന് തടങ്ങൽപ്പാറയാണ്. തൽഫലമായി വ്യവസ്ഥയില്ലാത്ത അംഗീകാരം പ്രാപിക്കാനോ കൊടുക്കാനോ അവർ പ്രാപ്തരായിത്തീരുന്നില്ല. ദൈവത്തിൽനിന്ന്പോലും വ്യവസ്ഥയില്ലാത്ത അംഗീകാരം അഥവാ കൃപ അവർക്ക് മനസ്സിലാക്കാൻ പ്രയാസം. സൗജന്യമായി ദൈവം നൽകുന്ന ആത്മീയവും മാനസികവും ആയ നന്മകൾക്കുവേണ്ടിയും അവർ നിരന്തരം അധ്വാനിച്ചുകൊണ്ടിരിക്കും; പലപ്പോഴും അവരവരുടെ പ്രതീക്ഷയനുസരിച്ച് പ്രവർത്തനത്തിൽ ഉയരാൻ സാധിക്കാത്തതിനാൽ അവർ നിരാശരാകും.

വിവാഹ ജീവിതപങ്കാളിയോടുള്ള ഈ മനോഭാവവും തകർന്ന കുടുംബബന്ധങ്ങളിൽ എത്തിക്കാം. ജീവിതപങ്കാളിയുടെ അംഗീകാരത്തിനുവേണ്ടി സ്വന്തം തൃപ്തിക്കനുസരിച്ച് പ്രവർത്തിക്കാൻപോലും തനിക്കു സാധിക്കാത്തതും അതേപോലെ ജീവിതപങ്കാളി തന്റെ പ്രതീക്ഷക്ക് അനുസരിച്ച് പ്രവർത്തിയിൽ ഉയരാത്തതും കുടുംബജീവിത സംഘർഷങ്ങൾക്ക് ഇടയാക്കും.

## താരതമ്യം ചെയ്യുക

മക്കൾ നന്നായി വളർന്നുവരുന്നതിനുവേണ്ടി കുറ്റപ്പെടുത്തി സംസാരിക്കുകയും ഗുണദോഷിക്കുകയും ചിലപ്പോൾ ചെയ്യാത്ത കുറ്റത്തിന് അകാരണമായി അബദ്ധവശാൽ ശിക്ഷിക്കപ്പെടുകയും ചെയ്യപ്പെടുന്ന ഒരു വ്യക്തി തിരസ്കരണ അനുഭവത്തിലാണ് വളരുന്നത്. മറ്റ് ആരെയെങ്കിലും നോക്കി നീ പഠിക്ക് എന്ന താരതമ്യപ്പെടുത്തുന്ന ഒരു പ്രസ്താവനയും ആർക്കും ഹിതകരമല്ല. മറ്റൊരാളെപ്പോലെ ആകാൻ സാധിക്കാത്തതിൽ കുറ്റപ്പെടുത്തപ്പെടുമ്പോൾ അപര്യാപ്തതാബോധത്തിലാണ് ആ വ്യക്തി വളരുന്നത്.

## അഭിനന്ദനങ്ങൾ കിട്ടാത്തപ്പോൾ

തിരസ്കരണം എന്നത് അവഗണനമൂലം മാത്രമല്ല, ലഭിക്കേണ്ടത് ലഭിക്കാത്തപ്പോൾ ഉണ്ടാകുന്ന അനുഭവംകൂടിയാണത്. ചുരുക്കിപ്പറഞ്ഞാൽ തൃപ്തികരമായ അംഗീകാരം ലഭിക്കാതെ ഒരു വ്യക്തിക്ക് ഉത്തമസ്വത്വം പ്രാപിക്കാൻ സാധിക്കില്ല. ഭവനത്തിൽ നിന്ന് ലഭിക്കേണ്ട സ്നേഹം ലഭിക്കാതെവരുമ്പോൾ കൂട്ടുകാരിൽനിന്ന് അംഗീകാരം കിട്ടുന്നതിനുവേണ്ടി മെനക്കെടുന്ന ഒരു വ്യക്തി കുടുംബവുമായി അകലുകയാണ്. യൗവനപ്രായത്തിൽ ഇങ്ങനെയുള്ള വ്യക്തികൾ എതിർലിംഗത്തിൽ ഉള്ളവരോട് കൂടുതൽ അടുപ്പം കാണിക്കുകയോ പ്രേമബന്ധങ്ങളിൽ പെടുകയോ ചെയ്യും. യൗവനത്തിളപ്പിൽ അപ്രകാരം ലഭിക്കുന്ന പല സ്നേഹബന്ധങ്ങളും പരമാർത്ഥതയും ആത്മാർത്ഥതയും ഉള്ളവരിൽ നിന്നുള്ളതായിരിക്കണം എന്ന് നിർബന്ധമില്ല; താൽക്കാലികം ആയിരിക്കാം; സാന്ദർഭികമായിരിക്കാം; കബളിപ്പിക്കപ്പെട്ടേക്കാം; അപഹരിക്കപ്പെട്ടേക്കാം. പ്രത്യേകിച്ച് പെൺകുട്ടികൾ ചാരിത്ര്യം നഷ്ടപ്പെട്ടവർ ആയേക്കാം; ഗർഭിണിയായേക്കാം; പിന്നീട് തള്ളപ്പെട്ടേക്കാം. "വറചട്ടിയിൽനിന്ന് എരിതീയിലേക്ക്" എന്ന അവസ്ഥയിലായിരിക്കും അവസാനം ചെന്നെത്തുക. പിന്നീടുണ്ടാകുന്ന അവസ്ഥകൾ പറഞ്ഞാൽ തീരില്ല.

ഇതുപോലെയുള്ള അവസ്ഥകളിൽക്കൂടെ കടന്നുപോയവർ വിവാഹബന്ധത്തിൽ താത്പര്യമില്ലാത്തവരാകാം; മാതാപിതാക്കളുടെ നിർബന്ധത്തിന് വഴങ്ങി വിവാഹിതരായാൽ പഴയകാല അനുഭവങ്ങൾ അവരെ വിവാഹപങ്കാളിയെ കുറിച്ച് സംശയാലുക്കൾ ആയിത്തീരുവാൻ ഇടയായേക്കാം. അത് ബന്ധങ്ങളിൽ തകർച്ച ഉളവാക്കും.

തിരസ്കരണ അനുഭവത്തെക്കുറിച്ചുള്ള ഒരു മുഖവുരയേ ഈ ലേഖനത്തിൽ നൽകിയിട്ടുള്ളൂ. വിശദമായി പഠിക്കേണ്ട ഒരു വിഷയമാണിത്.

## വിവാഹപൂർവ്വ കൗൺസിലിംഗ്

കൂട്ടമായതും വ്യക്തിപരമായതും ആയ വിവാഹപൂർവ്വ കൗൺസിലിംഗ് എത്രമാത്രം ആവശ്യമാണെന്ന് ഇവ നമ്മെ ബോധ്യപ്പെടുത്തണം. വളർന്നുവരുന്ന തലമുറയുടെ തെറ്റായ അനുഭവങ്ങളെക്കുറിച്ച് മാതാപിതാക്കളോ മറ്റോ അറിയണമെന്ന് നിർബന്ധമില്ല. അറിയുന്നവർതന്നെ അത് സാരമില്ല, ഒരു വിവാഹജീവിതത്തിലൂടെ അതിന് പരിഹാരം ആകും എന്ന് ചിന്തിച്ചേക്കാം. അതുകൊണ്ട് സ്ഥിരമായ ഒരു ജീവിത ബന്ധത്തിലേക്ക് പ്രവേശിക്കുന്നതിന് മുമ്പ് ഈ വിധത്തിലുള്ളതായ എല്ലാ തിരസ്കരണ അനുഭവങ്ങളുടെയും പരിഹാരം കഴിവതും കണ്ടെത്തുവാൻ കൗൺസിലിംഗിലൂടെ, കൗൺസിലിംഗ് സെമിനാറുകളിൽക്കൂടെ സാധിച്ചേ മതിയാകൂ.

തിരസ്കരണ അനുഭവം ഉണ്ടാക്കുന്ന തിക്താനുഭവങ്ങളും വികലമായ ജീവിതശൈലിയും പ്രവർത്തനങ്ങളും വിവാഹജീവിതത്തിൽ മാത്രമല്ല സാമൂഹ്യ, ആത്മീയ ജീവിത/ശുശ്രൂഷാ മണ്ഡലങ്ങളിൽ എത്രമാത്രം വിഷമതകൾ, കഷ്ടനഷ്ടങ്ങൾ, പ്രശ്നങ്ങൾ ഉണ്ടാക്കുന്നു എന്നുള്ളത് ക്രിസ്തീയ വിശ്വാസികളും ശുശ്രൂഷകരും അവഗാഢമായി പഠിച്ച് സ്വന്തം ജീവിതത്തിൽ പരിഹാരം കണ്ടെത്തേണ്ടതുണ്ട്.

## വിടുതലിന്റെ വഴി

തിരസ്കരണ അനുഭവങ്ങളുടെ ബന്ധനങ്ങളിൽ നിന്ന് വിടുതൽ പ്രാപിക്കുന്നതിന് കൗൺസിലിംഗ്, പ്രത്യേകിച്ച് ക്രിസ്തീയ കൗൺസിലിംഗ്, വളരെ പ്രധാനപ്പെട്ടതാണ്. സെക്കുലർ കൗൺസിലിംഗിൽ പ്രധാനമായും ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് വഴികൾ കണ്ടെത്തുമ്പോൾ അതിനേക്കാളും പ്രാധാന്യമുള്ള/ സ്വാധീനമുള്ള ആത്മീയ പരിഹാരമാർഗ്ഗങ്ങൾ കൂടെ ക്രിസ്ത്യൻ കൗൺസിലിംഗിൽ ലഭിക്കുമല്ലോ.

## ആത്മീയ പരിഹാരം

തിരസ്കരണത്തിന്റെ പ്രതിവിധി അംഗീകാരം തന്നെയാണ്. എന്നാൽ മനുഷ്യന്റെ അംഗീകാരങ്ങൾക്ക് പരിമിതിയുണ്ട്; വൈകല്യങ്ങളും ഉണ്ട്; സ്വാർത്ഥതയും ഉണ്ട്. വ്യവസ്ഥകൂടാതെയുള്ള അംഗീകാരം ദൈവത്തിൽനിന്നും മാത്രമാണ് ലഭിക്കുക. അതുപോലെ ക്രിസ്തുവിന്റെ സ്വഭാവത്തിൽ ജീവിക്കാൻ ആഗ്രഹിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്യുന്ന വിശ്വാസികളിൽനിന്നും ക്രിസ്തീയ ശുശ്രൂഷകരിൽനിന്നും ലഭിക്കാം. എങ്കിലും ശരീരത്തിൽ ജീവിക്കുന്ന മനുഷ്യനിൽ ജഡത്തിന്റെ സ്വഭാവങ്ങൾ, കൂടിയതോ കുറഞ്ഞതോ ആയ പരിധിയിൽ ഉണ്ടായിരിക്കുമ്പോൾ, കർത്താവിൽനിന്ന് ലഭിക്കുന്ന അംഗീകാരം മനുഷ്യരിൽ ആരിൽനിന്നും പ്രതീക്ഷിക്കേണ്ട.

(തുടരും)







ഡോ നെൽസൺ
അബ്രാഹം

# ആശയവിനിമയം: ഉത്തമമായ ജീവിത മാതൃക

മനുഷ്യൻ ഏകനായിയിരിക്കുന്നത് നന്നല്ല എന്നു കണ്ട ദൈവം അവന് ഒരു തുണയെ നൽകി. പരസ്പരം സംസാരിക്കുവാനും ആശയവിനിമയം നടത്തി, വിരസത ഒഴിവാക്കി, ഫലപ്രദമായ ജീവിതത്തിലേക്ക് മനുഷ്യനെ നയിക്കുവാനും ആയിട്ടാകണം ഇണയെ നൽകിയത്. ആയതിനാൽ മനുഷ്യനെ സാമൂഹ്യജീവി എന്നാണ് വിളിക്കുന്നത്. മറ്റുള്ളവരുമായി ബന്ധപ്പെട്ട തന്റെ ചിന്തകളും വിചാരങ്ങളും വികാരങ്ങളും അവരിലേക്ക് എത്തിക്കുന്ന പ്രക്രിയ ആണല്ലോ ആശയവിനിമയം. കുടുംബബന്ധങ്ങളിലും സൗഹൃദങ്ങളിലും സഭയിലും സമൂഹത്തിലും തൊഴിൽ മേഖലകളിലും ഒത്തുചേരൽ സാധ്യമാകുന്ന എല്ലായിടത്തും ആശയവിനിമയം അനിവാര്യം തന്നേ. ഉല്പത്തിപുസ്തകത്തിൽ സായംസന്ധ്യകളിൽ ആദാമിനോട് പിതാവായ ദൈവം സംസാരിക്കുന്നതും 'നീ എവിടെ' എന്ന ചോദ്യവും ആശയവിനിമയത്തിന്റെ വിവിധ ഭാവങ്ങൾ വെളിവാക്കുന്നതാണ്. ഭൂമിയുടെ ഉല്പത്തിതന്നെ ത്രിത്വത്തിന്റെ ആശയവിനിമയത്തിന്റെ ഉത്തരമല്ലേ.

നല്ല ആശയവിനിമയം ബന്ധങ്ങളെ ശക്തിപ്പെടുത്തുകയും തെറ്റിദ്ധാരണകൾ നീക്കുകയും സമാധാനം സ്ഥാപിക്കുകയും ചെയ്യുന്നു. എന്നാൽ തെറ്റായ ആശയവിനിമയം ബന്ധങ്ങളെ തകർക്കുകയും ശത്രുതയും വേദനയും സൃഷ്ടിക്കുകയും ചെയ്യുന്നു. ക്രിസ്തീയവിശ്വാസത്തിന്റെ അടിസ്ഥാനം മുതൽ ആശയവിനിമയത്തിന് വലിയ പങ്കുണ്ട്. കാരണം, ദൈവം മനുഷ്യനോട് സദാ സംസാരിക്കുന്ന ദൈവമാണ്. സൃഷ്ടിയുടെ ആരംഭം പ്രതിപാദിക്കുന്ന ഉല്പത്തിപുസ്തകത്തിലെ വചനത്തിലൂടെ യാത്രചെയ്യുമ്പോൾ വിവിധതരം സംഭാഷണങ്ങൾ നാം പഠിക്കുന്നുണ്ടല്ലോ. മനുഷ്യന്റെ സൃഷ്ടിയിൽ ദൈവം ആഗ്രഹിച്ചത്, നാം ദൈവത്തെ ആരാധിക്കുകയും സ്തുതിക്കുകയും ചെയ്യുക എന്നതാണ്. ആദാം മുതൽ ദൈവവുമായുള്ള ആശയവിനിമയവും അനുസരണക്കേടിന്റെ ഫലങ്ങളും വചനത്തിൽ വിശദീകരിക്കുന്നു. മനുഷ്യനുമായി ദൈവം നടത്തുന്ന ഉടമ്പടികൾ ആണ് നാം ആശയവിനിമയത്തിന്റെ കാതലായി പഠിക്കേണ്ടത്.

പിതാവായ ദൈവം മനുഷ്യനോട് സ്വപ്നത്തിലൂടെ, വെളിപ്പാടിലൂടെ, എഴുത്തുകളിലൂടെ, കൽപ്പനകളിലൂടെ, സംസാരത്തിലൂടെ, അടയാളങ്ങളിലൂടെ ഒക്കെ ആശയവിനിമയം നടത്തിയതിന്റെ അനേക ഉദാഹരണങ്ങൾ വചനത്തിൽ നമുക്ക് ലഭ്യമാണ്. യിരെമ്യാവ് 33:3-ൽ കാണുന്നപ്രകാരം "എന്നെ വിളിച്ചപേക്ഷിക്ക ഞാൻ നിനക്കുത്തരം അരുളും. നീ അറിയാത്ത മഹത്തായും അഗോചരമായും ഉള്ള കാര്യങ്ങളെ ഞാൻ നിന്നെ അറിയിക്കും" എന്ന് ദൈവം അരുളിച്ചെയ്യുന്നു. 'ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും പ്രവാചകന്മാർമുഖാന്തരം പിതാക്കന്മാരോട് അരുളിച്ചെയ്തിട്ടു ഈ അന്ത്യകാലത്ത് പുത്രൻമുഖാന്തരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു" (എബ്രായർ 1:1) എന്ന് പൗലൊസ്ശ്ലീഹാ നമ്മെ അറിയിക്കുന്നത് ലോകാരംഭം മുതൽ നടന്ന ആശയവിനിമയത്തിന്റെ കാമ്പ് ആണല്ലോ

പ്രധാനമായും ദൈവം മൂന്നുവിധത്തിൽ മനുഷ്യനോട് ആശയവിനിമയം നടത്തി എന്ന് കാണാം.

### 1. പ്രകൃതിയിലൂടെ ദൈവം മനുഷ്യനോട് സംസാരിച്ചു

19-ാം സങ്കീർത്തനത്തിൽ ലോകാരംഭംമുതൽ ദൈവം നൽകിത്തന്ന ആശയവിനിമയത്തെ വർണ്ണിക്കുന്നു. പ്രകൃതിയിൽ നടക്കുന്ന ഓരോ സംഭവങ്ങളും അർത്ഥവത്തായ ആശയസംവേദനമാണ്. നോഹയുമായുള്ള ദൈവത്തിന്റെ ഉടമ്പടിയുടെ അടയാളങ്ങളായ മഴവില്ലും മഹാപ്രളയവും ദൈവം പ്രകൃതിയിലൂടെ മനുഷ്യരോട് ആശയവിനിമയം നടത്തിയതിന്റെ ഉത്തമ ഉദാഹരണങ്ങളാണ്.

### 2. വചനത്തിലൂടെ ദൈവം സംസാരിക്കുന്നു

സങ്കീർത്തനം 119:105 നമ്മെ ഉദ്ബോധിപ്പിക്കുന്നു "നിന്റെ വചനം എന്റെ കാലിന്നു ദീപവും എന്റെ പാതെക്ക് പ്രകാശവും ആകുന്നു' ഈ വചനം നമുക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനോടൊപ്പം നമ്മുടെ ആത്മീയവളർച്ചക്കായി പ്രത്യാശയും ശക്തിയും പ്രോത്സാഹനവും ആത്മീയഭക്ഷണവും നൽകുന്നു. വചനത്തിലൂടെ സംസാരിക്കുന്നതിനാൽ ദൈവം നമ്മെ വിശ്വാസത്തിൽ വളർത്തുകയും ക്രിസ്തീയജീവിതത്തിനായി സജ്ജരാക്കുകയും ചെയ്യുന്നു. പൌലൊസ്ശ്ലീഹ 2 തിമൊഥെയൊസ്: 3:16,17 വാക്യങ്ങളിൽ പറയുന്നു. "എല്ലാതിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ച് തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിന്നും ശാസനത്തിന്നും ഗുണീകരണത്തിന്നും നീതിയിലെ അഭ്യാസത്തിന്നും പ്രയോജനമുള്ളതു ആകുന്നു."

### 3. ദൈവം തന്റെ പുത്രനിലൂടെ നമ്മോട് സംസാരിക്കുന്നു

'ഈ അന്ത്യകാലത്ത് പുത്രൻമുഖാന്തരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു '(എബ്രായർ 1:2) ദൈവം തന്റെ പുത്രനിലൂടെ നമ്മോട് സംസാരിച്ചു എന്ന് പൌലൊസ്അപ്പൊസ്തലൻ ഈ വചനത്തിലൂടെ പറയുന്നു യോഹന്നാൻ 1:14-ൽ കാണുന്നപ്രകാരം "വചനം ജഡമായിത്തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു". വീണ്ടും, "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹന്നാൻ 3:16). "അവനിൽ അല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്" (കൊലൊസ്യർ 2:9). ഇപ്രകാരം തന്റെ പുത്രന്റെ വചനങ്ങളിലൂടെ, പ്രവർത്തിയിലൂടെ, ത്യാഗത്തിലൂടെ ദൈവം നമ്മോട് സംസാരിച്ചു.

കേവലം വാക്കുകൾക്ക് അതീതമാണല്ലോ ദൈവത്തിന്റെ ആശയവിനിമയ രീതികൾ. ബൈബിൾ പഠിപ്പിക്കുന്ന ആശയവിനിമയം വെറും സംസാരം അല്ല, കേൾക്കുക എന്നതു കൂടിയാണ്.ദൈവം സംസാരിക്കുന്നത് കേൾക്കുവാൻ നാം വചനം (ബൈബിൾ) വായിക്കണം. പ്രാർത്ഥനയിൽ ദൈവത്തോട് സംഭാഷണം നടത്തണം. യാക്കോബ് 1:19-ൽ പറയുന്നു "ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും പറവാൻ താമസവും കോപത്തിന്നു താമസവും ഉള്ളവർ ആയിരിക്കട്ടെ". നമ്മുടെ കുടുംബത്തിലെ പല പ്രശ്നങ്ങളുടെയും കാരണം ശരിയായി കേൾക്കാത്തതാണ്. അന്ധനായ ബർത്തിമായി യേശുവിനെ വിളിച്ചപ്പോൾ ചുറ്റുമുള്ളവർ അവനെ നിശബ്ദനാക്കാൻ ശ്രമിച്ചു. എന്നാൽ യേശു അവനെ കേട്ടു ഞാൻ "നിനക്ക് എന്തു ചെയ്തുതരേണം" (മർക്കൊസ് 10:51) എന്ന് ചോദിച്ചു എന്ന സംസാരം നമ്മളോടുംകൂടിയാണ്. ഒരാളെ ശ്രദ്ധയോടെ കേൾക്കുമ്പോൾ നാം അവനോട്/ അവളോട് പറയുന്നത് 'നീ എനിക്ക് പ്രിയപ്പെട്ടതാണ്' എന്നാണ്.

നമ്മുടെ നാവിന് വലിയ ശക്തിയുണ്ട്. സദൃശവാക്യങ്ങൾ 18:21-ൽ പറയുന്നു "മരണവും ജീവനും നാവിന്റെ അധികാരത്തിൽ ഇരിക്കുന്നു". നമ്മുടെ ഒരു വാക്ക് ഒരുവന്റെ ജീവിതത്തിൽ വലിയ മാറ്റം ഉണ്ടാക്കാം. എഫെസ്യർ 4:29-ൽ പറയുന്നപ്രകാരം 'കേൾക്കുന്നവർക്കു കൃപ ലഭിക്കേണ്ടതിന്നു ആവശ്യംപോലെ ആത്മികവർദ്ധനെക്കായി നല്ല വാക്കല്ലാതെ ആകാത്തത് ഒന്നും നിങ്ങളുടെ വായിൽനിന്നു പുറപ്പെടരുതു". അതുകൊണ്ട് സംസാരിക്കുന്നതിനു മുൻപ് നമുക്ക് ചിന്തിക്കാം 'എന്റെ വാക്കുകൾ മറ്റൊരുവനെ പണിയുമോ അതോ തകർക്കുമോ?'

നാം സ്നേഹത്തിൽ സത്യം സംസാരിക്കുന്നവർ ആകണം. എഫെസ്യർ 4:15-ൽ പറയുന്നു "സ്നേഹത്തിൽ സത്യം സംസാരിച്ചുകൊണ്ടു ക്രിസ്തു എന്ന തലയോളം സകലത്തിലും വളരുവാൻ ഇടയാകും. നാം സത്യം പറയണം, അത് സ്നേഹത്തോടെ ആയിരിക്കണം. യേശു ശമര്യസ്ത്രീയോട് അവളുടെ ജീവിതത്തിലെ സത്യങ്ങൾ പറഞ്ഞു. (യോഹന്നാൻ 4) എന്നാൽ അവളെ അപമാനിച്ചില്ല. സദൃശവാക്യങ്ങൾ 15:1 നമ്മെ പ്രധാനപ്പെട്ട ഒരു ആശയവിനിമയ തത്വം പഠിപ്പിക്കുന്നു. "മൃദുവായ ഉത്തരം കോപത്തെ ശമിപ്പിക്കുന്നു കഠിനവാക്കോ കോപത്തെ ജ്വലിപ്പിക്കുന്നു".

യേശുക്രിസ്തുവാണ് ആശയവിനിമയത്തിന്റെ ഏറ്റവും ഉത്തമ മാതൃക. ലളിതമായ ഭാഷയിൽ ഉപമകളിലൂടെ ആഴമുള്ള സത്യങ്ങൾ യേശു നമ്മെ പഠിപ്പിച്ചു. യേശുവിന്റെ വാക്കുകളിൽ സത്യം, സ്നേഹം, കരുണ, അധികാരം, ജ്ഞാനം എന്നിവ ഒരുമിച്ചു കാണാം

പ്രാർത്ഥന എന്ന ആശയവിനിമയത്തിലൂടെ ഹൃദയം ദൈവസന്നിധിയിൽ പകരുവാൻ കഴിയണം.

(ശേഷം പേജ് 30 - ൽ)







ലീലാമ്മ ഉമ്മൻ

# രണ്ടു കാശിട്ട വിധവ

## (മർക്കൊസ് 12:41–44, ലൂക്കൊസ് 21:1–4)

**ക**ർത്താവായ യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷാകാലയളവിൽ യേശു ശിഷ്യന്മാരുമായി പലയിടങ്ങളിലും സഞ്ചരിക്കുകയും അവരെ പല ഉപമകളാൽ കാര്യങ്ങൾ ഗ്രഹിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്തുപോന്നു. ഇങ്ങനെയുള്ള അവസരങ്ങളിൽ അവൻ ചില ശാസ്ത്രിമാരെ സൂക്ഷിച്ചുകൊൾവിൻ എന്ന് സൂചന നൽകുന്നു. യേശു അരുളിച്ചെയ്യുന്നു, മറ്റുള്ളവരിൽനിന്നും അംഗീകാരവും മാനവും അന്വേഷിക്കുന്ന നേതാക്കളെ സൂക്ഷിച്ചുകൊൾക. അത്തരക്കാരെ കപടഭക്തരെന്നും ബാഹ്യനീതിയുടെ രംഗങ്ങളിലെ ചതിയന്മാരെന്നും വഞ്ചകരെന്നും വിവരിക്കുന്നു. തന്റെ രൂപാന്തരപ്പെടുത്തുന്ന, കൃപയോടുകൂടിയുള്ള പരിശുദ്ധാത്മാവിന്റെ അധിവാസം ഇത്തരം വ്യക്തികളിൽ ഇല്ലെന്നു കാണാം. അവർ വിധവമാരുടെ വീടുകളെ വിഴുങ്ങുകയും ഉപായത്താൽ നീണ്ട പ്രാർത്ഥന കഴിക്കുകയും ചെയ്യുന്നു. ഇവർക്ക് ഏറ്റവും വലിയ ശിക്ഷാവിധി വരും എന്ന് യേശു അരുളിച്ചെയ്യുന്നു. ചില യെഹൂദാമതനേതാക്കന്മാർ സംശയിക്കാത്ത, ഏകാകികളായ വിധവമാരെ മുതലെടുത്തു; ഇവർ ദൈവമനുഷ്യരാണെന്ന് വിശ്വസിച്ച് അവരെ സഹായിക്കുവാൻ വിധവകൾക്കുണ്ടായിരുന്ന താത്പര്യത്തെ ചൂഷണംചെയ്ത് ചതിയും വഞ്ചനയും ഉപയോഗിച്ച് അവരുടെ കഴിവിൽ കവിഞ്ഞ് നൽകുവാൻ വിധവമാരെ പ്രേരിപ്പിക്കുകയും ഇങ്ങനെ ലഭിക്കുന്ന ദാനങ്ങൾ കൊണ്ട് അവർ ആഡംബരമായി ജീവിക്കുകയും ചെയ്യുന്നു. ഓരോ കാലഘട്ടത്തിലും മതത്തിന്റെ പേരിൽ പിടിച്ചുപറിക്കുന്ന കലയിൽ വിദഗ്ദ്ധർ ഉണ്ടായിട്ടുണ്ട്.

ഈ പശ്ചാത്തലത്തിലാണ് യേശു ശ്രീഭണ്ഡാരത്തിന് നേരെ ഇരിക്കുമ്പോൾ പുരുഷാരം ഭണ്ഡാരത്തിൽ പണം ഇടുന്നത് നോക്കിക്കൊണ്ടിരുന്നത്. ധനവാന്മാർ പലരും വളരെ ഇട്ടു. ദരിദ്രയായ ഒരു വിധവ വന്ന് ഒരു പൈസക്കു ശരിയായ രണ്ട് കാശ് ഇട്ടു. "അപ്പോൾ യേശു ശിഷ്യന്മാരെ അടുക്കൽ വിളിച്ച്, ഭണ്ഡാരത്തിൽ ഇട്ട എല്ലാവരെക്കാളും ഈ ദരിദ്രയായ വിധവ അധികം ഇട്ടിരിക്കുന്നു എന്ന് ഞാൻ സത്യമായി നിങ്ങളോട് പറയുന്നു. എല്ലാവരും തങ്ങളുടെ സമൃദ്ധിയിൽനിന്ന് ഇട്ടു; ഇവളോ തന്റെ ഇല്ലായ്മയിൽനിന്നു തനിക്കുള്ളതു ഒക്കെയും തന്റെ ഉപജീവനം മുഴുവനും ഇട്ടു" എന്ന് അവരോട് പറഞ്ഞു. (മർക്കൊസ് 12:41-44). ഏകാകികളോ ഉപേക്ഷിക്കപ്പെട്ടവരോ വിധവമാരായവരോ ആയ സ്ത്രീകളോടുള്ള ദൈവത്തിന്റെ പ്രത്യേക സ്നേഹത്തെയും കരുതലിനെയും കുറിച്ച് ഇവിടെ കാണാം. രണ്ട് കാശ് - ഒരു പൈസക്ക് തുല്യമായ ഒരു തുക - തുകയുടെ വലിപ്പമല്ല, ദാനത്തിൽ പ്രതിഫലിക്കുന്ന സ്നേഹം, ഭക്തി, ത്യാഗം എന്നിവയാലാണ് ദൈവം കൊടുക്കലിനെ അളക്കുന്നത്. ത്യാഗം എന്ന് പറയുമ്പോൾ തന്റെ അഹോവൃത്തിക്കുള്ളതുപോലും ഇട്ടു എന്നുള്ളതിനെ സൂചിപ്പിക്കുന്നു. കൊടുക്കുന്നതിനെ ദൈവം എങ്ങനെ വിലയിരുത്തുന്നു എന്നുള്ളതിന് യേശു ഒരു പാഠം നല്കിയിരിക്കുന്നു. ഒരുവൻ കൊടുക്കുന്ന തുകയിലല്ല, കൊടുക്കുന്നതിനുള്ള അവന്റെ മനോഭാവത്തിന്റെ അളവിലാണ് അവന്റെ ദാനം നിർണ്ണയിക്കപ്പെടുന്നത്. ധനവാന്മാർ എപ്പോഴും അവരുടെ സമൃദ്ധിയിൽനിന്ന് കൊടുക്കുന്നു. ഇതിന് അവർക്ക് ഒരു ത്യാഗവും ആവശ്യമായി വരുന്നില്ല. എന്നാൽ ആ വിധവ അവളുടെ ഉപജീവനം ഒക്കെയും അവളുടെ വഴിപാടിലൂടെ സമർപ്പിച്ചിരിക്കുന്നു. കൊടു

പ്പാൻ സാധ്യതയുള്ളിടത്തോളം അവൾ കൊടുത്തു. യേശുവിനുവേണ്ടിയുള്ള നമ്മുടെ എല്ലാ സേവനങ്ങളിലും ഈ തത്വം പ്രായോഗികമാക്കാവുന്നതാണ്. അവനുവേണ്ടിയുള്ള നമ്മുടെ പ്രവർത്തിയും ശുശ്രൂഷയും ദൈവം വിധിക്കുന്നത് അതിന്റെ വലിപ്പം, സ്വാധീനം, വിജയം എന്നിവയെ അടിസ്ഥാനമാക്കിയല്ല, പ്രത്യുത ആത്മാർത്ഥമായ സമർപ്പണം, ത്യാഗം, വിശ്വാസം, സ്നേഹം എന്നിവയുടെ അളവനുസരിച്ചാണ്.

രണ്ട് സുവിശേഷങ്ങളിൽ മാത്രം പരാമർശിച്ചിരിക്കുന്ന വേദഭാഗം. ഇവിടെ വിധവയുടെ കുടുംബപശ്ചാത്തലമോ പേരോ ഒന്നുംതന്നെ പറയുന്നില്ല - വിധവ എന്ന് പറയുമ്പോൾ അവൾക്ക് ഒരു ഭർത്താവുണ്ടായിരുന്നു എന്നും, ആ വ്യക്തിയുടെ നഷ്ടത്തിൽ അവൾ വിധവയായി എന്നും അനുമാനിക്കാം. മക്കളെക്കുറിച്ചൊന്നുംതന്നെ ഈ ഭാഗത്ത് പ്രതിപാദിക്കുന്നില്ല. ഏകാകിയായ അവൾക്ക് ജീവിതത്തിലെ പ്രതിസന്ധിഘട്ടത്തിൽ മനംതളരാതെ നില്പാനുള്ള ഒരു ആത്മീയ ബലം ലഭിച്ചത് ഈ ദൈവാലയ അനുഭവത്തിലൂടെ ആയിരിക്കാം. എന്തായാലും നല്ലയൊരു ആത്മീയ ബന്ധം അവൾക്ക് ദൈവവുമായിട്ട് ഉള്ളതായി നമുക്ക് ഈ സമർപ്പണത്തിലൂടെ മനസ്സിലാക്കാം. കാരണം എല്ലാവരും അവരുടെ സമൃദ്ധിയിൽനിന്നും ഇട്ടപ്പോൾ അവൾ അവളുടെ കയ്യിൽ ഉണ്ടായിരന്നത് മുഴുവനും സമർപ്പിച്ചു. തന്റെ ഉപജീവനത്തെക്കുറിച്ചുപോലും ചിന്തിക്കാതെയുള്ള പ്രവർത്തി. ഇല്ലായ്മയിൽനിന്നും ഉള്ളത് കൊടുക്കുമ്പോഴാണ് ദൈവം കടാക്ഷിക്കുന്നത്. ക്രിസ്തീയസഭയുടെ വളർച്ച അനേകം പൂർവ്വ മാതാപിതാക്കന്മാരുടെ കണ്ണുനീരോടുകൂടിയ പ്രാർത്ഥനയാലും രണ്ടു ചില്ലിക്കാശിനാലും ആണെന്ന് നാം ഓർക്കണം. ഇന്ന് ആർക്കും ഒന്നിനും മുട്ടില്ല. സമ്പന്നതയുടെ നടുവിലാണ്. എന്നാൽ അതിൽനിന്നും നാം എത്ര മാത്രം ദൈവികവേലക്കുവേണ്ടി ചിലവിടുന്നു എന്നുള്ള സത്യം അവരവർ തന്നേ ചിന്തിക്കേണ്ട കാര്യമാണല്ലോ. പണം മനുഷ്യജീവിതത്തിന് ആവശ്യമായ ഒരു ഘടകമാണ്. എന്നാൽ ആ സമ്പത്തിൽ മാത്രം ആശ്രയംവെച്ചുകൊണ്ട് ജീവിക്കാതെ സത്യസന്ധത പുലർത്തി ദൈവത്തിനുള്ളത് ദൈവത്തിനു തന്നേ കൊടുത്തുകൊണ്ട് ജീവിക്കുവാൻ നാം തയ്യാറാകണം. ആ കാര്യത്തിൽ നമ്മുടെ മനഃസാക്ഷിയെ നാം വഞ്ചിക്കരുത്.

നമ്മുടെ സഭകളായും സംഘടനകളായും അനവധി ഇടങ്ങളിൽ നടത്തുന്ന സുവിശേഷവേലകളെ ഓർത്ത് പ്രാർത്ഥിക്കുകയും അകമഴിഞ്ഞ് കൈത്താങ്ങൽ നൽകുകയും ചെയ്താൽ അത് ഭാരത ഗ്രാമങ്ങളിലുള്ള ആവശ്യങ്ങളിലിരിക്കുന്നവർക്ക് പലർക്കും അനുഗ്രഹകരമാകും എന്നുള്ള വസ്തുത നാം മറന്നുപോകരുത്. ദൈവത്തിങ്കൽനിന്നും 'മൂഢാ' എന്നു വിളികേട്ട, ഏറിയ ആണ്ടുകൾക്കു മതിയായ അനവധി വസ്തുവക സ്വരൂപിച്ചുവെച്ച ധനവാന്റെ അനുഭവം നമ്മുക്കുണ്ടാവാതിരിക്കാൻ ശ്രദ്ധിക്കാം. ദൈവവിഷയമായി നമുക്ക് സമ്പന്നരാകാം. നമ്മുടെ ദാനങ്ങൾ സ്വർഗ്ഗനിക്ഷേപമായി തീരട്ടെ.!

രണ്ടു കാശിട്ട വിധവയെക്കുറിച്ച് ഒരു പാട്ടിന്റെ നാലുവരികൾ ഇവിടെ കുറിച്ചുകൊള്ളട്ടെ.

"രണ്ടു കാശിട്ട വിധവയെ

മാനിച്ചവൻ കരുണാമയൻ

ഇല്ലായ്മയിൽനിന്നും നൽകുന്ന ദാനങ്ങൾ

സ്വർഗ്ഗനിക്ഷേപമായ് ഉയരും."

അങ്ങനെ നമുക്കുള്ളതിൽനിന്നും പൂർണ്ണമനസ്സോടെ ദൈവസന്നിധിയിൽ നിക്ഷേപിക്കുമ്പോൾ ദൈവം നമുക്ക് അമർത്തിക്കുലുക്കി നിറഞ്ഞുകവിയുന്ന അനുഗ്രഹം നൽകും. അതിനായി ദൈവം നമ്മെ സഹായിക്കട്ടെ.!!

(തുടരും)

■■■

---

(പേജ് 4 - ൽ നിന്നും)

പ്രവർത്തനത്തിൽ പ്രാർത്ഥനക്ക് ഏറ്റവും വലിയ സ്ഥാനമുണ്ട്. യേശു പറഞ്ഞു: "കൊയ്ത്തു വളരെ ഉണ്ടു സത്യം; വേലക്കാരോ ചുരുക്കം; ആകയാൽ കൊയ്ത്തിന്റെ യജമാനനോടു കൊയ്ത്തിലേക്കു വേലക്കാരെ അയക്കേണ്ടതിന്നു യാചിപ്പിൻ." (മത്തായി 9:37,38)

സമ്പത്ത്കൊണ്ട് മാത്രം സുവിശേഷവേല നടക്കില്ല പിന്നെയോ പ്രാർത്ഥനയാണ് അതിപ്രധാനം. സുവിശേഷവേലയുടെ ശക്തി പ്രാർത്ഥനയും ഉപവാസവും ആണ്. ഭാരതസുവിശേഷീകരണം അതിന്റെ പൂർണ്ണ അർത്ഥത്തിൽ സഫലമാക്കാൻ എല്ലാ പ്രിയ ദൈവമക്കളും ദർശനത്തോടും സമർപ്പണത്തോടും കൂടി ഈ വേലക്ക് ചുമൽ കൊടുക്കണം. പോകാൻ കഴിയാത്തവർ പ്രാർത്ഥനയിൽ ജാഗ്രതപാലിക്കണം. സാമ്പത്തികമായി ശേഷിയുള്ളവർ പ്രാർത്ഥനയോടൊപ്പം സാമ്പത്തികമായി സഹായിക്കണം. ഭാരതഗ്രാമങ്ങളിൽ കടന്നുപോകാൻ വിളിയും തെരഞ്ഞെടുപ്പുമുള്ളവർ അപ്രകാരവും ചെയ്യണം. കർത്താവിനെന്നപോലെ ഈ ശുശ്രൂഷ നമ്മൾ നിർവഹിച്ചാൽ ഭാരതസുവിശേഷീകരണം പൂർണ്ണ തോതിൽ സാർത്ഥകമാക്കാൻ സാധിക്കും. ഇ.ജി.എം. ഓഫ് ഇന്ത്യ ഈ ശുശ്രൂഷ വളരെ സമർപ്പണത്തോടെ ഇന്നുവരെ നിർവഹിച്ചുവരുന്നു. പ്രിയ വായനക്കാരെ ദൈവനാമത്തിൽ ശുശ്രൂഷക്ക് ചുമൽതരുവാൻ ആത്മാർത്ഥമായി ക്ഷണിക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

■■■

യൂത്ത് കോർണർ



സോജ ടോണി

# തിമൊഥെയൊസ് – ചെറുപ്പത്തിൽ തന്നേ ദൈവത്തിനായി

“ആരും നിന്റെ യൌവനം തുച്ഛീകരിക്കരുതു; വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്കു മാതൃകയായിരിക്ക..” (1 തിമൊഥെയൊസ് 4:12)

തിമൊഥെയൊസ് പുതിയനിയമത്തിലെ ഏറ്റവും ശ്രദ്ധേയരായ യുവവിശ്വാസികളിൽ ഒരാളാണ്. അദ്ദേഹത്തിന്റെ ജീവിതം യുവജനങ്ങൾക്ക് ഒരു പ്രചോദനവും വെല്ലുവിളിയും മാതൃകയും ആണ്. ബാല്യകാലം മുതൽ ദൈവവചനത്തിൽ വളർന്ന്, യൌവനത്തിൽ തന്നേ ദൈവത്തിന്റെ വേലക്കായി സമർപ്പിക്കപ്പെട്ട തിമൊഥെയൊസ്, ദൈവം യുവജനങ്ങളെ എങ്ങനെ ശക്തമായി ഉപയോഗിക്കുമെന്നതിന്റെ ഉത്തമ ഉദാഹരണമാണ്.

അപ്പൊസ്തലനായ പൌലൊസ് തിമൊഥെയൊസിനെ തന്റെ ആത്മീയപുത്രനായി സ്വീകരിക്കുകയും സുവിശേഷ ശുശ്രൂഷയിൽ പങ്കാളിയാക്കുകയും ചെയ്തു. പ്രായം കുറഞ്ഞവനായിരുന്നെങ്കിലും ദൈവം അവനെ വലിയ കാര്യങ്ങൾക്കായി ഉപയോഗിച്ചു. സഭകളെ ശക്തിപ്പെടുത്താനും വിശ്വാസികളെ പ്രോത്സാഹിപ്പിക്കാനും അവൻ പ്രവർത്തിച്ചു. ദൈവത്തെ സേവിക്കാൻ വലിയ പ്രായമോ പ്രത്യേക സാഹചര്യങ്ങളോ ആവശ്യമില്ല. ദൈവത്തെ സ്നേഹിക്കുന്ന ഹൃദയവും അവനോടുള്ള സമർപ്പണവുമാണ് പ്രധാനമായത്. ചെറുപ്പത്തിൽ തന്നേ ദൈവത്തിനായി ജീവിക്കുന്നവരെ ദൈവം വലിയ ദൌത്യങ്ങൾ ഏൽപ്പിക്കും.

തിമോഥെയൊസിന്റെ ജീവിതത്തിലെ ചില സവിശേഷതകൾ നമുക്ക് പരിശോധിക്കാം.

**1. ദൈവഭക്തിയുള്ള കുടുംബത്തിൽ വളർന്ന യുവാവ്**

തിമൊഥെയൊസിന്റെ ആത്മീയജീവിതത്തിന്റെ അടിത്തറ അവന്റെ കുടുംബമായിരുന്നു. അമ്മയായ യൂനിക്കെയും അമ്മൂമ്മയായ ലോവീസും ദൈവഭക്തിയുള്ള സ്ത്രീകളായിരുന്നു. അവർ ബാല്യകാലംമുതൽ തന്നേ അവനെ വിശുദ്ധ തിരുവെഴുത്തുകൾ പഠിപ്പിച്ചു. 2 തിമൊഥെയൊസ് 3:15–ൽ പൌലൊസ് പറയുന്നത്, ബാല്യംമുതൽ അവൻ തിരുവെഴുത്തുകളെ അറിഞ്ഞിരുന്നു എന്നാണ്. ഒരു യുവാവിന്റെ ആത്മീയവളർച്ചയിൽ കുടുംബത്തിനും മാതാപിതാക്കൾക്കും വലിയ പങ്കുണ്ട്. തിമൊഥെയൊസിന്റെ ജീവിതം അതിന്റെ വ്യക്തമായ തെളിവാണ്.

**2. ചെറുപ്പത്തിൽ തന്നേ നല്ല സാക്ഷ്യം നേടിയവൻ**

തിമൊഥെയൊസ് ഒരു നല്ല വിശ്വാസി മാത്രമായിരുന്നില്ല; ചുറ്റുമുള്ള സഭകൾക്കിടയിൽ നല്ല സാക്ഷ്യവും നേടിയിരുന്നു. ലുസ്ത്രയിലും ഇക്കോന്യയിലുമുള്ള വിശ്വാസികൾ അവനെക്കുറിച്ച് നല്ല അഭിപ്രായം പറഞ്ഞിരുന്നു.. “അവൻ ലുസ്ത്രയിലും ഇക്കോന്യയിലുമുള്ള സഹോദരന്മാരാൽ നല്ല സാക്ഷ്യംകൊണ്ടവൻ ആയിരുന്നു”. (അപ്പൊ. പ്രവ. 16:2)

ഇന്നത്തെ യുവജനങ്ങൾക്കും ഇത് ഒരു വെല്ലുവിളിയാണ്. ദൈവാലയത്തിനകത്ത് മാത്രമല്ല, കുടുംബത്തിലും സുഹൃത്തുക്കൾക്കിടയിലും സമൂഹത്തിലും നല്ല സാക്ഷ്യം ഉണ്ടായിരിക്കണം.

### 3. ദൈവവിളി-അനുസരിച്ച യുവാവ്

പൗലൊസ് തന്റെ യാത്രകളിൽ തിമൊഥെയൊസിനെ കൂട്ടുപ്രവർത്തകനായി തിരഞ്ഞെടുത്തു. അത് വലിയൊരു ഉത്തരവാദിത്വമായിരുന്നു. യാത്രകളിൽ കഷ്ടപ്പാടുകളും എതിർപ്പുകളും അപകടങ്ങളും ഉണ്ടായിരുന്നെങ്കിലും തിമൊഥെയൊസ് ദൈവത്തിന്റെ വിളിയിൽനിന്ന് പിന്തിരിഞ്ഞില്ല. "അതുകൊണ്ടു നമ്മുടെ കർത്താവിന്റെ സാക്ഷ്യത്തെയും അവന്റെ ബദ്ധനായ എന്നെയും കുറിച്ചു ലജ്ജിക്കാതെ സുവിശേഷത്തിന്നായി ദൈവശക്തിക്കു ഒത്തവണ്ണം നീയും എന്നോടുകൂടെ കഷ്ടം സഹിക്ക." (2 തിമൊഥെയൊസ് 1:8) 'നിന്നിലുള്ള കൃപാവരം ഉപേക്ഷയായി വിചാരിക്കാതെ.' (1 തിമൊഥെയൊസ് 4:14) ദൈവം നൽകിയ വിളിയും ദാനവും വിശ്വസ്തതയോടെ നിറവേറ്റുവാൻ പൗലൊസ് തിമൊഥെയൊസിനെ പ്രോത്സാഹിപ്പിച്ചു. യുവജനങ്ങളുടെ ജീവിതത്തിലും ദൈവം ഒരു പ്രത്യേക ദൗത്യം ഒരുക്കിയിട്ടുണ്ട്. ആ വിളി തിരിച്ചറിയുകയും അതു അനുസരിക്കുകയും ചെയ്യുന്നത് വലിയ അനുഗ്രഹമാണ്.

### 4. പ്രായം കുറവായിരുന്നെങ്കിലും ആത്മീയ പക്വതയുള്ളവൻ

തിമൊഥെയൊസ് ചെറുപ്പക്കാരനായിരുന്നു. അതുകൊണ്ട് ചിലർ അവനെ നിസ്സാരനായി കാണാൻ സാധ്യതയുണ്ടായിരുന്നു. എന്നാൽ പൗലൊസ് അവനോട് പറഞ്ഞത്: "ആരും നിന്റെ യൌവനം തുച്ഛീകരിക്കരുതു; വാക്കിലും നടപ്പിലും സ്നേഹത്തിലും വിശ്വാസത്തിലും നിർമ്മലതയിലും വിശ്വാസികൾക്കു മാതൃകയായിരിക്ക". (1 തിമൊഥെയൊസ് 4:12) ഈ വചനം എല്ലാ യുവജനങ്ങൾക്കും ഒരു ദൈവിക ആഹ്വാനമാണ്. പ്രായം കുറഞ്ഞാലും ജീവിതം മറ്റുള്ളവർക്ക് മാതൃകയാകാം. ദൈവത്തെ സേവിക്കാൻ പ്രായം ഒരു തടസ്സമല്ല. ചെറുപ്പത്തിൽ തന്നേ ദൈവത്തിനായി സമർപ്പിക്കപ്പെട്ട തിമൊഥെയൊസിനെ ദൈവം വലിയ ശുശ്രൂഷക്കായി ഉപയോഗിച്ചു.

### 5. പൗലൊസിന്റെ വിശ്വസ്ത സഹപ്രവർത്തകൻ

പൗലൊസ് തിമൊഥെയൊസിനെ ഒരു സാധാരണ സഹപ്രവർത്തകനായി മാത്രമല്ല, വിശ്വസ്തനായ ഒരു ദൈവദാസനായി കണ്ടു. അതുകൊണ്ടു തന്നെ നിരവധി പ്രധാനപ്പെട്ട ദൗത്യങ്ങൾ അദ്ദേഹം തിമൊഥെയൊസിനെ ഏൽപ്പിച്ചു. സഭകളെ സന്ദർശിക്കാനും വിശ്വാസികളെ ശക്തിപ്പെടുത്താനും ആവശ്യമായ ആത്മീയ നിർദ്ദേശങ്ങൾ നൽകാനും പ്രശ്നങ്ങൾ പരിഹരിക്കാനും പൗലൊസ് അവനെ വിവിധ സ്ഥലങ്ങളിലേക്ക് അയച്ചു.

തെസ്സലൊനീക്യയിലെ വിശ്വാസികളുടെ വിശ്വാസം പരിശോധിക്കാനും അവരെ ഉറപ്പിക്കാനും പൗലൊസ് തിമൊഥെയൊസിനെ അയച്ചതായി 1 തെസ്സലൊനീക്യർ 3:1-3-ൽ കാണാം. ഇത് തിമൊഥെയൊസിലുള്ള പൗലൊസിന്റെ വിശ്വാസം എത്രത്തോളം ശക്തമായിരുന്നു എന്ന് കാണിക്കുന്നു. അതുപോലെ, കൊരിന്തിലെ വിശ്വാസികളെ പൗലൊസിന്റെ വഴികളെ ഓർമ്മിപ്പിക്കുന്നതിനായി തിമൊഥെയൊസിനെ അയച്ചു (1 കൊരിന്ത്യർ 4:17). പിന്നീട് എഫെസൊസിലെ സഭയെ ശുശ്രൂഷിക്കാനുള്ള വലിയ ഉത്തരവാദിത്വവും അവന് ലഭിച്ചു (1 തിമൊഥെയൊസ് 1:3). തിമൊഥെയൊസിന് വലിയ ഉത്തരവാദിത്വങ്ങൾ ലഭിച്ചത് അവന്റെ പ്രായംകൊണ്ടല്ല, വിശ്വസ്തതകൊണ്ടാണ്. ചെറിയ കാര്യങ്ങളിൽ വിശ്വസ്തനായിരുന്ന യുവാവിനെ ദൈവം വലിയ കാര്യങ്ങൾക്കായി ഉപയോഗിച്ചു. ലൂക്കൊസ് 16:10 നമ്മെ ഓർമ്മിപ്പിക്കുന്നു: "അത്യല്പത്തിൽ വിശ്വസ്തനായവൻ അധികത്തിലും വിശ്വസ്തൻ." അതുകൊണ്ട് യുവജനങ്ങൾ വലിയ അവസരങ്ങൾ ലഭിക്കുന്നതിനായി കാത്തിരിക്കേണ്ടതില്ല. ഇന്ന് ലഭിക്കുന്ന ചെറിയ ഉത്തരവാദിത്വങ്ങൾ പോലും വിശ്വസ്തതയോടെ നിർവഹിക്കണം. ചെറിയ ശുശ്രൂഷ, ചെറിയ ഉത്തരവാദിത്വം, ചെറിയ അവസരം ഇവയെല്ലാം ദൈവത്തിന്റെ വലിയ പദ്ധതിയുടെ ഭാഗമായിരിക്കാം.

### 6. വെല്ലുവിളികൾക്കിടയിലും ഉറച്ചുനിന്ന യുവാവ്

തിമൊഥെയൊസിന്റെ ജീവിതം എല്ലായ്പ്പോഴും സുഗമമായിരുന്നില്ല. ശുശ്രൂഷയിൽ എതിർപ്പുകളും കഷ്ടതകളും നേരിടേണ്ടിവന്നു. കൂടാതെ, തിമൊഥെയൊസിന് ചില ഭയങ്ങളും വ്യക്തിപരമായ ദൗർബല്യങ്ങളും ഉണ്ടായിരുന്നുവെന്ന് പൗലൊസിന്റെ ലേഖനങ്ങളിൽനിന്ന് മനസ്സിലാക്കാം. എന്നിരുന്നാലും, അവൻ തന്റെ പരിമിതികളെ നോക്കി പിന്മാറാതെ ദൈവത്തിന്റെ ശക്തിയിൽ ആശ്രയിച്ച് ശുശ്രൂഷയിൽ മുന്നോട്ടുപോയി.

പൗലൊസ് തിമൊഥെയൊസിനോട് ഇങ്ങനെ ഓർമ്മിപ്പിക്കുന്നു." ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നതു". (2 തിമൊഥെയൊസ് 1:7) തിമൊഥെയൊസിന് ഭയം ഉണ്ടായിരുന്നെങ്കിലും, ഭയം അവന്റെ ശുശ്രൂഷയെ നിയന്ത്രിക്കാൻ അവൻ അനുവദിച്ചില്ല. ദൈവം നൽകിയ ശക്തിയിൽ ആശ്രയിച്ച് അവൻ മുന്നോട്ട്പോയി.അതുപോലെ പൗലൊസ് അവനോട് സുവിശേഷത്തിനുവേണ്ടി കഷ്ടത സഹിക്കാനും ആഹ്വാനം ചെയ്തു: "ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക." (2 തിമൊഥെയൊസ് 2:3) ഇത് തിമൊഥെയൊസിന്റെ ജീവിതത്തിൽ ശുശ്രൂഷ, ചിലപ്പോൾ ത്യാഗവും കഷ്ടതയും സഹനവും ഉള്ളതായിരുന്നു എന്ന് കാണിക്കുന്നു.

തിമൊഥെയൊസ് തന്റെ കഴിവുകളെക്കുറിച്ചല്ല, ദൈവത്തിന്റെ ശക്തിയിലാണ് ആശ്രയിച്ചത്. തന്റെ

(ശേഷം പേജ് 28 - ൽ)



ടീച്ചർ



സജിത എം എസ്

# വിശ്വാസത്തിന്റെ ചെറിയ വെളിച്ചം

ഒരിക്കൽ മലയോരഗ്രാമത്തിലെ ഒരു കൊച്ചു വീട്ടിൽ ആൽഫിൻ എന്നൊരു ഒൻപതുകാരൻ ഉണ്ടായിരുന്നു. വളരെ മിടുക്കനും എല്ലാവരോടും സ്നേഹമുള്ളവനുമായിരുന്നു അവൻ. പക്ഷേ, അവനൊരു വലിയ വിഷമമുണ്ടായിരുന്നു സ്കൂളിലെ കലാമേളയിൽ പാട്ടുപാടാൻ പേരുകൊടുത്തപ്പോൾ, കൂട്ടുകാർ അവനെ കളിയാക്കി. 'നിന്റെ ശബ്ദത്തിന് ഒരു ഈണമില്ല, നീ പാടിയാൽ എല്ലാവരും ചിരിക്കും' എന്ന് അവർ പറഞ്ഞു.

കൂട്ടുകാരുടെ വാക്ക് കേട്ട് മനസ്സ് തകർന്ന ആൽഫിൻ കരഞ്ഞുകൊണ്ട് വീട്ടിലേക്ക് ഓടിയെത്തി. അവൻ തന്റെ മുറിയിൽ കയറി വാതിലടച്ച് കരഞ്ഞു. ഇനി ഒരിക്കലും പാടില്ലെന്നും മത്സരത്തിൽ പങ്കെടുക്കില്ലെന്നും അവൻ ഉറപ്പിച്ചു.

ഇതൊക്കെ കണ്ടുകൊണ്ട് മുറ്റത്ത് നിൽക്കുകയായിരുന്ന അവന്റെ വല്യപ്പച്ചൻ ആൽഫിന്റെ അടുത്തേക്ക് വന്നു. വല്യപ്പച്ചൻ അവന്റെ തോളിൽ പതുക്കെ തട്ടി, തോട്ടത്തിൽ പൂത്തുനിൽക്കുന്ന മനോഹരമായ ഒരു റോസാച്ചെടിയുടെ അടുത്തേക്ക് അവനെ വിളിച്ചുകൊണ്ടുപോയി.

'ആൽഫിൻ, നീ ഈ ചെടി ശ്രദ്ധിച്ചുനോക്കൂ. ഇതിൽ മുള്ളുകളുമുണ്ട്, മനോഹരമായ പൂക്കളുമുണ്ട്. മുള്ളുകളെ പേടിച്ച് റോസാപ്പൂവ് വിരിയാതിരിക്കുന്നില്ലല്ലോ? അതുപോലെയാണ് നമ്മളും,' വല്യപ്പച്ചൻ പറഞ്ഞു.

'ദൈവം നമുക്ക് ഓരോരുത്തർക്കും തന്നിരിക്കുന്നത് വ്യത്യസ്തമായ കഴിവുകളാണ്. മറ്റുള്ളവർ കളിയാക്കും എന്ന് പേടിച്ച് ദൈവം തന്ന കഴിവുകൾ നമ്മൾ ഒളിച്ചുവെക്കാൻ പാടില്ല. മനുഷ്യർ നമ്മുടെ പോരായ്മകൾ നോക്കുമ്പോൾ, ദൈവം നോക്കുന്നത് നമ്മുടെ മനസ്സിന്റെ ആത്മാർത്ഥതയാണ്. നിന്റെ കഴിവിൽ വിശ്വസിച്ച്, ദൈവത്തിൽ ആശ്രയിച്ച് നീ മുന്നോട്ട് പോവുകയാണ് വേണ്ടത്. അത് മറ്റുള്ളവർക്ക് വേണ്ടിയല്ല, ദൈവത്തിന്റെ നാമമഹത്വത്തിന് വേണ്ടിയാകണം.'

വല്യപ്പച്ചന്റെ ഈ വാക്കുകൾ ആൽഫിന്റെ മനസ്സിൽ വലിയൊരു വെളിച്ചമായി. അവൻ കണ്ണീർ തുടച്ചു. ദൈവത്തോട് മനമുരുകി പ്രാർത്ഥിച്ചുകൊണ്ട് അവൻ വീണ്ടും പാട്ട് പരിശീലിക്കാൻ തുടങ്ങി.

മത്സരദിവസം വേദിയിൽ കയറിയപ്പോൾ അവന് ചെറിയൊരു ഭയം തോന്നിയെങ്കിലും, വല്യപ്പച്ചൻ പറഞ്ഞ കാര്യങ്ങൾ അവൻ ഓർത്തു. ദൈവത്തിൽ ആശ്രയിച്ച് അവൻ മുഴുവൻ മനസ്സോടെ പാടി. അവന്റെ ഈണത്തേക്കാൾ, ആ പാട്ടിലുണ്ടായിരുന്ന ആത്മാർത്ഥതയും വിശ്വാസവും കേൾവിക്കാരുടെ ഉള്ളം തൊട്ടു. പാട്ട് അവസാനിച്ചപ്പോൾ ഹാൾ മുഴുവൻ കൈയടിയാൽ മുഖരിതമായി! അന്ന് ഒന്നാം സമ്മാനം കിട്ടിയതിനേക്കാൾ ആൽഫിന് സന്തോഷം കൊടുത്തത്, പേടിയെ മറികടക്കാൻ കഴിഞ്ഞതായിരുന്നു.

ഓർക്കുക: ആളുകൾ നമ്മളെക്കുറിച്ച് എന്ത് പറയുന്നു എന്നതല്ല പ്രധാനം, ദൈവം നമ്മെക്കുറിച്ച് എന്ത് കരുതുന്നു എന്നതാണ്. നമുക്കുള്ള കഴിവുകൾ ചെറുതായാലും വലുതായാലും അത് ദൈവത്തിൽ ആശ്രയിച്ച് ധൈര്യത്തോടെ ഉപയോഗിക്കുമ്പോൾ അവിടുന്ന് നമ്മെ ഉയർത്തും.

"എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിന്നും മതിയാകുന്നു." (ഫിലിപ്പിയർ 4:13) ■■■

# 2026 ഒക്ടോബർ

**MORNING FELLOWSHIP**
**എല്ലാ ദിവസവും**

HINDI : 5.00 am – 6.15 am
ID https://meet.google.com/gdhnyycvjy

MALAYALAM : 5.40 am – 6.40 am
ID https://meet.google.com/iibyyvdseq

## ഓൺലൈൻ പ്രോഗ്രാമുകൾ

ഗൂഗിൾ മീറ്റ് വഴി നടത്തപ്പെടുന്നു.
Meeting ID : iibyyvdseq

| Day | Time | Programme | Platform |
|---|---|---|---|
| Every Sunday | 6:00 pm - 7:00 pm | Sunday Club for Kids, Teens and Youth | Google Meet |
| Every Sunday | 9:30 pm - 10:30 pm | Middle East Fellowship | Google Meet |
| Every Monday | 2:30 pm - 3:30 pm | Ladies Prayer Meeting | Google Meet |
| Every Tuesday | 8:00 pm - 9:00 pm | Bible Study | Google Meet |

എല്ലാ രണ്ടാം ശനിയാഴ്ചയും 10 am - 1 pm
അല്ലപ്ര മിഷൻ സെന്ററിൽവെച്ച് ധ്യാനയോഗം ഉണ്ടായിരിക്കുന്നതാണ്.

## മറ്റ് പ്രോഗ്രാമുകൾ

| തീയതി | ദിവസം | സമയം | പ്രോഗ്രാം | സ്ഥലം |
|---|---|---|---|---|
| 01.10.2026 | വ്യാഴം | 7 pm - 9 pm | പ്രവർത്തക കൂട്ടായ്മ | മിഷൻസെന്റർ |
| 02.10.2026 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (നസ്രേത്ത്) | തട്ടാംമുകൾ (പുന്നാശ്ശേരിൽ ശ്രീ. പോൾ പി. വർഗ്ഗീസിന്റെ ഭവനം) |
| 03.10.2026 | ശനി | 10 am - 12 pm | ഉപവാസപ്രാർത്ഥന | മിഷൻസെന്റർ |
| | | 12 pm - 1 pm | എൽഡേഴ്സ് മീറ്റിംഗ് | മിഷൻസെന്റർ |
| 10.10.2026 | ശനി | 10 am - 1 pm | ധ്യാനയോഗം | മിഷൻസെന്റർ |
| | | 10 am - 12 pm | സഫൽ ക്ലബ് (കുട്ടികൾക്ക്) | മിഷൻസെന്റർ |
| 15.10.2026 | വ്യാഴം | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഗെത്സമെൻ) | പുതുമന (വെട്ടുകാട്ടിൽ ശ്രീ. വി. ഡി. എൽദോസിന്റെ ഭവനം |
| | | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ഹോറേബ്) | മാറാടി (വെള്ളിയാംകുഴിയിൽ ശ്രീ. ബിജു പൗലോസിന്റെ ഭവനം) |
| 17.10.2026 | ശനി | 10 am - 12 pm | ഉപവാസപ്രാർത്ഥന | മിഷൻസെന്റർ |
| 22.10.2026 | വ്യാഴം | 7 pm - 9 pm | പ്രാർത്ഥനായോഗം | തട്ടാംമുകൾ (പുന്നാശ്ശേരിൽ ശ്രീ. പി.വി. ജോസഫിന്റെ ഭവനം) |
| 24.10.2026 | ശനി | 10 am - 12 pm | ഉപവാസപ്രാർത്ഥന | മിഷൻസെന്റർ |
| | | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (ബേത്‌ലഹേം) | അല്ലപ്ര (പള്ളത്തുകുടി ശ്രീ. പി. പി. വർഗീസിന്റെ ഭവനം) |
| 30.10.2026 | വെള്ളി | 7 pm - 9 pm | യൂണിറ്റ് മീറ്റിംഗ് (സീനായ്) | വായ്ക്കര (പാലത്തിങ്കൽ ശ്രീ. പി. എം. എൽദോസിന്റെ ഭവനം) |
| 31.10.2026 | ശനി | 10 am - 12 pm | ഉപവാസപ്രാർത്ഥന | മിഷൻസെന്റർ |

# GOSPEL MISSION BIBLICAL ACADEMY

# SUNDAY CLUB

## എല്ലാ ഞായറാഴ്ച്ചയും 6 pm - 7 pm (IST)

ദൈവസ്നേഹത്തിലും ക്രിസ്തീയ മൂല്യങ്ങളിലും അധിഷ്ഠിതമായി പുതിയ തലമുറയെ വാർത്തെടുക്കുക എന്നതാണ് നമ്മുടെ പ്രധാന ലക്ഷ്യം. കുട്ടികളുടെയും യുവജനങ്ങളുടെയും ആത്മീയവും മാനസികവുമായ വളർച്ചക്ക് കരുത്തേകുകയും, ഉത്തമമായ വ്യക്തിത്വത്തിന് ഉടമകളായി അവരെ സമൂഹത്തിൽ വളർത്തിക്കൊണ്ടുവരികയും ചെയ്യുക എന്നതാണ് ഇതിലൂടെ നാം വിഭാവനം ചെയ്യുന്നത്. ഈ ലക്ഷ്യത്തിലേക്ക് നമ്മുടെ കുഞ്ഞുങ്ങളെ കൈപിടിച്ചു നടത്തുന്നതിനായി അർപ്പണബോധമുള്ള അധ്യാപകരുടെ ഒരു നിരതന്നെയുണ്ട്. ദൈവവചനത്തിലൂടെയും തങ്ങളുടെ മികച്ച മാതൃകയിലൂടെയും അവർ നമ്മുടെ വിദ്യാർത്ഥികൾക്ക് ആത്മീയ വഴികാട്ടികളാകുന്നു.

### പ്രധാന പ്രവർത്തനങ്ങൾ

**സൺഡേസ്കൂൾ (ഓൺലൈൻ പ്ലാറ്റ്ഫോം):**

കുട്ടികൾക്ക് ദൈവവചനം പഠിക്കുന്നതിനും ആത്മീയമായി വളരുന്നതിനുമായി എല്ലാ ഞായറാഴ്ചകളിലും വൈകിട്ട് 6:00 മുതൽ 7:00 വരെ സൺഡേസ്കൂൾ ക്ലാസുകൾ ഓൺലൈനായി നടത്തിവരുന്നു. പ്രായത്തിനനുസരിച്ച് Kids, Teens, Youth എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായാണ് ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നത്.

**സഫൽ ക്ലബ്ബ് (SAFAL Club):**

സ്കൂൾ - കോളേജ് വിദ്യാർത്ഥികളിൽ ക്രിസ്തീയമൂല്യങ്ങൾ വളർത്തുന്നതിനും അവരുടെ വ്യക്തിത്വ വികാസത്തിനുമായി സഫൽ ക്ലബ്ബ് പ്രവർത്തിക്കുന്നു. പരസ്പരം ഒത്തുചേരുന്നതിനും ആശയങ്ങൾ പങ്കുവെക്കുന്നതിനുമായി എല്ലാ രണ്ടാം ശനിയാഴ്ചകളിലും നമ്മുടെ മിഷൻസെന്ററിൽ വെച്ച് സഫൽ ക്ലബ്ബിന്റെ മീറ്റിംഗുകൾ നടക്കുന്നു.

നമ്മളുടെ എല്ലാ മക്കളെയും ഈ കൂട്ടായ്മകളുടെ ഭാഗമാക്കൂ; അവരുടെ ശോഭനമായ ആത്മീയ ഭാവി ഉറപ്പുവരുത്തൂ! തുടർന്നും സൺഡേസ്കൂളിന്റെ പ്രവർത്തനങ്ങൾക്കായി പ്രാർത്ഥിക്കണമേ . കുട്ടികളെ സൺഡേ ക്ലബ്ബിൽ ചേർക്കാൻ ആഗ്രഹിക്കുന്നവർ ഓഫീസ് നമ്പറുമായി ബന്ധപ്പെടണമേ! (8281616654) ദൈവം അനുഗ്രഹിക്കട്ടെ!

**MENTORS**


Dr. നെൽസൻ മാത്യു


Sri. റ്റി. കെ. വർഗ്ഗീസ്


Dr. നെൽസൺ അബ്രാഹം


Sri. ബേബി ജോർജ്ജ്


Smt. ജാൻസി വർഗ്ഗീസ്


Smt. ജോജ ജോണി


Smt. ബിജി ബിജു


Smt. ലീലാമ്മ ഉമ്മൻ


Smt. ചിന്നു രാജൻ


Smt. മോളിക്കുട്ടി ഉമ്മൻ


Smt. ബിജി സ്റ്റീബ


Smt. രഞ്ജിനി കുര്യൻ


Smt. ഷിബി സാബു


Smt. വത്സ കുര്യാക്കോസ്


Smt. ജാൻസി ജോൺ


Smt. ശോശാമ്മ സാബു


Smt. ആലീസ് ജോർജ്ജ്


Smt. ബിജി എബ്രഹാം


Smt. ജയന്തി ബെന്നി

# സഭ – ആരാധനയിലൂ

## വിവിധ മിഷൻഫീ

ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ആരാധനാലയങ്ങളിലും പ്രെയർഹാളുകളിലും വിശ്വാസികൾ ഒരുമിച്ചുകൂടി സ്തുതിയിലും പ്ര
ദൈവിക സാന്നിദ്ധ്യത്തിലൂടെ വ്യക്തികളുടെയും കുടുംബങ്ങളുടെയും ജീവിതങ്ങളിൽ ആത്മീയ നവീകരണത്തിനും
അവരുടെ ജീവിതത്തിന്റെ അവിഭാജ്യ ഭാഗമായി, ജീവശ്വാസമായി മാറിയിരിക്കുന്നു. പ്രതീക്ഷയോടും വിശ്വാസത്തോ
ദൈവം നൽകുന്ന അനുഗ്രഹങ്ങൾക്കും വിടുതലുകൾക്കു



ആന്ധ്രാപ്രദേശ്



ബീഹാർ





ഛത്തീസ്ഗഢ്



ഉത്തർപ്രദേശ്



ബാൻ



ജാർഖണ്ഡ്

## ടെ അനുഗ്രഹത്തിലേക്ക്

### ൾഡുകളിൽ നിന്നും

പാർത്ഥനയിലും വചനശുശ്രൂഷയിലും പങ്കുചേർന്ന് ദൈവത്തെ ആരാധിക്കുകയും ആത്മീയമായി വളരുകയും ചെയ്യുന്നു. രോഗസൗഖ്യത്തിനും വിടുതലിനും ആശ്വാസത്തിനും അനുഗ്രഹത്തിനും ഇടയാകുന്നു. ദൈവത്തെ ആരാധിക്കുന്നത് ടും വലിയ താത്പര്യത്തോടുംകൂടി ആരാധനക്കായി കടന്നുവരുന്ന അനേകരെ ഓർത്ത്, അവരുടെ ജീവിതങ്ങളിൽ ും സൗഖ്യങ്ങൾക്കും വേണ്ടി ദൈവത്തെ മഹത്വപ്പെടുത്താം.



ഗുജറാത്ത്



മദ്ധ്യപ്രദേശ്





വെസ്റ്റ് ബംഗാൾ

രാജസ്ഥാൻ



സ് വാഡ



പാട്‌ലകട്ടാറ



മഹാരാഷ്ട്ര

# ഗ്രാമങ്ങളിലെ സ്കൂൾകുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണംചെയ്തു



ദൈവകൃപയാൽ ഈ വർഷവും വിവിധ സംസ്ഥാനങ്ങളിൽ വിവിധ ഗോത്രവിഭാഗങ്ങളിൽപ്പെട്ട കുടുംബങ്ങളിൽ നിന്നും LKG, UKG, STD 1-10, +2 , College എന്നീ തലങ്ങളിൽ പഠിക്കുന്ന മക്കൾക്ക് പഠനോപകരണങ്ങൾ നൽകി സഹായിച്ചു. ഈ പദ്ധതിക്കായി ഇതിന്റെ പിന്നിൽ നിന്ന് പ്രാർത്ഥിച്ചവരെയും സഹായിച്ചവരെയും നന്ദിയോടെ ഓർക്കുന്നു. ദൈവം അനുഗ്രഹിക്കട്ടെ.



# ദൈനംദിന സഹായി

വിവിധ വിഷയങ്ങൾക്കായി ഇടിവിൽനിന്ന് പ്രാർത്ഥിക്കുവാൻ തൽപ്പരരായിട്ടുള്ളവർക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് ദൈനംദിന പ്രാർത്ഥനാ സഹായി. ഒരുവർഷംകൊണ്ട് ബൈബിൾ മുഴുവൻ വായിച്ചുതീർക്കാവുന്ന വിധത്തിൽ ഓരോ ദിവസത്തേക്കുമായി വായനാഭാഗങ്ങളും ഒപ്പം ചേർത്തിട്ടുണ്ട്.

## 01

**വായനഭാഗം** : **സഭാപ്രസംഗി 10, 11 അദ്ധ്യായങ്ങൾ, എഫെസ്യർ 2, 3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ആന്ധ്രാപ്രദേശ് (വിശാഖപട്ടണം)
**പ്രവർത്തകർ** : സാംസൺ രാജു (ഭാര്യ: എസ്ഥേർ, മക്കൾ: സ്തുതി, നിരീക്ഷണ, ദിവിന, ദിവൈൻ) ബാവി റെഡ്ഡി, മധുഷന സുവർണ്ണരാജ്, പേമാടി ശ്രീനിവാസു, യുംഗ ആദിനാരായണ
**വിഷയങ്ങൾ** : നിഖിൽ, ചാന്തി- കാൻസർ, അഷയമ്മ- പക്ഷാഘാതം, സോളമൻ, ലക്ഷമ്മ- പ്രമേഹം, നിരീക്ഷണ, ദിവൈൻ, റോജ, ആഞ്ചലീന- പഠനത്തിന്റെ അനുഗ്രഹത്തിനായും, വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 02

**വായനഭാഗം** : **സഭാപ്രസംഗി 12–ാം അദ്ധ്യായം, എഫെസ്യർ 4, 5, 6 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : അരുണാചൽ പ്രദേശ് (ബോംഡില)
**പ്രവർത്തകൻ** : പ്രബിൻ ബിശ്വകർമ്മ (ഭാര്യ: ഗീത, മക്കൾ: മുസ്കാൻ, ഗ്രേസി, ടെൻസി)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 03

**വായനഭാഗം** : **ഉത്തമഗീതം 1, 2 അദ്ധ്യായങ്ങൾ, ഫിലിപ്പിയർ 1, 2 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : അസം (ബൊങ്കൈഗാവ്)
**പ്രവർത്തകർ** : വിക്ടർ സോയി (ഭാര്യ: അനിത, മകൾ: എസ്ഥേർ) ബുധുവ മുണ്ട (ഭാര്യ: സൽമി, മക്കൾ: മാർഗരെറ്റ്, ലൂസിയ), കുശാൽ ബോറോ (ഭാര്യ: ക്രിസ്റ്റീന, മകൻ: ജോഷ്വാ)
**വിഷയങ്ങൾ** : മജോണി- വായിൽ കുരു, ബി.പി. നോർമൽ ആകുവാനും, സുനിത- പനി, സൗഖ്യത്തിനായും, മിതാ- കുടുംബമായി വിശ്വാസത്തിൽ വരുന്നതിനും, രാജു- മാമണി കുടുംബത്തിന്റെ അനുഗ്രഹത്തിനായും, ബർപേട്ട, ചുയിബാരി വില്ലേജുകളിൽ വേല ആരംഭിക്കുന്നതിനായും, എസ്ഥേർ- പരീക്ഷയിൽ ഉന്നത വിജയത്തിനായും പ്രാർത്ഥിക്കാം.

## 04

**വായനഭാഗം** : **ഉത്തമഗീതം 3, 4 അദ്ധ്യായങ്ങൾ, ഫിലിപ്പിയർ 3, 4 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) ഉമേഷ് സോറൻ, ഗ്യാൻ പ്രകാശ്
**വിഷയങ്ങൾ** : രവി- അമിതമായ മദ്യപാനം മാറുവാനും സാക്ഷി- ക്ഷീണം, ബ്ലഡ് കുറവ്, എക്ത- തൈറോയിഡ് ഇവരുടെ സൗഖ്യത്തിനായും, ശുശ്രൂഷകളുടെ അനുഗ്രഹത്തിനായും, എല്ലാ വേലക്കാർക്കായും പ്രാർത്ഥിക്കാം.

## 05

**വായനഭാഗം** : **ഉത്തമഗീതം 5, 6 അദ്ധ്യായങ്ങൾ, കൊലൊസ്യർ 1, 2 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (പൂർണ്ണിയ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) ഛോട്ടേലാൽ (ഭാര്യ: സുനിത, മക്കൾ: ട്രീഷ, ഇമ്മാനുവേൽ)
**വിഷയങ്ങൾ** : ഹരി- മാനസാന്തരത്തിനായും, ഫീൽഡിലെ യുവതീ യുവാക്കൾക്കായും, നല്ല ജീവിതപങ്കാളികളെ ലഭിക്കുവാനും, സൺഡേസ്കൂളിനായും, പ്രാർത്ഥിക്കാം.

## 06

**വായനഭാഗം** : **ഉത്തമഗീതം 7, 8 അദ്ധ്യായങ്ങൾ, കൊലൊസ്യർ 3, 4 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : ഹാനോക് പട്ടേൽ (ഭാര്യ: എക്ത, മക്കൾ: ഹർഷ്, പ്രതിക്യ) രൂപ്ചന്ദ്ര് മുർമു (ഭാര്യ: അനിത, മക്കൾ: രൂബേൻ, നിർമ്മൽ, അനുഷ)
**വിഷയങ്ങൾ** : മോണിക്ക, ബബ്ലു- മാനസ്സികപ്രയാസങ്ങൾ മാറുവാനും, സുനിൽ, പീറ്റർ- സ്വത്ത്തർക്കം തീരുവാനും, ടാലു, വീനിത്, സുനിത- സാത്താന്യബന്ധനം വിടുതലിനായും, ഹരിയാബീർ ഗ്രാമത്തിലെ മദ്യപാനികളുടെ മാനസാന്തരത്തിനായും ജോൺ- കുടുംബത്തിന്റെ അനുഗ്രഹത്തിനായും വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 07

**വായനഭാഗം** : **യെശയ്യ 1, 2 അദ്ധ്യായങ്ങൾ, 1 തെസ്സലൊനീക്യർ 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ബീഹാർ (കട്ടിഹാർ)
**പ്രവർത്തകർ** : കൈലാഷ് ഹൻസ്ഡ (ഭാര്യ: സുമിത്ര, മക്കൾ: അനുഷ, സഹിൽ), കുന്ദൻ ടുഡു
**വിഷയങ്ങൾ** : അനുഷ - കോളേജിൽനിന്ന് ലഭിക്കുവാനുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായും, ബഹദൂർ - കുടുംബസമാധാനത്തിനായും, രവി, ബാബുലാൽ, സഞ്ജയ് - മദ്യപാനം മാറുന്നതിനായും സവിത - ബൈബിൾസ്കൂളിൽ പഠിക്കുന്നു. പഠനത്തിലും ആത്മീയജീവിത്തിലും വളരുവാനും, വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 08

**വായനഭാഗം** : **യെശയ്യ 3, 4 അദ്ധ്യായങ്ങൾ, 1 തെസ്സലൊനീക്യർ 4, 5 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഢ് (ബിലാസ്പൂർ)
**പ്രവർത്തകർ** : രാമേശ്വർപ്രസാദ് സാഹു (ഭാര്യ: പ്രതിമ, മക്കൾ: ജിൽമിൽ, അനാമിക, ഓബേദ്) ത്രിലോചൻ സാഹു, പ്രദീപ് കുമാർ, രാംപാൽ സാഹു, ശ്യാമ സാഹു, ചന്ദ്രപ്രകാശ്, ബൽറാം സാഹു, ചന്ദ്രപാൽ ദിവാകർ, മഹേഷ് കുമാർ, ഗിർവർലാൽ ലോട്ട്റെ, ശ്യാംകുമാർ കിഷോർ, ധനേശ്വർസിംഗ് മാർക്കാം
**വിഷയങ്ങൾ** : ഈശ്വരി - കൈ ഒടിഞ്ഞു, കുന്തി - നടുവേദന, റീന - കൈകാലുകൾക്ക് പൊള്ളൽ പറ്റി, സോനു - രണ്ടു മാസമായി ജലദോഷവും ചുമയും, കൗസല്യ - തോളെല്ലിനു വേദന, തുഷാർ - ബ്ലഡ്കാൻസർ, രാംപാൽ, ഹർകുവർ - നടുവേദന, സുകാര - റോഷ്നി - കഴുത്തിലെ ഞരമ്പ് വീക്കം, ജലദോഷം, പനി, ചുമ ഇവരുടെ സൗഖ്യത്തിനായും, സന്തോഷി - സാത്താന്യബന്ധനം വിടുതലിനായും സുവിശേഷവേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 09

**വായനഭാഗം** : **യെശയ്യ 5–7 അദ്ധ്യായങ്ങൾ, 1 തെസ്സലൊനീക്യർ 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഛത്തീസ്ഗഢ് (മുംഗേലി)
**പ്രവർത്തകർ** : രാജേഷ് കുമാർ സാഹു (ഭാര്യ: ചിത്രരേഖ, മകൻ: ജോയൽ) ഉദയ് കുമാർ, ദിൽഹരൺ സാഹു, സഞ്ജു സാഹു, ജലേശ്വർ സാഹു
**വിഷയങ്ങൾ** : വിനോദ് - സന്ധിവാതം സൗഖ്യത്തിനായും, ലക്ഷ്മി, പ്രിയ - കുടുംബസമാധാനത്തിനായും, റാണി, സുമിത്ര - മക്കളില്ലാതെ ഭാരപ്പെടുന്നു, ചർച്ച്പണിയുടെ അനുഗ്രഹത്തിനായും, സുവിശേഷവേലയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 10

**വായനഭാഗം** : **യെശയ്യ 8, 9 അദ്ധ്യായങ്ങൾ, 1 തിമൊഥെയൊസ് 1, 2 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഗുജറാത്ത് (സൂറത്ത്)
**പ്രവർത്തകർ** : വിക്രം ബസേവ (ഭാര്യ: രഞ്ജു, മകൻ: ഏനോശ്, ആരോൺ) വാൽവി ദിനേഷ് ഭായി
**വിഷയങ്ങൾ** : ഇലു - പുറംവേദന, ഷർമിള - മുഖത്ത് അലർജി, വിക്രം - വൃക്കയിൽ കല്ല് ഇവരുടെ സൗഖ്യത്തിനായും, ജഗൻ - കടംഭാരം മാറുവാനും സുവിശേഷവേലയുടെ വളർച്ചക്കും അനുഗ്രഹത്തിനുമായും പ്രാർത്ഥിക്കാം.

## 11

**വായനഭാഗം** : **യെശയ്യ 10, 11 അദ്ധ്യായങ്ങൾ, 1 തിമൊഥെയൊസ് 3, 4 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഹിമാചൽപ്രദേശ് (സിംല)
**പ്രവർത്തകർ** : അമർ സിംഗ് (ഭാര്യ: വിദ്യ, മക്കൾ : കരിഷ്മ, മോനിക്ക, ജ്യോതി, കരീന, റീമ)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 12

**വായനഭാഗം** : **യെശയ്യ 12, 13 അദ്ധ്യായങ്ങൾ, 1 തിമൊഥെയൊസ് 5, 6 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജമ്മു – കാശ്മീർ (ഉധംപൂർ)
**പ്രവർത്തകർ** : ജോഗിന്ദർ കുമാർ (ഭാര്യ: ആഷുദേവി; മക്കൾ: പ്രീതി, പിങ്കി, രോഹിത്, പ്രിയ) കുൽഭൂഷൻ കുമാർ
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 13

**വായനഭാഗം** : **യെശയ്യ 14, 15 അദ്ധ്യായങ്ങൾ, 2 തിമൊഥെയൊസ് 1, 2 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ജാർഖണ്ഡ് (ജംഷഡ്പൂർ)
**പ്രവർത്തകർ** : പ്രേംചന്ദ് മുണ്ട (ഭാര്യ: ലാൽമുനി, മക്കൾ: അമരിത, അമരിത്ത്) വിജയ് കച്ചാപ്പ്, സോമനാഥ് കർമ്മാകർ
**വിഷയങ്ങൾ** : ആരാധനാലയം പണിയുന്നതിന് സ്ഥലം വാങ്ങിക്കുവാനും, വേലയുടെ അനുഗ്രഹത്തിനും എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 14

**വായനഭാഗം** : **യെശയ്യ 16, 17 അദ്ധ്യായങ്ങൾ, 2 തിമൊഥെയൊസ് 3, 4 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : കർണ്ണാടക (ഹസ്സൻ)
**പ്രവർത്തകൻ** : ജിബിൻ (ഭാര്യ: ബിജി, മക്കൾ: റീമ, ആശിഷ് തിമോത്തി)
**വിഷയങ്ങൾ** : സുവിശേഷവേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം

**15**

**വായനഭാഗം** : **യെശയ്യ 18, 19 അദ്ധ്യായങ്ങൾ, തീത്തോസ് 1–3 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : മധ്യപ്രദേശ് (ജാംബുവ)
**പ്രവർത്തകർ** : അജയ്കുമാർ ഡാമ (ഭാര്യ: വനിത, മക്കൾ: പ്രിയാൻഷ്, പ്രിയാൻഷി), സഞ്ജീവ്, ഫൂൽസിംഗ്, രാജേഷ് മൈഡ, ദീപക്കുമാർ, പാർസിംഗ്
**വിഷയങ്ങൾ** : സുവിശേഷവേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

**16**

**വായനഭാഗം** : **യെശയ്യ 20, 21 അദ്ധ്യായങ്ങൾ, ഫിലേമോൻ 1–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : മഹാരാഷ്ട്ര (ഗോന്ദിയ)
**പ്രവർത്തകർ** : സജി കെ.എസ് (ഭാര്യ: ബിന്ദു, മക്കൾ: ജബിൻ, ജസ്ന), ധിരഞ്ജൻ ലിമ (ഭാര്യ: പ്രകാശിനി, മക്കൾ: എലിയാന, ക്രിസ്റ്റീന), സപ്ന പാട്ടലെ, ഛായാലളിത് ജനബന്ധു, ഗണേഷ്, ഉമാജി ഷിൻഡെ
**വിഷയങ്ങൾ** : യോഗേഷ് - കാൻസർ, ദീപാലി - മുഖത്ത് മുഴകൾ, മീര - നെഞ്ചുവേദന, സതക് - പനി, ഫീലിയ, ടൈഫോയിഡ്, മഹീന്ദർ, സൂരജ്‌ലാൽ - പക്ഷാഘാതം, രവി - ഹാർട്ട് പ്രോബ്ലം ഇവരുടെ സൗഖ്യത്തിനായും, നടത്തപ്പെടുന്ന ചർച്ചുപണിയുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

**17**

**വായനഭാഗം** : **യെശയ്യ 22, 23 അദ്ധ്യായങ്ങൾ, എബ്രായർ 1, 2 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : മേഘാലയ (ഷില്ലോങ്)
**പ്രവർത്തകൻ** : അമൃത് ബോറോ (ഭാര്യ: രേഷ്ന, മക്കൾ: സ്മൃതി, എയ്ഡൻ)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

**18**

**വായനഭാഗം** : **യെശയ്യ 24, 25 അദ്ധ്യായങ്ങൾ, എബ്രായർ 3, 4 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : നാഗാലാന്റ് (ഡിമാപൂർ)
**പ്രവർത്തകൻ** : യുൻഷെൻലോ ജിഷിംഗ് രംഗ്മ (ഭാര്യ: സിംഗുൻലെ, മക്കൾ: ഐസക്ക്, ഷെൻഷി, ഹ്യൂകെസിൽ, സോളോ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**19**

**വായനഭാഗം** : **യെശയ്യ 26, 27 അദ്ധ്യായങ്ങൾ, എബ്രായർ 5, 6 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡീഷ (കണ്ധമാൽ)
**പ്രവർത്തകർ** : സുദം ഡിഗൽ (ഭാര്യ: എലീശ്ബാ, മക്കൾ: അഭിഷേക്, ആശേഷ്, അർച്ചൻ, അഞ്ജന) തുപേശ്വർ മാജി, അമർസിംഗ് ഡിഗൽ
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**20**

**വായനഭാഗം** : **യെശയ്യ 28–ാം അദ്ധ്യായം, എബ്രായർ 7, 8 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡീഷ (കൊട്ടഗ്രാ)
**പ്രവർത്തകൻ** : പ്രഫുല്ല നായക് (ഭാര്യ: ആരതി, മക്കൾ: ക്രിസ്റ്റീന, ക്രിസ്റ്റഫർ, ശ്രുതി, തോമസ്)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**21**

**വായനഭാഗം** : **യെശയ്യ 29–ാം അദ്ധ്യായം, എബ്രായർ 9, 10 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : ഒഡീഷ (ഹത് – മുനിഗുഡ)
**പ്രവർത്തകൻ** : പത്മസേന കുസുലിയ (ഭാര്യ: ബൈദേഹി, മക്കൾ: സാമുവേൽ, ദാനിയേൽ, ദിൽഷൻ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**22**

**വായനഭാഗം** : **യെശയ്യ 30–ാം അദ്ധ്യായം, എബ്രായർ 11–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഒഡീഷ (കൽഹണ്ടി)
**പ്രവർത്തകൻ** : ആശിഷ് സിംഗ് (ഭാര്യ: മുക്ത)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

**23**

**വായനഭാഗം** : **യെശയ്യ 31, 32 അദ്ധ്യായങ്ങൾ, എബ്രായർ 12–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഒഡീഷ (ബൈസം കട്ടക്) (മോറിയ കൃപാ ഭവൻ & സ്കിൽ ട്രെയ്നിംഗ് സെന്റർ)
**പ്രവർത്തകർ** : ദിലീപ് സോറൻ (ഭാര്യ: സുനിത, മക്കൾ: ഏയ്ഞ്ചൽ, ഡേവിഡ്) അഞ്ജൻ കുമാർ നായക് (ഭാര്യ: ലിലി) രാംരാജ് എം.ജി. (ഭാര്യ: മംമ്ത, മക്കൾ: ജമീമ, ജറീന)
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 24

**വായനഭാഗം** : **യെശയ്യ 33, 34 അദ്ധ്യായങ്ങൾ, എബ്രായർ 13–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : പഞ്ചാബ് (മോഗ)
**പ്രവർത്തകർ** : ജാഗ്സിർസിംഗ് ഭാട്ടി (ഭാര്യ: അനിത, മകൻ: ജോൺസൺ), രാജ്പാൽ മസിഹ്
**വിഷയങ്ങൾ** : വേലയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കാം.

## 25

**വായനഭാഗം** : **യെശയ്യ 35, 36 അദ്ധ്യായങ്ങൾ, യാക്കോബ് 1–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : രാജസ്ഥാൻ (ബാൻസ്വാഡ)
**പ്രവർത്തകർ** : ലക്ഷ്മൺലാൽ ദാമോർ (ഭാര്യ: ശാന്ത, മക്കൾ: എലീശ, ആനന്ദ്, വിജയ്, പ്രിസ്കില്ല), ഭരത് പട്ടേൽ, നരേശ്, നഗിൻലാൽ, രത്തൻലാൽ, സോണിയ ഡേവ്ഡ, അർജുൻസിംഗ്, ദേവിലാൽ, വിജയ്സിംഗ്, മാല കട്ടാറ, വിനോദ് കട്ടാറ, ഗുഡ്വിൻ ഗരാസിയ, ലോകേഷ് ചർപോത, രമേഷ്ചന്ദ് പാഡോർ, ആനന്ദ് ഹിരാവത്ത്, രാംലാൽ ഡിൻഡോർ
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 26

**വായനഭാഗം** : **യെശയ്യ 37–ാം അദ്ധ്യായം, യാക്കോബ് 2–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : തമിഴ്നാട് (തേനി)
**പ്രവർത്തകർ** : കെ. എബ്രാഹം (ഭാര്യ: ജോൺസിബായ്, മക്കൾ: കൃപാ - ഭർത്താവ്: രവികുമാർ, സാമുവേൽ ജോൺ)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 27

**വായനഭാഗം** : **യെശയ്യ 38, 39 അദ്ധ്യായങ്ങൾ, യാക്കോബ് 3, 4 അദ്ധ്യായങ്ങൾ**
**മിഷൻ ഫീൽഡ്** : തെലങ്കാന (രാമണ്ണപേട്ട)
**പ്രവർത്തകർ** : പോൾ ബി. (ഭാര്യ: സന്ധ്യ, മക്കൾ: ഷാർലീ, സുസന്ന, സാറ്റ്വിക) കന്നോജു മോശ (ഭാര്യ: ഉമ, മകൻ: അഭിഷേക്) കലകോട്ടി ഗോപാൽ റാവു (ഭാര്യ: ഇന്ദിര, മക്കൾ: രുത്വിക, ഇവാഞ്ചലിക)
**വിഷയങ്ങൾ** : വിശ്വാസികളുടെ ആത്മീയവളർച്ചക്കായും വേലക്കാരെ ലഭിക്കുവാനും പുതിയ വേലസ്ഥലങ്ങൾ ലഭിക്കുവാനും പ്രാർത്ഥിക്കാം.

## 28

**വായനഭാഗം** : **യെശയ്യ 40–ാം അദ്ധ്യായം, യാക്കോബ് 5–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഉത്തർപ്രദേശ് (ഗോരഖ്പൂർ)
**പ്രവർത്തകർ** : അജിത്ത് കുമാർ (ഭാര്യ: ആശ)
**വിഷയങ്ങൾ** : വേല വളരുവാനും, സുവിശേഷവിരോധികളുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 29

**വായനഭാഗം** : **യെശയ്യ 41–ാം അദ്ധ്യായം, 1 പത്രൊസ് 1–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : ഉത്തരാഖണ്ഡ് (നൈനിറ്റാൾ)
**പ്രവർത്തകർ** : ഹർമീന്ദ് സിംഗ് (ഭാര്യ: കിരൺ, മക്കൾ: അലക്സ്, ജെറിൽ)
**വിഷയങ്ങൾ** : വേല വളരുവാനും, സുവിശേഷവിരോധികളുടെ മാനസാന്തരത്തിനായും, വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.

## 30

**വായനഭാഗം** : **യെശയ്യ 42–ാം അദ്ധ്യായം, 1 പത്രൊസ് 2–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : വെസ്റ്റ് ബംഗാൾ (സിലിഗുരി, ജൽപായിഗുരി, കട്ടൽഗുരി)
**പ്രവർത്തകർ** : ഉമേഷ്കുമാർ ഹെമ്പ്രോം (ഭാര്യ: മീന, മക്കൾ: ജറീന, ജയിംസ്) ആമോസ് ബസ്റ, മഹേഷ് ടുഡു, രഞ്ജൻ മുർമു, സന്തോഷ് മുർമു, രാജൻ മഹാലി, മംഗൾ മുർമു
**വിഷയങ്ങൾ** : ലീല, റോസ് - നടുവേദന, ബബിക - യൂട്രസിൽ മുഴ, ജോസഫ് - വലതു കൈ ഒടിഞ്ഞു, മണി - വലതു കൈയിൽ വേദന ഇവരുടെ സൗഖ്യത്തിനായും, ഭുതകു - മാനസാന്തരത്തിനായും, മൈക്കൽ, പോൾ വീട്ടിലെ എല്ലാവരുടെയും മാനസാന്തരത്തിനായും, ഫീൽഡുശുശ്രൂഷകളുടെ അനുഗ്രഹത്തിനായും പ്രാർത്ഥിക്കാം.

## 31

**വായനഭാഗം** : **യെശയ്യ 43–ാം അദ്ധ്യായം, 1 പത്രൊസ് 3–ാം അദ്ധ്യായം**
**മിഷൻ ഫീൽഡ്** : വെസ്റ്റ് ബംഗാൾ (കട്ടൽഗുരി)
**പ്രവർത്തകർ** : ബിക്കി ലോഹാർ (ഭാര്യ: ദീപ്മാല)
**വിഷയങ്ങൾ** : വേലയുടെ വളർച്ചക്കായും, എല്ലാ വിശ്വാസികൾക്കായും പ്രാർത്ഥിക്കാം.



സി. ജി. തോമസ്

# ജ്ഞാനമോ, അതു നീങ്ങിപ്പോകും

അറിവുണ്ട് എന്നു വിചാരിക്കുന്നവൻ അറിയേണ്ടത് അറിയേണ്ടതുപോലെ അറിയുന്നില്ല എന്ന് പൗലൊസ്അപ്പൊസ്തലൻ പറഞ്ഞിട്ടുണ്ട്. ജ്ഞാനം നീങ്ങിപ്പോകും എന്നു പറഞ്ഞിരിക്കുന്നത്, ഇപ്പോൾ ഉണ്ട് എന്ന് മനുഷ്യൻ വിചാരിക്കുന്ന അറിവിന്റെ കാര്യത്തെക്കുറിച്ചാണ്. അതിന് മാറ്റമുണ്ടാകും, പഠിച്ചുവെച്ചിരിക്കുന്ന പലതും തെറ്റാണെന്നും യാഥാർത്ഥ്യം മറ്റൊന്നാണെന്നും മനസ്സിലാക്കും.

ഭൗതിക വിജ്ഞാനത്തെക്കുറിച്ചും ആത്മീയ ജ്ഞാനത്തെക്കുറിച്ചും ചിന്തിക്കേണ്ടതാണ്. സൃഷ്ടികർമ്മത്തിൽ ദൈവം കാണിച്ചിരിക്കുന്ന ജ്ഞാനത്തെ മനസ്സിലാക്കുവാൻ മനുഷ്യനു സാധിക്കുന്നില്ല. ചെറുപ്പംമുതലേ ജ്ഞാനോപദേശം തേടാൻ പ്രഭാഷകൻ നിർദ്ദേശിക്കുന്നു. അങ്ങനെയെങ്കിൽ വാർദ്ധക്യത്തിലും നീ ജ്ഞാനം സമ്പാദിച്ചുകൊണ്ടിരിക്കും. മനുഷ്യൻ പലതും ചിന്തിച്ച്, പരീക്ഷണങ്ങൾ നടത്തി. അത് ഇങ്ങനെ ആയിരിക്കാം, അങ്ങനെയായിരിക്കാം എന്നൊക്കെപ്പറയുന്നു. ശാസ്ത്രീയമായി ഒരിക്കൽ ശരിയെന്നു തെളിയിച്ചത്, പില്ക്കാലത്ത് മറ്റു ശാസ്ത്രജ്ഞന്മാർ തെറ്റെന്നു തെളിയിക്കുന്നു. സൂര്യൻ കിഴക്ക് ഉദിക്കുന്നു എന്ന് പഴയകാലം മുതൽ മനുഷ്യൻ വിചാരിക്കുകയും ഇപ്പോഴും പറയുകയും ചെയ്യുമ്പോഴും, സൂര്യനു ചുറ്റും ഭൂമി വലയംവെക്കുകയാണ് ചെയ്യുന്നതെന്നു ശാസ്ത്രം പറയുന്നു.

ഇയ്യോബ് പറയുന്നു: (12:7,8) മൃഗങ്ങളോടു ചോദിക്ക; അവ നിന്നെ ഉപദേശിക്കും; ആകാശത്തിലെ പക്ഷികളോടു ചോദിക്ക; അവ പറഞ്ഞു തരും. അല്ല, ഭൂമിയോടു സംഭാഷിക്ക; അതു നിന്നെ ഉപദേശിക്കും; സമുദ്രത്തിലെ മത്സ്യം നിന്നോടു വിവരിക്കും.

മനുഷ്യശരീരം ശാസ്ത്രത്തെയും ചികിത്സാവിധികളെയും കുറിച്ച് ഇനിയും എന്തെല്ലാം മനസ്സിലാക്കാനിരിക്കുന്നു. ജീവനെക്കുറിച്ച് മനുഷ്യന് ശരിയായ ജ്ഞാനമുണ്ടോ? മരണത്തെക്കുറിച്ച് വല്ല നിശ്ചയവുമുണ്ടോ? ആത്മീയതലത്തിൽ മനുഷ്യന്റെ ജ്ഞാനം എത്രമാത്രം ഉണ്ട്? രക്ഷയെ സംബന്ധിച്ചു കർത്താവു പഠിപ്പിച്ചത് ഉൾക്കൊള്ളാനോ യേശുകർത്താവിനെ രക്ഷകനായി വിശ്വസിച്ച് ഏറ്റുപറയാനോ സാധിച്ചിട്ടുണ്ടോ? അവൻ നമുക്കുവേണ്ടി, മനുഷ്യകരങ്ങൾകൊണ്ട് എഴുതിത്തന്ന ജീവന്റെ വചനങ്ങൾ നാം വായിക്കാറുണ്ടോ? അവ അനുസരിച്ചു നമ്മുടെ ജീവിതം ക്രമപ്പെടുത്തിയോ? പരിശുദ്ധാത്മാവിനാൽ വീണ്ടും ജനിച്ച് ദൈവമക്കളായിത്തീർന്നുവോ?

ആചാരാനുഷ്ഠാനങ്ങളുടെ പേരിൽ തമ്മിൽ തമ്മിൽ അടിയുണ്ടാക്കുകയും പുറജാതികളായ ന്യായാധിപന്മാരുടെ തീർപ്പിനുവേണ്ടി കേസ് ഫയൽ ചെയ്യുമ്പോഴും ലജ്ജ തോന്നാറുണ്ടോ? ദൈവവചനപ്രകാരം ജീവിക്കുകയും സ്നേഹത്തിൽ ഐക്യപ്പെട്ടിരിക്കുകയും വേണം.

മറ്റു ജീവികൾക്ക് ഒന്നും ഇല്ലാത്തതരത്തിൽ വലിയതോതിലാണ് മനുഷ്യനു ദൈവം അറിവു നൽകിയിരിക്കുന്നത്. എല്ലാവരുടെയും തലച്ചോറും ബുദ്ധിശക്തിയും ഒന്നുപോലെയല്ല, നാം ദൈവത്തിന്റെ ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നതും നാം അവന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടിരിക്കുന്നു എന്നതും എത്രയോ സന്തോഷകരമായ

അനുഭവമാണ്. എന്നിരുന്നാലും നമുക്കു കിട്ടിയിരുന്ന അറിവ് അപൂർണ്ണമാണ്. ദൈവം ദാനമായി തന്നതല്ലാതെ നമുക്കെന്തുണ്ട്?

യേശു ഈ ഭൂമിയിൽ ആയിരുന്നപ്പോൾ ശിഷ്യരെ ധാരാളം കാര്യങ്ങൾ പഠിപ്പിച്ചു. എന്നാൽ ചില കാര്യങ്ങൾ ചോദിച്ചിട്ടുപോലും പറഞ്ഞുകൊടുത്തില്ല. ഉദാഹരണമായി ലോകാന്ത്യത്തെക്കുറിച്ചും യേശുവിന്റെ രണ്ടാം വരവ് എന്ന് എന്നതിനെക്കുറിച്ചും. അത് ഇപ്പോൾ നിങ്ങൾ അറിയേണ്ട കാര്യമല്ല എന്നാണ് യേശു പറഞ്ഞത്. സ്വർഗ്ഗരാജ്യത്തെക്കുറിച്ച് യേശു ഉപമയിൽക്കൂടിയാണ് പഠിപ്പിച്ചത്. സ്വർഗ്ഗരാജ്യത്തെ ഞാൻ എന്തിനോടു ഉപമിക്കും എന്നു യേശു ചോദിക്കുന്നു. ഈ ഭൂമിയിലെ വസ്തുക്കൾകൊണ്ട് അതു ഉപമിക്കാൻ പ്രയാസമാണ് എന്നു നാം ധരിക്കണം.

1 കൊരിന്ത്യർ 2:7,8 "ദൈവം ലോകസൃഷ്ടിക്കു മുമ്പെ നമ്മുടെ തേജസ്സിന്നായി മുന്നിയമിച്ചതും മറഞ്ഞിരുന്നതുമായ ദൈവത്തിന്റെ ജ്ഞാനമത്രേ മർമ്മമായി ഞങ്ങൾ പ്രസ്താവിക്കുന്നു."

പ്രവചനത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതു അത് അപൂർണ്ണമാണ് എന്നാണ്. മിശിഹായെക്കുറിച്ചും യേശുക്രിസ്തുവിന്റെ ജനനം, മരണം, ഉയിർപ്പ് എന്നിവയെക്കുറിച്ചെല്ലാം പ്രവചനമുണ്ട്. യേശുവിന്റെ ഉയിർത്തെഴുന്നേല്പിനുശേഷം എമ്മവൂസിലേക്കു പോയ രണ്ടു ശിഷ്യർക്ക് യേശു പ്രത്യക്ഷപ്പെടുന്നത് ലൂക്കൊസ് സുവിശേഷകൻ വിവരിച്ചിരിക്കുന്നു. യെരുശലേമിന് 7 നാഴിക ദൂരെയാണ് എമ്മവൂസ്, യേശുവിന്റെ ക്രൂശുമരണം, ഉയിർപ്പ് എന്നിവയെക്കുറിച്ച് അവർ സംസാരിച്ചുകൊണ്ടിരുന്നു. യേശു അടുത്തെത്തി അവരോടൊപ്പം യാത്ര ചെയ്തു. പക്ഷെ യേശുവിനെ അവർ തിരിച്ചറിഞ്ഞില്ല. യേശു അവരോടു സംസാരിച്ചു. അവൻ പറഞ്ഞു; ബുദ്ധിഹീനരേ, പ്രവാചകന്മാർ പറഞ്ഞിരിക്കുന്നതു എല്ലാം വിശ്വസിക്കാത്ത മന്ദബുദ്ധികളേ, ക്രിസ്തു ഇങ്ങനെ കഷ്ടം അനുഭവിച്ചിട്ടു തന്റെ മഹത്വത്തിൽ കടക്കേണ്ടതല്ലയോ എന്നു പറഞ്ഞു. മോശെ തുടങ്ങി സകല പ്രവാചകന്മാരിൽനിന്നും എല്ലാ തിരുവെഴുത്തുകളിലും തന്നെക്കുറിച്ചുള്ളതു അവർക്കു വ്യാഖ്യാനിച്ചുകൊടുത്തു. വിശുദ്ധലിഖിതം വിശദീകരിച്ചുകൊണ്ട് യേശു അവരോടു സംസാരിച്ചപ്പോൾ അവരുടെ ഹൃദയം ജ്വലിച്ചിരുന്നു.

പുറജാതികളുടെ മാനസാന്തരം, ബാബിലോൺ, യെരുശലേം ഇവയുടെ നാശം, സുവിശേഷത്തിന്റെ പ്രചാരം, അന്ത്യന്യായവിധി, പരിശുദ്ധാത്മാവിന്റെ പകർച്ച, സഭയുടെ പീഡനം, യെഹൂദരുടെ തിരിച്ചുവരവ് തുടങ്ങിയ കാര്യങ്ങളെക്കുറിച്ചെല്ലാം പ്രവചനങ്ങളുണ്ട്. എന്നാൽ ലേഖനത്തിൽക്കൂടി പൌലൊസ് നമ്മെ ബോദ്ധ്യപ്പെടുത്തുന്നത് നമ്മുടെ അറിവും പ്രവചനവുമെല്ലാം അപൂർണ്ണമാണെന്നാണ്. എന്തുകൊണ്ടാണ് ഈ പ്രവചനങ്ങളെല്ലാം ഉണ്ടായിരിക്കുകയും അവ നിവർത്തിയാകുകയും ചെയ്തിട്ടും ക്രിസ്തുവിലുള്ള വിശ്വാസം നഷ്ടപ്പെട്ടുപോകുന്നത്? ഒരു കാരണം, നമ്മുടെ ഹൃദയം കഠിനമായിപ്പോയി എന്നാണ്. യേശു അനേകം അത്ഭുതങ്ങൾ പ്രവർത്തിച്ചിട്ടും യെഹൂദ പ്രമാണികൾ, പരീശന്മാർ എന്നിവരൊക്കെ യേശുവിൽ വിശ്വസിക്കാതിരിക്കാൻ കാരണം അവരുടെ കഠിനഹൃദയമാണ്. മിസ്രയീമിൽ മോശെ അത്ഭുതങ്ങൾ പ്രവർത്തിക്കുകയും ബാധകൾ അയക്കുകയും ചെയ്തിട്ടും ഫറവോ ജനങ്ങളെ വിട്ടയക്കാഞ്ഞത് അവന്റെ ഹൃദയം കഠിനമായിപ്പോയതുകൊണ്ടാണ്. ഈ അത്ഭുതങ്ങളിൽ ദൈവകരം ദർശിക്കുവാൻ ഫറവോക്കു കഴിഞ്ഞില്ല. സത്യാത്മാവു വരുമ്പോഴാണ് സത്യത്തിന്റെ പൂർണ്ണത ലഭിക്കുന്നത്.

1 കൊരിന്ത്യർ 13:11,12-ൽ പൌലൊസ് ഇങ്ങനെ പഠിപ്പിക്കുന്നു. "ഞാൻ ശിശുവായിരുന്നപ്പോൾ ശിശുവിനെപ്പോലെ സംസാരിച്ചു. ശിശുവിനെപ്പോലെ ചിന്തിച്ചു ശിശുവിനെപ്പോലെ നിരൂപിച്ചു. പുരുഷനായ ശേഷമോ ഞാൻ ശിശുവിന്നുള്ളതു ത്യജിച്ചുകളഞ്ഞു. ഇപ്പോൾ നാം കണ്ണാടിയിൽ കടമൊഴിയായി കാണുന്നു; അപ്പോൾ മുഖാമുഖമായി കാണും, ഇപ്പോൾ ഞാൻ അംശമായി അറിയുന്നു. അപ്പോഴോ ഞാൻ അറിയപ്പെട്ടതുപോലെ തന്നേ അറിയും."

"ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും" (മത്താ 5:8) ഈ ലോകത്തിൽവെച്ച്, അതായത് ഇപ്പോൾ ദൈവത്തെക്കുറിച്ചുള്ള നമ്മുടെ അറിവും വരാനിരിക്കുന്ന ലോകത്തിൽ നാം പ്രതീക്ഷിച്ചിരിക്കുന്ന ദൈവത്തെക്കുറിച്ചുള്ള അറിവും താരതമ്യംചെയ്യുന്നതിനുവേണ്ടി രണ്ട് ഉപമാലങ്കാരങ്ങളാണ് പൌലൊസ് ഉപയോഗിക്കുന്നത്. ഒന്ന്, 'ഒരു പ്രഹേളികയാണ്.! സംഖ്യാപുസ്തകം 12-ൽ യഹോവ അഹരോനെയും മിര്യാമിനെയും വിളിച്ചു. അവരോട് അരുളിച്ചെയ്തു. പ്രാവചകന്മാരോടു ഞാൻ ദർശനത്തിൽ വെളിപ്പെടുത്തുന്നു; സ്വപ്നത്തിൽ സംസാരിക്കുന്നു.

രണ്ടാമത്തേത് സിനിക് - സ്റ്റോയിക്ക് തത്ത്വശാസ്ത്രത്തിൽനിന്നുമാണ്. 'കണ്ണാടിയിൽ' എന്നതു പോലെ. കണ്ണാടിയിൽ കൂടി കാണുക എന്നതു സൂചിപ്പിക്കുന്നത് ഒരു വസ്തുവിനെ പരോക്ഷമായി കാണുക എന്നതാണ്. നേരെ കാണുകയല്ല. പിന്നെയോ അതിന്റെ പ്രതിച്ഛായ മാത്രമാണ്. ജ്ഞാനത്തിന്റെയും പ്രവചനത്തിന്റെയും ആത്മീയ ദാനങ്ങൾ വഴിയുള്ള അറിവും ദൈവത്തെ 'മുഖാമുഖം' ദർശിക്കുന്നതും തമ്മിൽ ഇവിടെ അപ്പൊസ്തലൻ താരതമ്യംചെയ്തിരിക്കുകയാണ്. ദൈവത്തെ മുഖാമുഖം കാണുവാനുള്ള ഭാഗ്യം നമുക്ക് ലഭിക്കട്ടെ.

■■■



# സഭയുടെ പോക്കുപോലെതന്നെ ലോകവും നീങ്ങുന്നു

(തുടർച്ച)

ദൈവപുത്രന്റെ രക്തത്തെ ആദരിക്കുകയും, മനുഷ്യാവതാരത്തെ വിശ്വസിക്കുകയും ചെയ്തുകൊണ്ടുള്ള ഉജ്ജ്വല സുവിശേഷീകരണയത്നത്തെ നിന്ദിക്കുന്ന, നമ്മുടെ ഈ കാലത്തെ നിസ്സാരന്മാരായ ആളുകളുടെ മുമ്പിൽ, നാം മ്ലാനമാവുകയോ? ഇത് ചെയ്യുന്നതിന് ചങ്കുറ്റമുള്ള സീസർമാർ എന്നപോലെ നമ്മെ വെളിപ്പെടുത്തുക. നരകത്തിന്റെ സേനാവ്യൂഹം വലിയതാണ്. എന്നാൽ സ്വർഗ്ഗീയസേനാവ്യൂഹം അതിലേറെ വലുതാണ്. പിശാച് ശക്തനാണ്, എന്നാൽ ദൈവം സർവ്വശക്തൻ ആകുന്നു. കഴുമരങ്ങൾ ഉയരം ഉള്ളവയാകുന്നു. എന്നാൽ രക്തസാക്ഷ്യത്തിന്റെ പ്രതിഫലം അതിലും വലുതാണ്.

അമേരിക്കയുടെ ചരിത്രത്തിൽ മറ്റേതൊരു മനുഷ്യനെക്കാളും അധികമായി പാട്രിക് ഹെൻട്രി സ്വാതന്ത്ര്യത്തിന്റെയും വിടുതലിന്റെയും പാതയെ സുഗമമാക്കി എന്ന് ചിലർ പ്രഖ്യാപിക്കുന്നുണ്ട്. 1775 മാർച്ച് 23-ാം തീയതി വെർജീനിയാ കൺവെൻഷനിൽവെച്ച് തന്റെ ജനങ്ങളോടുള്ള സ്നേഹാഗ്നിയാൽ ജ്വലിപ്പിക്കപ്പെട്ടവനായി. തീവ്രതയോടെ ചെയ്ത പ്രസംഗത്തിലെ വാക്കുകൾ ശ്രദ്ധിക്കുക: "ചങ്ങലയുടെയും അടിമത്തത്തിന്റെയും വില കൊണ്ട് വാങ്ങത്തക്കവണ്ണം ജീവൻ അത്ര പ്രിയങ്കരവും, അഥവാ സമാധാനം അത്രക്കു മധുരതരവും ആണോ? സർവ്വശക്തനായ ദൈവമേ, അങ്ങനെ സംഭവിക്കാതിരിക്കട്ടെ! മറ്റുള്ളവർ എന്തു മാർഗ്ഗമവലംബിക്കും എന്നു ഞാനറിയുന്നില്ല. എന്നാൽ എനിക്കോ, എനിക്കു സ്വാതന്ത്ര്യം നല്കണം അല്ലെങ്കിൽ എനിക്കു "മരണം അനുവദിക്കുക" ഈ വാഗ്മിത്വപ്രഭയെ വെല്ലുവാൻ കേറ്റോവിനോ ഡെമൊസ്തെനെസിനോ കഴിയുമോ? നമുക്കിത് ഭാഷാന്തരപ്പെടുത്തുവാൻ കഴിയുമോ?

ഇന്ന് ലോകത്തിൽ നിലവിലുള്ള ഭീകരമായ പാരതന്ത്ര്യവും അടിമത്തവും അവശേഷിക്കുന്ന മനുഷ്യവർഗ്ഗത്തോടുള്ള ഭീഷണിയും ഒരു യക്ഷിക്കഥയല്ല! കമ്മ്യൂണിസം ലോകത്തെ ആക്രമിച്ച് കീഴടക്കിയേക്കാമെങ്കിലും (ആയത് ഭയങ്കരവും ഭാവനാതീതവുമായിരിക്കും) ഒരു യഥാർത്ഥ ദൈവപൈതലിന് അതിനേക്കാൾ ഏറ്റവും ഭയങ്കരമായ ഒരു കൊടുംഭീതിയാണ്. അനുതപിക്കാത്ത പാപിക്കുള്ള അന്തമറ്റ നരകത്തിലെ നിത്യത എന്നതത്രെ അത്!

ഒരുപക്ഷേ പാട്രിക് ഹെൻട്രിയുടെ ഭാഷയുടെ അടുത്തു നമുക്കിങ്ങനെയെങ്കിലും എത്താൻ കഴിഞ്ഞേക്കും. "എന്റെ അവിശ്വസ്തയാലും കണ്ണുനീരറ്റ പ്രാർത്ഥനാരാഹിത്യത്താലും വാങ്ങത്തക്കവണ്ണം ജീവിത കാലയളവ് അത്ര പ്രിയങ്കരവും ഭവനത്തിന്റെ സുഖസൗകര്യാദികൾ അത്രക്കു രസകരവുമാണൊ? ദൈവത്തിന്റെ അന്ത്യവിധിത്തീർപ്പിങ്കൽ നശിച്ചുപോകുന്ന ദശലക്ഷങ്ങൾ ചുരുക്കം ചില വേദവാക്യങ്ങളുടെ പുറങ്കുപ്പായമണിഞ്ഞ എന്റെ ഭൗതികത്വത്തെ കുറ്റപ്പെടുത്തുമോ?"

"സർവ്വശക്തനായ ദൈവമേ, അങ്ങനെ സംഭവിക്കരുതേ! മറ്റുള്ളവർ ഏതു മാർഗ്ഗം അവലംബിക്കുമെന്ന് ഞാനറിയുന്നില്ല; എന്നാൽ എനിക്കോ, എന്റെ ദേഹിയിലും, എന്റെ സഭയിലും എന്റെ രാജ്യത്തും ഉണർവ്വ് നൽകണം. അല്ലെങ്കിൽ എനിക്കു മരണം അനുവദിക്കണമേ"

■■■



# ആദരാഞ്ജലികൾ

## പ്രൊഫ. ടി. എസ്. ജേക്കബ് (ബേബി-85)

തെക്കേൽ തൈപ്പറമ്പിൽ, മുതുപാല

ഇ.ജി.എം. ഓഫ് ഇന്ത്യയുടെ സഹകാരിയായിരുന്ന മുതുപാല തെക്കേൽ തൈപ്പറമ്പിൽ പ്രൊഫ. ടി. എസ്. ജേക്കബ് (ബേബി-85) 2026 ഓഗസ്റ്റ് 31-ന് കർത്താവിൽ നിദ്ര പ്രാപിച്ചു. പരേതന്റെ വേർപാടിൽ ഇ.ജി.എം. കുടുംബത്തിന്റെ ആഴമായ അനുശോചനം അറിയിക്കുന്നതോടൊപ്പം പ്രിയ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ ഹൃദയപൂർവ്വം പങ്കുചേരുകയും പ്രാർത്ഥനകൾ അറിയിക്കുകയും ചെയ്യുന്നു

(പേജ് 14 - ൽ നിന്നും)

പ്രായം, സ്വഭാവം, ദൗർബല്യങ്ങൾ എന്നിവയെക്കാൾ ദൈവത്തിന്റെ വിളിക്ക് പ്രാധാന്യം നൽകി. ഇന്നത്തെ യുവജനങ്ങൾക്കും ഇതൊരു വലിയ പാഠമാണ്. ജീവിതത്തിൽ ഭയം, പരാജയം, നിരാശ, എതിർപ്പ്, ആത്മവിശ്വാസക്കുറവ് തുടങ്ങിയവ ഉണ്ടാകാം. എന്നാൽ നമ്മുടെ പരിമിതികൾ ദൈവത്തിന്റെ ശക്തിക്ക് തടസ്സമല്ല. ദൈവത്തിൽ ആശ്രയിക്കുന്ന ഒരു യുവാവിനെ ദൈവം തന്റെ ഉദ്ദേശ്യത്തിനായി ശക്തമായി ഉപയോഗിക്കും.

ഭയം ഉണ്ടാകാം പക്ഷേ ഭയത്തിന് കീഴടങ്ങരുത്. ദൗർബല്യം ഉണ്ടാകാം പക്ഷേ ദൈവത്തിന്റെ ശക്തിയിൽ ആശ്രയിക്കുക. വെല്ലുവിളികൾ ഉണ്ടാകാം എന്നാൽ ദൈവവിളിയിൽനിന്ന് പിന്മാറരുത്. "എന്റെ കൃപ നിനക്കു മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു." (2 കൊരിന്ത്യർ 12:9)

ഇന്നത്തെ യുവജനങ്ങളും പഠന സമ്മർദ്ദം, ജോലി, പ്രലോഭനങ്ങൾ, സോഷ്യൽ മീഡിയയുടെ സ്വാധീനം തുടങ്ങിയ വെല്ലുവിളികൾ നേരിടുന്നു. എന്നാൽ ദൈവത്തിൽ ആശ്രയിക്കുന്നവർക്ക് അവയെ അതിജീവിക്കാൻ കഴിയും.

തിമൊഥെയൊസിന്റെ ജീവിതം ഇന്നത്തെ യുവജനങ്ങൾക്ക് നൽകുന്ന സന്ദേശം വളരെ വ്യക്തമാണ്. ചെറുപ്പം ലോകത്തിന്റെ വഴികളിൽ മാത്രം ചെലവഴിക്കാനുള്ള കാലമല്ല; ദൈവത്തെ അന്വേഷിക്കാനും അവന്റെ വചനത്തിൽ വളരാനും ജീവിതം അവനായി സമർപ്പിക്കാനുമുള്ള സമയമാണ്. യുവാവിന്റെ സമർപ്പിതജീവിതത്തിലൂടെ ദൈവം എത്ര വലിയ കാര്യങ്ങൾ ചെയ്യാമെന്ന് കാണിച്ചു തരുന്നു. ലോകം യുവാക്കളെ, അവരുടെ കഴിവുകളെ വിലയിരുത്തുമ്പോൾ, ദൈവം അവരുടെ ഹൃദയത്തെയും വിശ്വസ്തതയെയും നോക്കുന്നു. അതിനാൽ യുവജനങ്ങൾ തിമൊഥെയൊസിനെപ്പോലെ ദൈവത്തിനായി ജീവിക്കാൻ തീരുമാനിച്ചാൽ, തലമുറയിൽ വലിയ ആത്മീയ സ്വാധീനം ചെലുത്തുവാൻ സാധിക്കും. "യൗവനകാലം ദൈവത്തിൽ നിക്ഷേപിക്കുന്നവർ, നിത്യതയിൽ ഫലം കൊയ്യുന്നവരാണ്." "നിന്റെ യൌവനകാലത്തു നിന്റെ സ്രഷ്ടാവിനെ ഓർത്തുകൊൾക; (സഭാപ്രസംഗി 12:1).

ദൈവം അനുഗ്രഹിക്കട്ടെ.

■■■

## മിഷൻഫീൽഡിൽനിന്നുള്ള അനുഭവസാക്ഷ്യം





# എന്നെ തേടിയെത്തിയ ദൈവകൃപ:

വലിയവനായ ദൈവത്തിനു മാത്രം മഹത്വം ഉണ്ടാകട്ടെ! കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ എന്റെ സ്നേഹവന്ദനം. മുനിഗുഡഫീൽഡിലെ ദൈവസഭയിലെ ആത്മീയ കൂട്ടായ്മകളിൽ പതിവായി പങ്കെടുത്തുവരുന്ന മുന്ന എന്റെ മൂത്ത സഹോദരനാണ്. എന്റെ ജീവിതത്തിൽ ഒട്ടേറെ പ്രയാസങ്ങളിലൂടെ കടന്നുപൊയ്ക്കൊണ്ടിരുന്ന ഒരു സമയത്ത്, ദൈവത്തിന്റെ പരിശുദ്ധാത്മാവ് എന്നെ സഭയിലേക്ക് നയിക്കുകയാണുണ്ടായത്. അങ്ങനെ ഒരു സന്ധ്യാപ്രാർത്ഥനയിൽ ഞാൻ ചേട്ടനോടും കുടുംബത്തോടുമൊപ്പം പങ്കെടുക്കാൻ ഇടയായി. ആ പ്രാർത്ഥനാ അനുഭവത്തിൽ വെച്ച്, എന്റെ ശേഷിക്കുന്ന ജീവിതം യേശുവിനായി സമർപ്പിച്ച് ജീവിക്കണമെന്ന് എന്റെ ഉള്ളിൽ വലിയൊരു ആഗ്രഹം ദൈവം തന്നു. പ്രാർത്ഥനക്ക് ശേഷം, സഭയിലെ കർത്താവിന്റെ ദാസന്മാർ ദൈവവചനപ്രകാരം എന്നെ രക്ഷയിലേക്ക് നയിച്ചു. അങ്ങനെ ഞാൻ യേശുക്രിസ്തുവിനെ എന്റെ സ്വന്ത രക്ഷിതാവും കർത്താവുമായി സ്വീകരിച്ചു.

തുടർന്ന് ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ദൈവദാസന്മാർ എന്റെ ഭവനം സന്ദർശിക്കുകയും എനിക്കായി ഭാരത്തോടെ പ്രാർത്ഥിക്കുകയും ചെയ്തു. വിവിധങ്ങളായ ശാരീരിക ബുദ്ധിമുട്ടുകളാലും രോഗങ്ങളാലും ഏറെ ഭാരപ്പെട്ടിരുന്ന വ്യക്തിയായിരുന്നു ഞാൻ. എന്നാൽ യേശുവിനെ സ്വീകരിച്ച നാൾ മുതൽ കർത്താവ് എന്നെ പൂർണ്ണ സൗഖ്യത്തിലേക്കും വിടുതലിലേക്കും അത്ഭുതകരമായി നയിച്ചുകൊണ്ടിരിക്കുന്നു.

എനിക്ക് ഒരു മകനുണ്ട്. ഭർത്താവില്ലാത്തതിനാൽ മകന്റെ കാര്യങ്ങളും ഭാവി ജീവിതവും ഓർത്ത് ഞാൻ ഒരുപാട് ഉത്കണ്ഠപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ ദൈവം എനിക്ക് വലിയ സമാധാനം തന്നിട്ടുണ്ട്. കർത്താവ് എന്റെ ജീവിതത്തെ അനുഗ്രഹസമ്പൂർണ്ണമാക്കുവാനും, എന്റെ മകനെ ദൈവഭയത്തിലും കർത്താവിന്റെ വഴികളിലും വളർത്തിയെടുക്കുവാൻ തക്കവണ്ണം ദൈവകൃപ ലഭിക്കേണ്ടതിനുമായി എല്ലാ ദൈവമക്കളും ഞങ്ങൾക്കായി പ്രാർത്ഥിക്കണമെന്ന് താഴ്മയോടെ അപേക്ഷിക്കുന്നു.

**മഞ്ജു, മുനിഗുഡ**

# NEWS

## സിറിയയിൽ ക്രിസ്ത്യാനികളുടെ നിലനിൽപ്പ് അപകടത്തിലാണെന്ന് യൂറോപ്യൻ സംഘടന



പശ്ചിമേഷ്യൻ രാഷ്ട്രമായ സിറിയയിൽ ക്രിസ്തുമതത്തിന്റെ നിലനിൽപ്പ് അപകടത്തിലാണെന്ന് യൂറോപ്യൻ സെന്റർ ഫോർ ലോ ആൻഡ് ജസ്റ്റിസ് (ഇസിഎൽജെ) മുന്നറിയിപ്പ് നൽകി.

ഒരു പതിറ്റാണ്ടിലേറെ നീണ്ട ആഭ്യന്തരയുദ്ധം ബഷാർ-അൽ-അസദിന്റെ സർക്കാരിനെ നിരവധി സായുധ ഗ്രൂപ്പുകൾ അട്ടിമറിച്ചതോടെ 2024 ഡിസംബറിൽ അവസാനിച്ചു.

അതിൽ ഏറ്റവും പ്രബലമായ അൽഖയ്ദയുടെ ഒരു ശാഖയായ എച്ച്ടിഎസ് ആയിരുന്നു. എച്ച്ടിഎസ് രാജ്യത്തെ ഭരണം ഏറ്റെടുത്തു. എല്ലാവരെയും ഉൾക്കൊള്ളുന്ന സിറിയ കെട്ടിപ്പടുക്കാൻ ആഗ്രഹിച്ചിരുന്നുവെന്ന് എച്ച്ടിഎസ് വ്യക്തമാക്കിയിരുന്നു.

എന്നിരുന്നാലും ഇസ്ലാമിക സായുധ ഗ്രൂപ്പുകളുടെ സാന്നിധ്യം ഇപ്പോഴും സിറിയയിൽ ശക്തമാണ്. അവർ ന്യൂനപക്ഷങ്ങളെയെന്നപോലെ ക്രിസ്ത്യാനികളെയും വേട്ടയാടുന്ന റിപ്പോർട്ടുകൾ പുറത്തുവരുന്നു.

കഴിഞ്ഞവർഷം ഒരു പള്ളിയെ ലക്ഷ്യംവെച്ചുള്ള ചാവേർ ആക്രമണത്തിൽ 25 പേർ കൊല്ലപ്പെട്ടു. ഇപ്പോഴത്തെ പ്രസിഡന്റ് അഹമ്മദ് അൽ ഷറ പലപ്പോഴും മൗനംപാലിക്കുന്നതായി ന്യൂനപക്ഷങ്ങൾ ആരോപിക്കുന്നു.

യുദ്ധത്തിനു മുമ്പ് സിറിയയിലെ ക്രിസ്ത്യൻ ജനസംഖ്യ ഏകദേശം 20 ലക്ഷമായിരുന്നു. ഇപ്പോൾ ക്രൈസ്തവരുടെ എണ്ണം 3 ലക്ഷത്തിനും 5 ലക്ഷത്തിനുമിടയിൽ മാത്രമായി ചുരുങ്ങി.

ക്രിസ്ത്യാനികൾ ഒരു പ്രത്യേക പദവിയും ആഗ്രഹിക്കുന്നില്ല മറിച്ച് ദേശീയ ജീവിതത്തിൽ തുല്യ പങ്കാളിത്തം മാത്രമാണ് ആഗ്രഹിക്കുന്നത്. ഇസിഎൽജെ പറഞ്ഞു.

Source: www.disciplesnews.com

## ഗ്രീൻലാൻഡിൽനിന്നും വേർപെട്ട് കൂറ്റൻ മഞ്ഞുമല; കൂട്ടിയിടി ഭയന്ന് ശാസ്ത്രലോകം; ഉപഗ്രഹചിത്രം പുറത്ത്



ഗ്രീൻലാൻഡിന്റെ വടക്കുപടിഞ്ഞാറൻ തീരത്തുള്ള പീറ്റർമാൻ ഹിമാനിയിൽനിന്ന് വേർപെട്ട് സമുദ്രത്തിലൂടെ ഒഴുകിനടന്ന് ശാസ്ത്രജ്ഞരെപ്പോലും ഞെട്ടിക്കുന്ന ഒരു ഭീമൻ മഞ്ഞുമലയുടെ വാർത്തയാണ് ഇപ്പോൾ ശാസ്ത്രലോകത്ത്നിന്ന് പുറത്തുവരുന്നത്.

നാസ പകർത്തിയ ദൃശ്യത്തിൽ ഏകദേശം 75 ചതുരശ്ര കിലോമീറ്ററോളം വിസ്തൃതിയുള്ള ഈ ഭീമൻ മഞ്ഞുമല, ജോ ദ്വീപുമായി ശക്തിയായി കൂട്ടിയിടിച്ചിട്ടും തകരാതെ വീണ്ടും അതിന്റെ യാത്ര തുടരുന്നതായി കാണാം. ഒട്ടാവ സർവകലാശാലയിലെ ഗ്ലേഷ്യോളജിയിൽ ഡോക്ടറൽ വിദ്യാർത്ഥിയായ ആദം ഗാർബോ, യൂറോപ്യൻ ബഹിരാകാശ ഏജൻസിയുടെ സെന്റിനൽ-1 ദൗത്യത്തിൽനിന്നുള്ള ചിത്രങ്ങൾ സ്കാൻ ചെയ്യുന്നതിനിടെയായിരുന്നു ഈ ദൃശ്യങ്ങൾ കണ്ടെത്തുന്നത്.

സാധാരണയായി ഇത്രയും വലിയ മഞ്ഞുമലകൾ കരയിലോ ദ്വീപുകളിലോ വന്ന് ഇടിക്കുമ്പോൾ അവ വലിയ കഷണങ്ങളായി തകരുകയോ അല്ലെങ്കിൽ അവിടെത്തന്നെ ഉറച്ചുനിൽക്കുകയോ ആണ് പതിവ്, എന്നാൽ ഈ മഞ്ഞുമല ജോ ദ്വീപിൽവന്ന് ശക്തമായി ഉരസിയിട്ടും ഒരു കേടുപാടും സംഭവിച്ചില്ല. എന്നാൽ, ഈ കൂട്ടിയിടിമൂലം സമുദ്രത്തിലെ ജലപ്രവാഹങ്ങളിലും ചുറ്റുമുള്ള പരിസ്ഥിതിയിലും വലിയ മാറ്റങ്ങൾ ഉണ്ടായേക്കാമെന്ന് വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. മാത്രമല്ല, 2012-ൽ 130 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള ഒരു മഞ്ഞുമല പീറ്റർമാനിൽനിന്ന് വേർപെട്ടശേഷം പൊട്ടിപ്പുറപ്പെട്ട ഏറ്റവും വലിയ മഞ്ഞുമല കൂടിയാണ് ഇതെന്ന പ്രത്യേകതയുമുണ്ട്.

അതേസമയം, ഒരു കൗതുകം എന്നതിനപ്പുറം, ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും ധ്രുവപ്രദേശങ്ങളിലെ ഹിമാനികളെ എങ്ങനെ ബാധിക്കുന്നുവെന്നും, അവ സമുദ്രത്തിലൂടെ സഞ്ചരിക്കുമ്പോൾ എന്തെല്ലാം പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാമെന്നുമുള്ള വസ്തുത ഓർമ്മപ്പെടുത്തുകകൂടിയാണ് ഈ സംഭവം.

Source: www.manoramanews.com

(പേജ് 6 – ൽ നിന്നും)

ളുമായാണ്. വീണുപോയിരിക്കാം. തെറ്റിപ്പോയിരിക്കാം. സമയം നഷ്ടപ്പെടുത്തിയിരിക്കാം. എന്നാൽ പിതാവിന്റെ വാതിൽ അടഞ്ഞിട്ടില്ല. യേശുവിനോടൊപ്പം പുതിയൊരു ജീവിതം ആരംഭിക്കുമോ?

ലൂക്കൊസ് 15-ന്റെ കഥ ഇളയമകനിൽ അവസാനിക്കുന്നില്ല. വീട്ടിൽത്തന്നെയുണ്ടായിരുന്ന മൂത്തമകനും കഥയിലുണ്ട്. ഇളയമകൻ വീട്വിട്ട് പോയിരുന്നു. മൂത്തമകൻ വീട്ടിൽത്തന്നെയായിരുന്നു. പക്ഷേ അവന്റെയും ഹൃദയം പിതാവിൽനിന്ന് അകലെയായിരുന്നു. ഒരാൾ അകന്നുപോകുന്നത് പുറത്തു പോയിട്ടാകണമെന്നില്ല. സഭയിൽ ഇരിക്കാം. ആരാധനയിൽ പങ്കെടുക്കാം. ശുശ്രൂഷ ചെയ്യാം. വചനമറിയാം. പക്ഷേ ഹൃദയം ദൈവത്തിൽനിന്ന് അകന്നിരിക്കാം.

*സ്നേഹവാനായ പിതാവിനു രണ്ടു മക്കളും നഷ്ടപ്പെട്ടിരുന്നു. എന്നാൽ രണ്ടുപേരെയും യഥാസ്ഥാനപ്പെടുത്തുവാനാണ് പിതാവ് ശ്രമിച്ചത്. കാൽവരിയിൽ നമുക്കുവേണ്ടി രക്തം ഒഴുക്കി നമ്മെ സ്നേഹിച്ച യേശുക്രിസ്തുവിനു നാം വിചാരിക്കുന്നതിലുമപ്പുറം വിലപ്പെട്ടതാണ്. നാം നഷ്ടപ്പെടുന്നത് അവന് വേദനയാണ്. ഇന്ന് കർത്താവ് പ്രതീക്ഷയോടെ സ്വീകരിപ്പാൻ കാത്തിരിക്കുന്ന ആ ഇളയമകൻ ആണോ ഞാൻ? കൂടെ ജീവിച്ചിട്ടും പിതാവിന്റെ ഹൃദയം മനസ്സിലാക്കാൻ സാധിക്കാതെ പോയ ആ മൂത്തമകൻ ആണോ ഞാൻ? യഥാസ്ഥാനപ്പെടുത്തുവാൻ ദൈവം ആഗ്രഹിക്കുന്നു.*

ഭയം വേണ്ട. ശങ്കിക്കേണ്ട.

വാ അവങ്കൽ നീ ഇന്ന്.

■■■

(പേജ് 10 – ൽ നിന്നും)

ഹന്ന അതിന്റെ മികച്ച ഉദാഹരണമാണല്ലോ. മനുഷ്യരോട് പറയാൻ കഴിയാത്തത് ദൈവത്തോട് നമുക്ക് പറയാമല്ലോ. ആയതിനാൽ ആശയവിനിമയം ആഗ്രഹിക്കുന്ന നാം പ്രാർത്ഥിക്കുന്ന മനുഷ്യരായിരിക്കണം, നിരാശരായവരെ പ്രോത്സാഹിപ്പിക്കുന്നവർ ആയിരിക്കണം, തെറ്റിപ്പോയവരെ സ്നേഹത്തോടെ തിരുത്തുന്നവരാകണം, ക്ഷമിക്കുന്നവർ ആയിരിക്കണം.

ഇന്നത്തെ കാലഘട്ടത്തിൽ ഡിജിറ്റൽ ആശയവിനിമയം അതിപ്രധാനമാണല്ലോ. മൊബൈൽ ഫോൺ, വാട്സ്ആപ്പ്, സോഷ്യൽ മീഡിയ, ഇ-മെയിൽ തുടങ്ങിയ പ്ലാറ്റ്ഫോമുകൾ ഉപയോഗിക്കുമ്പോൾ ബൈബിൾ പഠിപ്പിക്കുന്ന തത്വങ്ങൾ പാലിക്കണം. തെറ്റായ വിവരങ്ങൾ പരിശോധിക്കാതെ പ്രചരിപ്പിക്കുന്നവർ ആകാതെ നാം ജീവിതമൂല്യങ്ങളെ കാത്തുസൂക്ഷിക്കുന്നവരാകണം. കൊലൊസ്യർ 4:6-ൽ പറയുന്നപ്രകാരം "നിങ്ങളുടെ വാക്കു എപ്പോഴും കൃപയോടുകൂടിയതും ഉപ്പിനാൽ രുചി വരുത്തിയതും ആയിരിക്കട്ടെ" നമ്മുടെ ആശയവിനിമയം എപ്പോഴും ക്രിസ്തുസ്നേഹത്തിന്റെ സാക്ഷ്യമുള്ളതും അർത്ഥപൂർണ്ണമായ ജീവിതത്തിന് ഉതകുമാറാകുന്നതും ആകട്ടെ.

■■■


## ഉപവാസപ്രാർത്ഥനയും ബൈബിൾ ക്ലാസ്സും

### ശനിയാഴ്ചകളിൽ അല്ലപ്ര മിഷൻസെന്ററിൽവെച്ച്

### ഏവർക്കും സ്വാഗതം.....





സുവിശേഷവേലയിലും കൂട്ടായ്മബന്ധത്തിലും താൽപര്യമുള്ള ഒരു ജീവിതപങ്കാളിയെ കണ്ടെത്തുവാൻ, ഗോസ്പൽ മെസഞ്ചർ വരിക്കാരായിട്ടുള്ളവർക്കു മാത്രം ഒരുക്കുന്ന പംക്തി. (വരിക്കാരല്ലാത്തവർ 200 രൂപ അടക്കുമ്പോൾ പരസ്യം പ്രസിദ്ധീകരിക്കുന്നത് കൂടാതെ ഒരു വർഷത്തേക്ക് ഗോസ്പൽ മെസഞ്ചർ മാസിക സൗജന്യമായി അയച്ചുതരുന്നതുമാണ്. ബയോഡാറ്റയും ഫോട്ടോയും താഴെ കൊടുത്തിരിക്കുന്ന സത്യപ്രസ്താവനയും ചേർത്ത് ഞങ്ങൾക്ക് അയച്ചുതരിക.

*ഞാൻ............ വർഷമായി/മാസമായി ക്രിസ്തീയ ജീവിതാനുഭവമുള്ള വ്യക്തിയാണ്. എന്റെ കുടുംബവും പ്രാർത്ഥനാനുഭവമുള്ളതാണ്. ദൈവകൃപയുള്ള ഒരു ജീവിതപങ്കാളിയെ ഞാൻ ആഗ്രഹിക്കുന്നു.*

യുവാവ്/ യുവതിയുടെ പേര് :........................................................................ ഒപ്പ്:.....................

# ആരോഗ്യവിചാരം

## ഫോൺ നോക്കിയാണോ കുട്ടി ഭക്ഷണം കഴിക്കുന്നത്? ഈ ശീലം മാറ്റാൻ ചില മാർഗ്ഗങ്ങൾ



രക്ഷിതാക്കളെ സംബന്ധിച്ച് ഏറ്റവും പ്രയാസമേറിയ ഒരു കാര്യമാണ് കുട്ടികളെ ഭക്ഷണം കഴിപ്പിക്കുക എന്നത്. ഇന്ന് ഫോണിലോ ടാബിലോ എന്തെങ്കിലും വീഡിയോ കാണിച്ചാലേ കുട്ടികൾ ഭക്ഷണം കഴിക്കൂ എന്നായിട്ടുണ്ട്. പല രക്ഷിതാക്കൾക്കും കുട്ടികൾ ഭക്ഷണം കഴിക്കാൻ സ്ക്രീൻ ഒരു എളുപ്പമാർഗ്ഗമാണ് എങ്കിലും പതിവായി ഇത്തരത്തിൽ സ്ക്രീനിനെ ആശ്രയിക്കുന്നതുമൂലം കുട്ടികൾ ഭക്ഷണം ശ്രദ്ധിക്കാതെയും വിശപ്പ് തിരിച്ചറിയാതെയും വയർ നിറഞ്ഞത് അറിയാതെയും പോകും.

ഭക്ഷണം കഴിക്കുമ്പോൾ സ്ക്രീനിൽ നോക്കാതിരിക്കുന്നത് ആരോഗ്യകരമായ ഭക്ഷണശീലങ്ങൾ രൂപപ്പെടുത്താനും ഭക്ഷണവുമായി നല്ല മൈൻഡ്ഫുൾ റിലേഷൻഷിപ്പ് ഉണ്ടാകാനും സഹായിക്കും.

**എന്തുകൊണ്ട് കുട്ടികൾ ഭക്ഷണം കഴിക്കുമ്പോൾ നിർബന്ധമായും ഫോൺ നോക്കുന്നു?**

ഫോണും ടാബ്ലറ്റും എല്ലാം വിനോദ ഉപാധികളാണ്. ഭക്ഷണസമയം ഫോൺ അല്ലെങ്കിൽ ടാബ് നോക്കുന്ന കുട്ടിക്ക് ക്രമേണ അത് ഒരു ദിനചര്യയായി മാറുന്നു. ഭക്ഷണം കഴിക്കുമ്പോൾ സ്ക്രീൻ നോക്കുന്നത് നിർബന്ധം ആയി മാറുന്നു. ഈ പ്രശ്നത്തെ ക്ഷമയോടെയും ഒരു നിശ്ചിത മാർഗ്ഗത്തോടെയും സമീപിക്കുന്നതാവും നല്ലത്.

**ഭക്ഷണസമയത്തെ സ്ക്രീൻടൈം കുറെക്കാൻ**

***ഭക്ഷണത്തിന് കൃത്യ സമയം നിശ്ചയിക്കാം.*** – കുട്ടികൾക്ക് ഭക്ഷണം കഴിക്കാൻ നിശ്ചിത സമയം ഉള്ളത് നല്ലതാണ്. ഇങ്ങനെയാവുമ്പോൾ ഈ സമയം ഭക്ഷണസമയമാണെന്ന് കുട്ടികൾക്ക് നേരത്തേതന്നെ മനസ്സിലാക്കാൻ കഴിയും. സ്ഥിരത പ്രധാനമാണ്. രക്ഷിതാക്കൾ പലപ്രാവശ്യം ഈ ദിനചര്യ ആവർത്തിക്കണം.

***നിങ്ങളുടെ കുട്ടിയോടൊപ്പം ഭക്ഷണം കഴിക്കാം*** – രക്ഷിതാക്കൾ കുട്ടിയോടൊപ്പം ഭക്ഷണം കഴിക്കൂ. കുടുംബമായി ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നത് ഭക്ഷണം കഴിപ്പിനെ കൂടുതൽ സാമൂഹ്യവും ആസ്വദിക്കത്തക്കതും ആക്കുന്നു. രക്ഷിതാക്കൾ ഫോൺ നോക്കാതെ ഭക്ഷണം കഴിക്കുന്നത് കാണുമ്പോൾ, ഭക്ഷണസമയം എന്നാൽ ഭക്ഷണം കഴിക്കുന്നതിനും സംസാരിക്കുന്നതിനും ഉള്ള സമയമാണ് എന്ന ബോധ്യം കുട്ടിക്കുണ്ടാക്കും. കുടുംബത്തിലെ എല്ലാവരുമായുള്ള സംസാരത്തിൽ കുട്ടിയെയും ഉൾപ്പെടുത്താം.

***കുട്ടികൾ സാവധാനം കഴിക്കട്ടെ*** – ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ കുട്ടിയോട് വേഗം കഴിക്ക് എന്ന് തിരക്കുകൂട്ടുന്നത് കുട്ടിയെ ഭക്ഷണസമയം സമ്മർദമുള്ളതാക്കും. കുട്ടിക്ക് ഭക്ഷണം കഴിക്കാൻ അവരുടേതായ സമയം കൊടുക്കുന്നത് ഭക്ഷണം രുചിച്ച് കഴിക്കാനും വയറു നിറഞ്ഞോ, വിശപ്പുണ്ടോ എന്നൊക്കെ തിരിച്ചറിയാനും സഹായിക്കും. സ്കീൻ നോക്കി ഭക്ഷണം കഴിക്കുന്ന ശിലം പെട്ടെന്ന് ഒരു രാത്രികൊണ്ടൊന്നും മാറില്ല. വീഡിയോകൾ കണ്ടുകൊണ്ട് ഭക്ഷണം കഴിക്കാൻ ശീലിച്ച കുട്ടി ഫോൺ കിട്ടാതെവരുമ്പോൾ ആദ്യമൊക്കെ എതിർപ്പ് പ്രകടിപ്പിച്ചേക്കാം.

പെട്ടെന്ന് മാറ്റം ഉണ്ടാക്കുന്നതിനെക്കാൾ രക്ഷിതാക്കൾ ശ്രദ്ധകൊടുക്കേണ്ടത് സ്ഥിരതക്കാണ്. സ്ക്രീൻ നോക്കാതെയുള്ള ഓരോ ഭക്ഷണസമയവും വിജയമായി കാണണം. എന്നാൽ പൂർണ്ണമായും സ്ക്രീൻ നിരോധിക്കുക എന്നല്ല അർത്ഥം. എന്നത് ഏറെ പ്രധാനമാണ്. പകരം എപ്പോൾ, എവിടെയാണ് ഫോൺ, ടാബ്ലറ്റ് പോലുള്ള ഉപകരണങ്ങൾ ഉപയോഗിക്കേണ്ടത് എന്നതിന് കൃത്യമായ ബൗണ്ടറി നിർദേശിക്കുക. ഇത് ആരോഗ്യശീലങ്ങൾ വളർത്തിയെടുക്കാൻ കുട്ടികളെ സഹായിക്കും. നിങ്ങളുടെ കുട്ടി തുടർച്ചയായി ഭക്ഷണം കഴിക്കാൻ താൽപര്യപ്പെടുന്നില്ലെങ്കിലോ, പ്രയാസപ്പെടുന്നുവെങ്കിലോ വളർച്ചക്കുറവ് ഉണ്ടെങ്കിലോ ചില ഭക്ഷണങ്ങൾ മാത്രമേ കഴിക്കൂ. ചിലത് കഴിക്കില്ല എന്ന് നിർബന്ധം പറയുന്നെങ്കിലോ ഒരു ശിശുരോഗവിദഗ്ദ്ധനോടോ ക്വാളിഫൈഡ് ആയ ഒരു ചൈൽഡ് ന്യൂട്രിഷൻ പ്രഫഷനലിനോടോ സംസാരിക്കുക.

www.manoramaonline.com

ഭാഗം : 10

# ബൈബിൾ ക്വിസ് OCT 2026



(1 രാജാക്കന്മാർ, വെളിപ്പാട്, GM സെപ്റ്റംബർ 2026)

1. വിവേകം ആവശ്യപ്പെട്ട ശലോമോന് ദൈവം അധികമായി നൽകിയത് എന്തെല്ലാം?
2. തനിക്കു അല്പകാലമേ ഉള്ളൂ എന്ന് അറിഞ്ഞ് മഹാക്രോധത്തോടെ ഇറങ്ങിവന്നിരിക്കുന്നത് ആര് ?
3. കർത്താവിന്റെ ചട്ടങ്ങളും കല്പനകളും പ്രമാണിച്ച് അവന്റെ വഴികളിൽ നടന്നാൽ എന്ത് ലഭിക്കും?
4. ആൺകുട്ടിയെ പ്രസവിച്ച സ്ത്രീയെ ഉപദ്രവിച്ചത് ആര് ?
5. 'അയ്യോ എന്റെ തമ്പുരാനേ ജീവനുള്ള കുഞ്ഞിനെ കൊല്ലരുതേ' എന്ന് നിലവിളിച്ച് പറഞ്ഞത് ആര് ?
6. ആത്മനിവേശിതരെ ഉത്പാദിപ്പിക്കുന്നത് ആര് ?
7. ന്യായപാലനം ചെയ്യാൻ ശലോമോൻരാജാവിന്റെ ഉള്ളിൽ ഉണ്ടായിരുന്നത് എന്ത് ?
8. മരുഭൂമിയിൽ തന്റെ സ്ഥലത്തേക്ക് പറന്നുപോകേണ്ടതിന്ന് എന്തിന്റെ ചിറകാണ് സ്ത്രീക്ക് ലഭിച്ചത് ?

*ശരിയുത്തരങ്ങൾ തപാൽ / ഇ-മെയിൽ / വാട്ട്സാപ്പ് മുഖേന അതാതു മാസം 20-ാം തീയതിക്കുള്ളിൽ ഇ.ജി.എം. ഓഫ് ഇന്ത്യയുടെ ഓഫീസിൽ ലഭിക്കത്തക്കവിധം അയക്കുവാൻ ശ്രദ്ധിക്കുമല്ലോ. ശേഷം ലഭിക്കുന്നവ പരിഗണിക്കുന്നതല്ല.*

9. ശലോമോൻരാജാവിന്റെ സ്നേഹിതനും പുരോഹിതനും ആയിരുന്നത് ആര് ?
10. മഹാസർപ്പത്തിന്റെ ആക്രമണത്തിൽനിന്ന് രക്ഷനേടാൻ സ്ത്രീക്ക് തുണനിന്നത് ആര് ?

## ബൈബിൾ ക്വിസ് 2026 - ഭാഗം 9 ശരിയുത്തരങ്ങൾ

1. പൂജാഗിരികളിൽവെച്ച് (1 രാജാക്കന്മാർ 3:2)
2. മീഖായേലും അവന്റെ ദൂതന്മാരും (വെളിപ്പാട് 12:7)
3. ശലോമോൻരാജാവ് (1 രാജാക്കന്മാർ 3:3)
4. മഹാസർപ്പത്തിന്റെ (വെളിപ്പാട് 12:8)
5. ദൈവം ശലോമോനോട് (1 രാജാക്കന്മാർ 3:5)
6. മഹാന്മാരായ സ്ത്രീപുരുഷന്മാർ (ജിഎം ആഗസ്റ്റ് 2026 പേജ് 12)
7. ശലോമോന്റെ (1 രാജാക്കന്മാർ 3:7)
8. പഴയ പാമ്പ് (വെളിപ്പാട് 12:9)
9. ശലോമോൻ (1 രാജാക്കന്മാർ 3:9)
10. അപവാദി (വെളിപ്പാട് 12:10)

## ഭാഗം-8 ശരിയുത്തരങ്ങൾ അയച്ചുതന്നവർ

സുജ നെൽസൺ, തങ്കച്ചി വർഗീസ്, തങ്കമ്മ ഔസേഫ്, ജാൻസി ജോൺ, ബിനി റെജി

# പ്രവർത്തകരെ ബന്ധപ്പെടാം

## GOSPEL TEAM

GOSPEL TEAM SECRETARY

A.V. BENNY : 99460 53470

ORGANIZER

M.O. JOSE : 86067 04376

## ZONAL SECRETARIES

P.V. JOSEPH : 94465 96654

C.K. ABRAHAM : 94478 74276

JANCY VARGHESE : 94465 23654

VALSA KURIAKOSE : 94972 80050

CHINNU RAJAN : 99953 29889

## ഓഫീസ് OFFICE TIME : 9.30 am - 6.00 pm

Address : E. G. M. OF INDIA, MISSION CENTRE, ALLAPRA P.O, ALLAPRA, ERNAKULAM (DIST), KERALA - 683556

Phone : (+91) 8281616654 (Whatsapp)

E-mail : egmofindia@gmail.com

Website : www.egmofindia.com

**Dr. V. P. MATHAI VALAYIL**
Phone : (+91) 9447707654
E-mail : vpmathaivalayil@gmail.com

# ഗോസ്പൽ ടീം
## അംഗങ്ങൾ


ശ്രീ. എ. വി. ബെന്നി


ശ്രീ. ജോസ് എം. ഒ.


ശ്രീ. വി. ഡി. എൽദോസ്


ശ്രീ. പി. എം. എൽദോസ്


ശ്രീ. പി. എം. ബേബി


ശ്രീ. ബേബി എം. ജി.


ശ്രീ. എൽദോ വർഗ്ഗീസ്


ശ്രീ. ബേബി പി. വൈ.


ശ്രീ. സനോജ് പി. ജോസ്


ശ്രീ. മത്തായി എം. പോൾ

## പ്രെയർ ടവർ



നമ്മുടെ മിഷന്റെ ഗാർഡിയൻ പ്രെയർ സെല്ലിന്റെ ഭാഗമായി നമ്മൾ ആരംഭിച്ചിരിക്കുന്നതാണ് **'പ്രെയർ ടവർ'**. ദൈവമക്കൾ മിഷൻസെന്ററിൽ ഒരുമിച്ചിരുന്ന് **10 am** മുതൽ **1 pm** വരെ ലഭിക്കുന്ന പ്രാർത്ഥനാവിഷയങ്ങൾക്കായി പ്രാർത്ഥിക്കുന്നു.

കൂടാതെ ദിവസത്തിൽ അരമണിക്കൂർ സമയം വീട്ടിലിരുന്ന് പ്രാർത്ഥിക്കുവാൻ താത്പര്യമുള്ള ദൈവമക്കൾക്ക് പ്രാർത്ഥനാവിഷയങ്ങൾ അയച്ചു തരുന്നതാണ്. അതിനായി പേരും അഡ്രസ്സും പ്രാർത്ഥനക്ക് തിരഞ്ഞെടുക്കുന്ന സമയവും വാട്സാപ് നമ്പറും മിഷന്റെ ഓഫീസ് നമ്പറായ +91 8281 616654 എന്ന നമ്പറിലേക്ക് അയച്ചുതന്നാൽ മതിയാകും. ഏതു വിധത്തിലും നമ്മുടെ മിഷന്റെ പ്രെയർ ടീമിന്റെ ഭാഗമാകാൻ താങ്കളെ സ്നേഹപൂർവ്വം നിർബന്ധിക്കുന്നു.

എന്ന്,

**ഡയറക്ടർ**

## ഫെയ്സ്ബുക്ക് പേജ്

www.facebook.com/egmofindia

## സൺഡേ ഡിവോഷൻ

എല്ലാ ഞായറാഴ്ച്ചയും തിരുവചനഭാഗത്ത്
നിന്നുള്ള ധ്യാനചിന്തകൾ



# എങ്ങനെ സഹായിക്കാം?

## സുവിശേഷവേലയിൽ

### പ്രതിമാസ പങ്കാളിത്തം (monthly)

ഒരു സ്റ്റേറ്റിലെ മിഷൻ പ്രവർത്തനങ്ങൾക്ക്
Support for the works in a Mission field : ₹ 15,000/

ഒരു മിഷനറിയുടെ സന്ധാരണത്തിന്
support for a Missionary : ₹ 5,000/

ഒരു ഗ്രാമത്തിന്റെ സുവിശേഷീകരണത്തിന്
Evangelisation of a village : ₹ 2,500/

ബൈബിൾ, സുവിശേഷപ്രതികൾക്ക്
Distribution of Bible, Tracts etc. : ₹ 500/

### മറ്റു ആവശ്യങ്ങൾ (other needs)

ഒരു ആരാധനാലയം നിർമ്മിക്കുവാൻ
Construction of a Church : ₹ 10,00,000/

ഗ്രാമത്തിൽ ഒരു പ്രേയർ ഹാൾ
Construction of a Prayer Hall in a village : ₹ 4,00,000/

ഫീൽഡിലേക്ക് ഒരു ടൂവീലർ
Buy a twowheeler to the Mission field : ₹ 1,00,000/

ഫീൽഡിലേക്ക് ഒരു സൈക്കിൾ
Buy a cycle to the Mission field : ₹ 5,000/

## കാരുണ്യപ്രവർത്തനത്തിൽ

80 G ഇളവ് ഉണ്ടായിരിക്കുന്നതാണ്

### പ്രതിമാസ പങ്കാളിത്തം (monthly)

ട്രൈബൽ വില്ലേജിലെ ഉച്ചഭക്ഷണം
Distribute Lunch In Tribal school : ₹ 5,000/

മെഡിസിൻ വിതരണത്തിന്
Distribution of medicine : ₹ 1000/

ഒരു ബി. പി. എൽ കുടുംബത്തിലേക്കുള്ള പാലിയേറ്റീവ് സേവനങ്ങൾക്ക്
Palliative Care for a BPL Family : ₹ 1,000/

ഒരു മിഷനറിയുടെ ഒരു കുട്ടിയുടെ വിദ്യാഭ്യാസച്ചിലവ്
Support : ₹ 1,700/

വിദ്യാഭ്യാസ സഹായം
Educational help : ₹ 500/

### മറ്റു ആവശ്യങ്ങൾ (other needs)

ഒരു വീട് നിർമ്മിക്കുവാൻ
Construction of a house for the poor : ₹ 4,00,000/

സ്കൂൾ യൂണിഫോമും, ബാഗും, ഷൂസും അടങ്ങുന്ന കിറ്റ്
school uniform, bag & shoes : ₹ 1,500/

## ബാങ്ക് വിവരങ്ങൾ

**Name : EGM OF INDIA  A/c No : 337 572 223 61**

**Name : MATHAI V.P.  A/c No : 303 940 841 48**

**State Bank of India**
**Perumbavoor**
**IFSC: SBIN0008661**
**SWIFT: SBININBB395**

UPI ID: egmofindia@sbi

## ബാങ്ക് വിവരങ്ങൾ

**Name: HELP INDIA MISSION**
**A/c No: 100 302 000 284 26**
**Name: MATHAI V.P.  A/c No: 100 301 005 826 13**

**Federal Bank**
**Perumbavoor**
**IFSC: FDRL0001003**
**SWIFT: FDRLINBBIBD**

UPI ID: helpindia1@fbl

## (ചിലവുകൾ പൂർണ്ണമായോ ഭാഗികമായോ ഏറ്റെടുക്കാവുന്നതാണ്.)

**പണമയക്കുന്നവരുടെ ശ്രദ്ധയ്ക്ക്**

- 2000/- രൂപക്ക് മുകളിലുള്ള തുക ചെക്കായോ, ഡ്രാഫ്റ്റായോ, നേരിട്ട് ബാങ്കിലേക്കോ, ഇന്റർനെറ്റ് മുഖേനയോ അയക്കേണ്ടതാണ്.
- 500 രൂപയിൽ താഴെ സംഭാവന അയക്കുന്നവർ തുക മണി ഓർഡറായി അയക്കുന്നത് സൗകര്യമാണ്.
- പണം അയക്കുന്നവർ അവരുടെ ഫോൺ നമ്പർ കൂടി അറിയിച്ചാൽ, പണം ലഭിച്ച വിവരം ഉടൻ വിളിച്ചറിയിക്കാൻ സാധിക്കും.
- പണം അയച്ച് ഒരു മാസത്തിനുള്ളിൽ മറുപടി ലഭിച്ചില്ലെങ്കിൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാകുന്നു.

നേരിട്ട് ബാങ്കിലേക്കോ ഇന്റർനെറ്റ് മുഖേനയോ പണം അയക്കുന്നവർ നിർബന്ധമായും SMS / Email / Telephone / Letter / WhatsApp ഇതിൽ ഏതെങ്കിലും വിധത്തിൽ ഓഫീസിൽ വിവരം അറിയിക്കാത്തപക്ഷം കൃത്യമായി അക്കൗണ്ട് ചെയ്യുവാനോ നിങ്ങളെ വിവരമറിയിക്കുവാനോ സാധിക്കാതെ പോകും. ഇക്കാര്യത്തിൽ സഹായിക്കണമേ. (Ph: +91 8281616654)

# E.G.M. OF INDIA

# ക്രിസ്മസ് സ്നേഹം







പ്രിയ ദൈവമക്കളേ,

താങ്കളും കുടുംബവും കർത്താവിന്റെ കൃപയിലും സമാധാനത്തിലും ആരോഗ്യത്തിലും ആയിരിക്കുന്നുവെന്ന് പ്രത്യാശിക്കുന്നു. ക്രിസ്മസ് നമ്മെ ഓർമ്മിപ്പിക്കുന്നത് ദൈവത്തിന്റെ അളവറ്റ സ്നേഹമാണ്. നമ്മുടെ രക്ഷക്കായി കർത്താവായ യേശുക്രിസ്തു ഭൂമിയിലേക്ക് വന്നതിന്റെ സന്തോഷമാണ് നമ്മിൽ ഉണരുന്നത്. ക്രിസ്മസ്കാലം അടുത്തുവരുന്ന ഈ അവസരത്തിൽ, കർത്താവിന്റെ സ്നേഹവും സമാധാനവും നമ്മുടെ ഹൃദയങ്ങളിലും ഭവനങ്ങളിലും നിറയട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## ഗ്രാമങ്ങളിലെ കുഞ്ഞുങ്ങളിലേക്ക്

നമ്മുടെ വീടുകളിൽ ക്രിസ്മസ് ആഘോഷങ്ങൾ നടക്കുമ്പോൾ, ഭാരതത്തിന്റെ വിദൂരഗ്രാമങ്ങളിലും വനമേഖലകളിലും കഴിയുന്ന അനേകം കുട്ടികൾക്ക് ഈ സന്തോഷം ഇന്നും അകലെയാണ്. ഒരു ചെറിയ സമ്മാനംപോലും അവരുടെ ജീവിതത്തിൽ വലിയ സന്തോഷവും പ്രത്യാശയും പകരുന്നതാണ്. ഈ വർഷം, ഭാരതസുവിശേഷീകരണത്തിനായി പ്രവർത്തിക്കുന്ന ഇ.ജി.എം. ഓഫ് ഇന്ത്യ, അത്തരം കുട്ടികളിലേക്ക് ക്രിസ്മസ് സന്തോഷം എത്തിക്കുവാൻ ആഗ്രഹിക്കുന്നു. ഉൾഗ്രാമങ്ങളിലെ ഓരോ കുട്ടിക്കും ക്രിസ്മസ് സമ്മാനം നൽകുകയും, അതോടൊപ്പം യേശുക്രിസ്തുവിന്റെ ജനനത്തിന്റെ സുവിശേഷവും ദൈവസ്നേഹത്തിന്റെ സന്ദേശവും പങ്കുവെക്കുകയുമാണ് നമ്മുടെ ലക്ഷ്യം.

## നിങ്ങളുടെ പങ്കാളിത്തം

ഒരു കുട്ടിക്ക് 500 രൂപയോ അതിന്റെ ഗുണിതങ്ങളായ തുകയോ സംഭാവനയായി നൽകി താങ്കൾക്കും കുടുംബത്തിനും ഈ പദ്ധതിയിൽ പങ്കുചേരാം. നിങ്ങളുടെ ഓരോ സംഭാവനയും ഒരു കുഞ്ഞിന്റെ മുഖത്ത് പുഞ്ചിരിയും ഹൃദയത്തിൽ പ്രത്യാശയും പകരും. താഴെ നൽകിയിരിക്കുന്ന അക്കൗണ്ടിലേക്ക് തുക അയച്ച് ഈ ശുശ്രൂഷയിൽ പങ്കാളികളാകണമേ. ഡിസംബർ 5–ാം തീയതിക്ക് മുമ്പായി സംഭാവനകൾ അയക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. കൂടുതൽ കുട്ടികളിലേക്ക് ഈ സന്തോഷം എത്തിക്കുവാൻ നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു. ഈ ക്രിസ്മസിൽ നമുക്ക് ആഘോഷിക്കുക മാത്രമല്ല, പങ്കുവെക്കുകയും ചെയ്യാം. നമ്മുടെ ചെറിയൊരു സ്നേഹപ്രവർത്തനം ഒരു കുഞ്ഞിന്റെ ജീവിതത്തിൽ വലിയ അനുഗ്രഹമായി മാറട്ടെ. ദൈവം നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

എന്ന്, കർത്തൃ ശുശ്രൂഷയിൽ,

ഡോ. വി. പി. മത്തായി വാലയിൽ

| | |
|---|---|
| A/C Name : EGM OF INDIA | A/C Name : V. P. MATHAI VALAYIL |
| A/C NO : 100 301 005 417 42 | A/C NO : 303 940 841 48 |
| Federal Bank, Perumbavoor | SBI, Perumbavoor (Official) |
| IFSC : FDRL0001003 | IFSC : SBIN0008661 |

G Pay

EGM OF INDIA
+91 91883 79654

UPI ID: egmofindia@sbi

**Call/Whatsapp : 8281616654 | 9447707654**

പണം അയക്കുന്നവർ നിർബന്ധമായും പേരും മേൽവിലാസവും അയച്ച തുകയും കാണിച്ച് വാട്ട്സ്ആപ്പ്/ ഇ-മെയിൽ/ S.M.S/ കത്ത് അയക്കുകയോ ചെയ്ത് അക്കൗണ്ടിംഗിന് സഹായിക്കുമല്ലോ. 5 ദിവസത്തിനകം Whatsapp/ Phone Call മുഖേന രസീത് വരാതിരുന്നാൽ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. *2000 രൂപയ്ക്ക് മുകളിലുള്ള തുക ചെക്ക്/ ഡ്രാഫ്റ്റ്/ നേരിട്ട് ബാങ്കിലേക്ക്/ ഇന്റർനെറ്റ് മുഖേന അയക്കേണ്ടതാണ്.*

**പണം അയക്കേണ്ട വിലാസം**

E.G.M. OF INDIA, Mission Centre, Allapra P.O, Allapra, Ernakulam Dist., Kerala - 683 556

RNI Reg. No. KERMAL/2009/34305

GOSPEL MESSENGER MONTHLY വരിസംഖ്യ : ₹ 200 (1 വർഷം), ₹ 500 (3 വർഷം), ₹ 800 (5 വർഷം)

# MORNING FELLOWSHIP

**എല്ലാ ദിവസവും**
**5.40 am - 6.40 am**

**Google Meet**
**Meeting Code : iib-yyvd-seq**

# രക്ഷാസന്ദേശം

## ടി. വി പ്രോഗ്രാം

POWERVISION

പവർവിഷൻ ചാനലിൽ
**ബുധനാഴ്ച** രാത്രി 9 ന്



**യൂട്യൂബ് ചാനൽ സന്ദർശിക്കുക**

www.youtube.com/egmof india Subscribe

www.facebook.com/egmofindia

ഇ. ജി. എം. ഓഫ് ഇന്ത്യയുടെ വിവിധ പ്രോഗ്രാമുകൾ YouTube ചാനലിൽ ലഭ്യമാണ്.

Printed, Published and Owned by V.P. Mathai, Printed at Don Bosco IGACT, Vennala P.O., Kochi - 682 028
and Published from Ecumenical Gospel Mission of India, P.B. No. 57, P.P. Road, Perumbavoor, Ekm - 683 542
Editor : Baby George, Ecumenical Gospel Mission of India, Perumbavoor.